Reg. No. C. 101 M 2293

ഒററപ്രതിക്ക 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 23 | 1125 മേടം 20—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 മേയ് 3 | ലക്കം 34 |
|---|---|---|

## കമ്മ്യൂണിസ്ററുകളെ സ്നേഹിക്കുക*

"നാം കമ്മ്യൂണിസത്തെ വെറുക്കണം; എന്തുകൊണ്ടെന്നാൽ അതു പൈശാചികമാംവിധം ഹീനമാണ്. പക്ഷേ കമ്മ്യൂണിസ്റ്റ്കളെ നാം സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ അവർ മനുഷ്യരും ദൈവത്തിൻെറ ഓമനപ്പുത്രരായി തീരാവുന്നവരുമത്രെ."

(കെ. ററി. സെബാസ്റ്റ്യൻ ബി. എ)


ഫ്റെഡറിക്ക് ഹേഗൽ സമാപ്തവദീതനായി പത്തു സംവത്സരം കഴിഞ്ഞപ്പോഴത്രെ കാൾമാർക്സ് തത്വശാസ്ത്രം അഭ്യസനാത്ഥം ബർലിൻ സർവ്വകലാശാലയിൽ പ്രവേശിച്ചതു്. ഹേഗലിൻെറ തത്വശാസ്ത്രം പഠിക്കുവാൻ അവിടെ അദ്ദേഹം നിർബന്ധിതനായി. ഹേഗലിൻെറ തത്വശാസ്ത്രത്തിലെ പുതിയ ന്യായസമ്പ്രദായം — dialectics — മാർക്സിനെ വല്ലാതെ ആകർഷിച്ചു. "ഞാൻ ദൈവങ്ങളെ വെറുക്കുന്നു," ഡോക്ടർ ബിരുദത്തിനായി 1811 ൽ സർവ്വകലാശാലാധികൃതർക്കു് സമർപ്പിച്ച പ്രബന്ധത്തിൽ അദ്ദേഹം എഴുതി. ആ വർഷം തന്നെ ജർമ്മനിയിൽ പ്രസിദ്ധീകൃതമായ മറെറാരു പുസ്തകമത്രെ ഫ്യൂവർബാഷിൻെറ "ക്രിസ്തുമതത്തിൻെറ കാതൽ" (The Essence of Christianity). പ്രസ്തുതപുസ്തകം ഈശ്വരാസ്തിക്യത്തെ നിഷേധിക്കുകയും പദാത്ഥവാദത്തെ താലോലിക്കുകയുംചെയ്തു. മാർക്സ് പ്രസ്തുത പുസ്തകം അത്യാത്തിയോടെ വായിച്ചു തീർത്തു. ഒരു ഗംഭീരാശയം എന്നു് മാർക്സിനു തോന്നിയ ഒന്നിലേക്കു് അദ്ദേഹം അടുത്തതായി കൈവച്ചു. അദ്ദേഹം പറഞ്ഞു, "എല്ലാ യാഥാത്ഥ്യങ്ങളും വിപ്ലവാത്മകമത്രേ. സമുദായവ്യവസ്ഥിതി തന്നെയും മാത്സര്യത്തിലാണു്. സമുദായം പരിണാമാത്മകമത്രേ. മാത്സര്യത്തിൽനിന്നും അവസാനവിപ്ലവം ഉണ്ടാകുന്നു." ഇതു കമ്മ്യൂണിസത്തിൻെറ പുറപ്പാടായിരുന്നു.

### "മനുഷ്യനു ആത്മാവുണ്ടെന്നതിനെ ഞങ്ങൾ നിഷേധിക്കുന്നു"

ഇതായിരുന്നു കമ്മ്യൂണിസത്തിൻെറ പുതിയ തത്വസംഹിത. ഈ തത്വസംഹിത പൂർണ്ണമായിരുന്നു. മനുഷ്യൻ, സ്വാതന്ത്ര്യം, മതം, സന്മാർഗ്ഗം ഇവ സംബന്ധിച്ചു് അതിനു് ചില പ്രത്യേക സിദ്ധാന്തങ്ങൾ ഉണ്ടായിരുന്നു. ചില ഉദാഹരണങ്ങൾമാത്രം താഴെ കുറിക്കുന്നു.

### മനുഷ്യൻ

മാർക്സ് പറയുന്നു: മനുഷ്യനു് അവനാൽത്തന്നെ ഒരു മൂല്യവും ഇല്ല. വിപ്ലവചേരിയിലെ ഒരംഗം എന്ന നിലയിൽ മാത്രമേ അവനു വിലയുള്ളൂ. വിപ്ലവചേരിയിൽനിന്നും മനുഷ്യൻ മാറുമ്പോൾ അവൻെറ മൂല്യവും ഇല്ലാതാകുന്നു. ഈ ലോകത്തിലുള്ള ഓരോ വ്യക്തിക്കും മൂല്യമുണ്ടെന്നുള്ളതു പ്രജായത്തത്തിൻെറ കാതലാണു്. പ്രജായത്തതത്വം ആകട്ടെ മനുഷ്യനു് ആത്മാവുണ്ടെന്നുള്ള ക്രിസ്തീയസിദ്ധാന്തത്തിൽനിന്നും ഉടലെടുത്തതാണു്. ഞങ്ങൾ പറയുന്ന മനുഷ്യനു് ആത്മാവില്ലെന്നു്. ഒരു വർഗ്ഗത്തിലെ അംഗമെന്ന നിലവിട്ടു് മനുഷ്യനു് എന്തെങ്കിലും വിലയുണ്ടെന്നുള്ളതിനെ ഞങ്ങൾ നിഷേധിക്കുന്നു.



റവ. ഫാ. ജോസഫ് പെരുന്നോലിയുടെ നേതൃത്വത്തിൽ പ്രശസ്തമായി നടത്തപ്പെടുന്ന തിടനാട്ട് സെൻറ് ജോസഫ്സ് സൺഡേസ്കൂളിലെ വിദ്യാത്ഥിനിവിദ്യാത്ഥികളും അദ്ധ്യാപികാദ്ധ്യാപകന്മാരും.

### "എല്ലാം സന്മാർഗ്ഗം" മാർക്സ്

ഹെയ്‌വുഡ് ബ്രൗണിൻെറ സ്നേഹിതനും "Daily Worker" എന്ന കമ്മ്യൂണിസ്റ്റ് പത്രത്തിലെ ഒരു കാർട്ടൂണിസ്റ്റുമായ ഒരു കമ്മ്യൂണിസ്റ്റ് പ്രവത്തകൻ കാൻസർ രോഗം പിടിപെട്ടു് നിരാധാരനായി കിടക്കുകയായിരുന്നു. ബ്രൗൺ സ്നേഹിതനുവേണ്ടി പത്രക്കാരോടു സഹായം അഭ്യത്ഥിച്ചു. "ആ മനുഷ്യനെക്കൊണ്ടു് ഇനി പാർട്ടിക്കു് യാതൊ

---

* മോൺ. ഫുൾട്ടൺ ജെ. ഷീൻ മെൽബോണിൽ ചെയ്ത ഒരു പ്രസംഗത്തെ ആധാരമാക്കി രചിച്ചതു്.

ഒരു പ്രയോജനവും ഇല്ല. അയാൾക്കിനി വിപ്ലവപ്രസ്ഥാനത്തെ സഹായിക്കുവാൻ സാദ്ധ്യമല്ല" എന്നു പറഞ്ഞുകൊണ്ടു് പത്രമാഫീസിലുള്ളവർ ബ്രൗണിന്റെ സഹായാഭ്യർത്ഥനയെ നിരസിക്കുകയാണുണ്ടായതു്. ഹെയ്‌വുഡ് ബ്രൗൺ കത്തോലിക്കാസിദ്ധാന്തങ്ങൾ പഠിച്ചുകൊണ്ടിരിക്കുമ്പോൾ മോൺ. ഷീനിനോടു പറഞ്ഞതാണു് ഈ സംഭവം. മാർക്സ് പറയുന്നു:- സന്മാർഗ്ഗപരമായിട്ടുള്ള ആശയങ്ങൾ എല്ലാം സ്വത്തിനെ സംബന്ധിച്ചുള്ള ചില അബദ്ധധാരണകളിൽനിന്നും ഉൽഭവിച്ചിട്ടുള്ളതത്രേ. എല്ലാ നിയമങ്ങളും സ്വകാര്യസ്വത്തിന്റെ സംരക്ഷണാർത്ഥം ഉണ്ടായിട്ടുള്ളതത്രേ. ഉദാ:- "നീ മോഷ്ടിക്കരുതു്. നീ നിന്റെ അയൽക്കാരന്റെ ഭാര്യയെ ആഗ്രഹിക്കരുതു്." അതുകൊണ്ടു് സ്വകാര്യസ്വത്തിനെ എടുത്തു ദൂരെ കളയുക. അപ്പോൾ നിങ്ങൾക്കു് ഇമ്മാതിരി യാതൊരു സന്മാർഗ്ഗത്തിന്റെയും ആവശ്യം ഉണ്ടാവുകയില്ല.

### അനുവദനീയമായിട്ടുള്ളതെന്തെല്ലാം?

ലെനിൻ പറയുന്നു, "ഏതുമാതിരി ചതിയും, കള്ളവും അക്രമവും കമ്മ്യൂണിസത്തിൽ അനുവദനീയമാണു്." സ്റ്റാലിൻ പറയുന്നു, "കമ്മ്യൂണിസം അക്രമത്തിൽ അധിഷ്ഠിതമാണു്. അതു നിയമത്തെ അംഗീകരിക്കുന്നില്ല. യാതൊരു ചുമതലയും അതിന്റെ പ്രവർത്തനപരിധി നിശ്ചയിക്കുന്നുമില്ല."

### സ്വാതന്ത്ര്യം

സ്വാതന്ത്ര്യം എന്നാൽ എന്തും ചെയ്യുവാനുള്ള അവകാശം എന്നതായിരുന്നു പഴയ ലിബറൽ ആശയഗതി. മാർക്സും അദ്ദേഹത്തിന്റെ സ്നേഹിതൻ എംഗൽസും ഇതിനെതിരായി പടവെട്ടി. സ്വാതന്ത്ര്യം എന്നാൽ എന്തും ചെയ്യുവാനുള്ള അവകാശം എന്ന പഴയ ലിബറൽ ആശയം കമ്മ്യൂണിസത്തിനു് എതിരായിരുന്നു. എംഗൽസു പറഞ്ഞു, "നിങ്ങൾക്കു് ചെയ്യേണ്ടതു് ചെയ്യുവാനുള്ള അവകാശമത്രെ സ്വാതന്ത്ര്യം!"

### മതം

കമ്മ്യൂണിസം മതത്തിനെതിരല്ലെന്നു് ഒരുത്തരും പറയുകയില്ല. മാർക്സ് കമ്മ്യൂണിസ്റ്റാകുന്നതിനുമുമ്പേ നിരീശ്വരനായി. നിരീശ്വരത്വം തുടങ്ങുന്നിടത്തു് കമ്മ്യൂണിസവും തുടങ്ങുമെന്നു് മാർക്സ് പറയുന്നു. ഈശ്വരന്റെ സ്ഥാനത്തു് മനുഷ്യനെ പ്രതിഷ്ഠിക്കാനായിരുന്നു മാർക്സിന്റെ ശ്രമം. മനുഷ്യൻ മററാരെയും ആശ്രയിക്കാതിരിക്കുന്നിടത്തോളം കാലം ഈശ്വരന്റെ സ്ഥാനത്തു് മനുഷ്യനെ പ്രതിഷ്ഠിക്കാം. മാർക്സു് പറയുന്നു:—സ്വകാര്യസ്വത്തു് മനുഷ്യനെ തൊഴിലിനടിമയാക്കിവയ്ക്കുന്നു. മതം മനുഷ്യനെ ദൈവത്തിനടിമയാക്കിവയ്ക്കുന്നു. സ്വകാര്യസ്വത്തും ഈശ്വരനും നിഷ്കാസനംചെയ്യപ്പെട്ടാൽ മനുഷ്യൻ സ്വതന്ത്രനാവുകയും ദേവനായി മാറുകയും ചെയ്യുന്നു.

### കിങ്സ്ലി പറഞ്ഞതു്

മാർക്സ് ക്രിസ്തുമതത്തെ ആക്ഷേപിച്ചതു് മതം ബഹുജനങ്ങളെ മയക്കാനുള്ള കറുപ്പാണെന്നു പറഞ്ഞാണു്. മതം മനുഷ്യരുടെ കറുപ്പാണെന്നുള്ള കിങ്സ്ലിയുടെ ശൈലി റഷ്യയിലേക്കു് ഇറക്കുമതിചെയ്യപ്പെടുകയാണുണ്ടായതു്. ഒന്നാം ലോകമഹായുദ്ധകാലത്തു് റഷ്യയെ സഖ്യലിതരുടെ പിടിയിൽനിന്നും ആകർഷിച്ചെടുക്കുവാൻ ജർമ്മൻനേതാക്കന്മാർ കണ്ടുപിടിച്ച മാർഗ്ഗമായിരുന്നു റഷ്യയിൽ ഒരാഭ്യന്തരവിപ്ലവം ഇളക്കിവിടുകയെന്നതു്. ജർമ്മനി അതിലേക്കായി രണ്ടു വിപ്ലവകാരികളെ മോസ്കോയിലേക്കയച്ചു. അതിൽ ഒരാളായിരുന്നു സെന്റ് പീററർബെർഗ്ഗിൽനിന്നുകൊണ്ടു് വിപ്ലവം പ്രസംഗിച്ച ലെനിൻ.

### സെന്റ് പോൾ ആഥൻസിൽ കണ്ടതു്

കമ്മ്യൂണിസത്തിന്റെ ഇമ്മാതിരി സിദ്ധാന്തങ്ങളെ ബുദ്ധിയുള്ളവർക്കെല്ലാം ഖണ്ഡിക്കാം. എന്നാൽ ഈ പ്രസ്ഥാനത്തെ നമുക്കു് മറെറാരുവിധത്തിൽ സമീപിക്കാം. ഇതിൽ തിന്മയായിട്ടെന്താണെന്നു നോക്കുന്നതിനുപകരം ഇതിൽ നന്മയായിട്ടെന്താണുള്ളതെന്നു നമുക്കു് നോക്കാം. കമ്മ്യൂണിസ്റ്റ് സിദ്ധാന്തം അനുസരിക്കുന്നവർ എല്ലാവരും മറയന്മാരും വഞ്ചകന്മാരും ആണെന്നു ഒരുത്തരും പറകയില്ല. കമ്മ്യൂണിസത്തിൽ ജീവിതപ്രശ്നങ്ങൾക്കുത്തരം കാണുന്നവരും ആത്മാർത്ഥതയുള്ളവരുമായി കുറേപേരെയെങ്കിലും നമുക്കു കാണാം. കമ്മ്യൂണിസത്തിൽ നന്മയായിട്ടെന്തുണ്ടെന്നു് നമുക്കു നോക്കാം. സെന്റ് പോൾ ആഥൻസിൽ വന്നപ്പോൾ സ്വീകരിച്ച ആ മനോഭാവംതന്നെ നമുക്കും സ്വീകരിക്കാം. മഹത്തരമായ ആ പ്രഭാഷണമദ്ധ്യേ അദ്ദേഹം ആഥൻസുകാരോടു പറഞ്ഞു: "നിങ്ങൾ മതവിശ്വാസികളാണെന്നു് ഞാൻ കാണുന്നു. നിങ്ങളുടെ നഗരവീഥികളിലൂടെ നടക്കുമ്പോൾ നിങ്ങളുടെ ബിംബങ്ങളും "അറിയപ്പെടാത്ത ദേവനായിട്ടുള്ള" നിങ്ങളുടെ ബലിപീഠവും ഞാൻ കണ്ടു. ആ അറിയപ്പെടാത്ത ദേവനെക്കുറിച്ചത്രെ ഞാൻ പ്രസംഗിക്കുവാൻ പോകുന്നതു്."

"ഞാൻ ഇവിടെ കള്ളദേവന്മാരെ കാണുന്നു"വെന്നു് അദ്ദേഹം പറഞ്ഞില്ല. അവിടെ നന്മയായിട്ടു് കണ്ടതിനെക്കുറിച്ചും അറിയപ്പെടാത്ത ദേവനെക്കുറിച്ചു് അവർ എഴുതിയിരുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

### മനുഷ്യരെല്ലാം സഹോദരങ്ങൾ എങ്കിൽ

കമ്മ്യൂണിസത്തിൽ ഏററവും മെച്ചമായിട്ടുള്ളതും മാർക്സിനെ സംബന്ധിച്ച് നമുക്കു് ഏററവും ദയാപുരസ്സരം സ്മരിക്കാവുന്നതുമായ ഒരു വസ്തുത അദ്ദേഹം മനുഷ്യരുടെ സാഹോദര്യത്തിനുവേണ്ടി ശ്രമിച്ചുവെന്നുള്ളതത്രേ. ലിബറലിസത്തിന്റെ പരാജയവും ദുഷിച്ച മുതലാളിത്തവ്യവസ്ഥിതി വരുത്തിവച്ച മാത്സര്യവും അദ്ദേഹം കണ്ടു. അതിനദ്ദേഹം കണ്ട പരിഹാരം ലോകത്തെ ഒരേകീകൃതഘടകമാക്കി രൂപാന്തരപ്പെടുത്തുന്നതിലായിരുന്നു. അദ്ദേഹം ഇക്കാര്യത്തിൽ തീർച്ചയായും ശരിയായിരുന്നു. പക്ഷേ ആ ലക്ഷ്യത്തിലെത്തുന്നതിനു് അദ്ദേഹം കണ്ട മാർഗ്ഗം തെററായിരുന്നു. മനുഷ്യരെ സഹോദരങ്ങളാക്കുന്നതിനു സ്വത്തുമുഴുവൻ ഒന്നിച്ചുകൂട്ടണമെന്നു്! അവിടെ അദ്ദേഹത്തിനു് തെററിപ്പോയി. നാം സഹോദരങ്ങൾ ആകുന്നതു് ഒരു പാത്രത്തിൽനിന്നു് ഭക്ഷിക്കുന്നതുകൊണ്ടല്ല, പിന്നെയോ നാം സഹോദരങ്ങൾ ആയതുകൊണ്ടു് ഒരു പാത്രത്തിൽനിന്നും ഭക്ഷിക്കുകയാണു്. ക്രൈസ്തവസഭയുടെ ശൈശവദശയിൽ ഇങ്ങനെയൊരു പൊതുഭണ്ഡാഗാരം ഉണ്ടായിരുന്നു. പക്ഷെ അതു് സാധിച്ചതു മനുഷ്യരുടെ ഇടയിൽ സ്നേഹത്തിന്റെ അരൂപി ആവസിച്ചു് അവരെ ഒന്നാക്കിയതുകൊണ്ടായിരുന്നു. ഒരുത്തന്റെ സ്വത്തു് പിടിച്ചുപറിച്ചു് മറെറാരുവനു നൽകുകയെന്നതു് മാർക്സ് വിചാരിച്ചതുപോലെ അത്ര വലിയ ധീരകൃത്യമൊന്നുമല്ല. പണത്തിന്റെ മുതലാളിത്തം മാററി തൽസ്ഥാനത്തു് ശക്തിയുടെ മുതലാളിത്തം കെട്ടിപ്പണിയാമെന്നു മാത്രം.

### മാർക്സിനു് മറുപടി

മാർക്സ് ആഗ്രഹിച്ചതു് എങ്ങനെ സാധിക്കുവാൻ പോകുന്നുവെന്നു് നമുക്കറിയാം. മനുഷ്യരുടെ സാഹോദര്യം ദൈവത്തിന്റെ അനുഗ്രഹത്താൽമാത്രമേ സാധിക്കുകയുള്ളു. നാം എല്ലാം ഘടകങ്ങളായ ക്രിസ്തുവിന്റെ മൗതികശരീരത്തെയത്രെ മാർക്സ് അന്വേഷിച്ചതു്. പക്ഷേ മാർക്സ് ദൈവത്തെ നിഷേധിച്ചതുകൊണ്ടു് അദ്ദേഹം വിഭാവനചെയ്ത സാഹോദര്യം യാഥാർത്ഥ്യമായിട്ടില്ല.

### കമ്മ്യൂണിസത്തെ ചെറുക്കേണ്ടതെങ്ങനെ?

രാഷ്ട്രീയം, സാമ്പത്തികം, ആത്മീകം ഇങ്ങനെ പ്രധാനമായി മൂന്നു മാർഗ്ഗങ്ങളത്രേ ഉള്ളതു്.

രാഷ്ട്രീയം:- രാഷ്ട്രീയമായി നാം കമ്മ്യൂണിസത്തെ നേരിടേണ്ടതു് നമ്മുടെ വോട്ടു്, സ്ഥാനാർത്ഥികൾക്കുള്ള സന്മാർഗ്ഗികമൂല്യം മാനദണ്ഡമാക്കി നൽകുന്നതിലൂടെയാണു്. പാർട്ടി അടിസ്ഥാനത്തിൽ എന്നതിനെക്കാൾ സന്മാർഗ്ഗികാടിസ്ഥാനത്തിൽ വോട്ടുനൽകുന്നതു് അഭിലഷണീയമായിരിക്കും. റഷ്യൻ കരടി കിഴക്കൻയൂറോപ്പിൽ ഭജത്രയാത്ര നടത്തുന്നതിനെ അനുകൂലിക്കുകയും അതോടൊപ്പം നാട്ടിൽ കമ്മ്യൂണിസം തഴച്ചുവളരുന്നതിനു് പരോക്ഷമായിട്ടെങ്കിലും പിൻതുണ നൽകുകയും ചെയ്യുന്ന ചില മാന്യന്മാർ നമ്മുടെ നാട്ടിലും അടുത്ത തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളായി നിൽക്കും. നമ്മുടെ വോട്ടു് ഉപയോഗിച്ചു് അവരെ പുറത്തു തള്ളേണ്ടതാണു്. നമ്മുടെ ത്രിവർണ്ണപതാകയിലെ ചുവപ്പു് ലോകത്തിൽ പ്രജാധിപത്യാദർശങ്ങൾക്കായി ആത്മാർപ്പണംചെയ്തിട്ടുള്ള മഹാത്മാക്കളുടെ വീരചരിതങ്ങളെ അനുസ്മരിപ്പിക്കട്ടെ! അതു കൂട്ടക്കൊലയുടെയും അടിമത്തത്തിന്റെയും ഒരു ചിഹ്നം ആകാതിരിക്കട്ടെ!

സാമ്പത്തികം:- സ്വത്തുക്കളുടെ ന്യായമായ വിതരണംകൊണ്ടു് നമുക്കു കമ്മ്യൂണിസത്തെ ചെറുക്കാം. ഇല്ലാത്തവരെന്നും ഉള്ളവരെന്നും ഉള്ള വർഗ്ഗവിവേചനം ഉണ്ടാക്കാതെ എല്ലാവരേയും ഉള്ളവരാക്കിത്തീർക്കുവാൻ നാം ശ്രമിക്കണം. അതിനായുള്ള നിയമങ്ങൾ നാം നിർമ്മിക്കണം. എല്ലാവരേയും ഇല്ലാത്തവരാക്കിത്തീർക്കുന്നതിൽ എന്തു ഭേദമാണതു്! ആത്മീകസ്വാതന്ത്ര്യത്തിനുള്ള സാമ്പത്തികമായ ഉറപ്പാണു് സ്വകാര്യഉടമ. വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ അനുസരിച്ചു പ്രവർത്തിക്കട്ടെ. തൊഴിലാളികൾക്കു ലഭിക്കുന്ന ഇന്നത്തെ വേതനരീതി വ്യത്യാസപ്പെടുത്തി അവനു് ലാഭത്തിലും, വ്യവസായ നടത്തിപ്പിലും വ്യവസായ ഉടമയിലും ഭാഗഭാഗിത്വം നൽകണം. മനുഷ്യൻ സ്വത്തിനെ അവന്റെ മാനുഷിക സ്വാതന്ത്ര്യത്തിനുള്ള സാമ്പത്തികമായ ഉറപ്പായി കരുതിയിരുന്ന സന്ദർഭങ്ങളിൽ മട്ടനം വിജയിച്ചിട്ടില്ലതന്നെ.

### പാപിയെ സ്നേഹിക്കുക

ആത്മീകമായി:- പാപത്തേയും പാപിയേയും ഒരുപോലെ പരിഗണിക്കുവാൻ പാടില്ല. പാപത്തെ നാം വെറുക്കുകയും പാപിയെ നാം സ്നേഹിക്കുകയും ചെയ്യണം. പാപത്തെ നാം വെറുക്കുന്നതു് പാപിയെ നാം സ്നേഹിക്കുന്നതുകൊണ്ടാണു്. നാം നമ്മിലുള്ള സുഖക്കേടിനെ ഇഷ്ടപ്പെടാത്തതു് നമുക്കു് നമ്മോടുള്ള സ്നേഹംകൊണ്ടാണു്. കമ്മ്യൂണിസവും കമ്മ്യൂണിസ്റ്റുകളും തമ്മിൽ ഇതുപോലൊരു വ്യത്യാസം ഉണ്ടു്. നാം കമ്മ്യൂണിസത്തെ വെറുക്കണം. എന്തുകൊണ്ടെന്നാൽ അതു പൈശാചികമാംവിധം ഹീനമാണു്. പക്ഷേ കമ്മ്യൂണിസ്റ്റുകളെ നാം സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ അവർ മനുഷ്യരും ദൈവത്തിന്റെ ഓമനപുത്രരായിത്തീരാവുന്നവരുമത്രെ.

പത്തു വർഷംമുമ്പു് "Daily Worker" എന്ന കമ്മ്യൂണിസ്റ്റ് പ്രമുഖപത്രം, കമ്മ്യൂണിസത്തെ രൂക്ഷമായി വിമർശിച്ചുകൊണ്ടിരുന്ന മോൺ. ഫുൾട്ടൻഷീനെ എതിർത്തുകൊണ്ടു് ഒരു ലേഖനപരമ്പര ആരംഭിച്ചു. ഇതിനു മറുപടിയായി മോ. ഷീൻ കമ്മ്യൂണിസത്തെ സംബന്ധിച്ചു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലഘുലേഖ പുറപ്പെടുവിച്ചു. പക്ഷേ കമ്മ്യൂണിസ്റ്റുകളുണ്ടോ അടങ്ങുവാൻ പോകുന്നു. മോൺഷീൻ ഏററവും ക്രിസ്തീയമായ രീതിയിൽത്തന്നെ ആക്ഷേപങ്ങളെ നേരിടുവാൻ തീരുമാനിച്ചു. അദ്ദേഹം "Daily Worker"ന്റെ പത്രാധിപരെ ഒരു വിരുന്നിനു ക്ഷണിച്ചു. പത്രാധിപരായ ലൂയി ബുഡെൻസും മോൺ. അച്ചനുംകൂടി ഒരു വലിയ ഹോട്ടലിൽ വിരുന്നിനിരുന്നു. "കമ്മ്യൂണിസം പ്രജായത്തമാണെന്നു് നിങ്ങൾ സമ്മതിക്കാത്തതുകൊണ്ടാണു് ഞങ്ങൾ നിങ്ങളെ എതിർക്കുന്നതു്." പത്രാധിപർ അച്ചനോടു പറഞ്ഞു. "സോവ്യററുഭരണഘടനയുടെ 124-ാംവകുപ്പ് (*) നിലവിലിരിക്കുമ്പോൾ കമ്മ്യൂണിസമെങ്ങനെയാണു് പ്രജായത്തമാകുന്നതു്?...ഞാൻ നിങ്ങളെ വിരുന്നിനു ക്ഷണിച്ചതു് നിങ്ങളുടെ ആത്മാവിനെക്കുറിച്ചു് സംസാരിക്കാമെന്നു വിചാരിച്ചാണു്." ഇതായിരുന്നു അച്ചന്റെ മറുപടി. ഇതിനുശേഷം അച്ചൻ ആത്മാവിനെക്കുറിച്ചുള്ള പ്രഭാഷണം ആരംഭിച്ചു. ചുരുക്കിപ്പറയട്ടെ, പത്രാധിപർ വിരുന്നുകഴിഞ്ഞു് എഴുന്നേററതു് നിറഞ്ഞ കണ്ണുകളോടെയായിരുന്നു. നീണ്ട എട്ടു സംവത്സരങ്ങൾ കഴിഞ്ഞു. പത്രാധിപർ അച്ചനെ കാണണമെന്നു പറഞ്ഞു് വീണ്ടും എഴുതി. അദ്ദേഹത്തിന്റെ ആത്മസ്ഥിതിയെക്കുറിച്ചു് സംസാരിക്കുവാനാണെങ്കിൽ ചെന്നുകാണുവാൻ സമ്മതമാണെന്നു് അച്ചൻ മറുപടികൊടുത്തു. അതേ അതിനുതന്നെയായിരുന്നു ബുഡെൻസു് അച്ചനെ ക്ഷണിച്ചതു്. ഏറെതാമസിയാതെതന്നെ മോ. ഷീനിൽനിന്നു് അദ്ദേഹവും ഭാര്യയും കുഞ്ഞുങ്ങളും മതതത്വങ്ങൾ പഠിക്കുവാൻ തുടങ്ങി. ഏതാനും ദിവസങ്ങൾക്കുള്ളിൽ അവർ കത്തോലിക്കരാകുകയും ചെയ്തു. മോൺ. ഷീൻ പറയുന്നു അദ്ദേഹം കമ്മ്യൂണിസത്തെ വെറും തത്വപരമായിമാത്രം എതിർത്തിരുന്നെങ്കിൽ ബുഡൻസ് തീർച്ചയായും സഭയെ ആശ്ലേഷിക്കുമായിരുന്നില്ലെന്നു്! കമ്മ്യൂണിസത്തെ നേരിടാനുള്ള ഏററവും ഫലപ്രദമായ മാർഗ്ഗം എന്താണെന്നു് ഷീൻ പിന്നീടൊരിക്കൽ ബുഡൻസിനോടു ചോദിച്ചപ്പോൾ അദ്ദേഹം മറുപടിപറഞ്ഞതു്, "ഒരു ഡസൻ തീക്ഷ്ണതയുള്ള കത്തോലിക്കർ" എന്നായിരുന്നു.

(*) സോവ്യററു് ഭരണഘടനയുടെ 124-ാം വകുപ്പു് മതപ്രചരണത്തെ നിരോധിക്കുകയും മതവിദ്വേഷപ്രചരണത്തിനു് സ്വാതന്ത്ര്യം നല്കുകയും ചെയ്യുന്നു. (ലേഖകൻ)

### റഷ്യാക്കാർ നല്ലവരാണു്

കമ്മ്യൂണിസ്റ്റുകൾ അസന്തുഷ്ടരാണെന്നുള്ളതിൽ സംശയമില്ല. അവർ ഭയപ്പെട്ടു ജീവിതം നയിക്കുന്നു. റഷ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളായി 60 ലക്ഷം പേരേയുള്ളു. അവിടത്തെ ജനസംഖ്യയാകട്ടെ 20 കോടിയത്രേ. ഇങ്ങനെ ആകെ ജനസംഖ്യയിൽ 3 ശതമാനംമാത്രം അംഗത്വമുള്ള ഈ കമ്മ്യൂണിസ്റ്റുപാർട്ടിക്കല്ലാതെ വേറെയൊരു പാർട്ടിക്കും കമ്മ്യൂണിസ്റ്റ് റഷ്യയിൽ സ്ഥാനമില്ല. റഷ്യക്കാർ നല്ലവരാണെന്നുള്ളതിനു് സംശയമില്ല. നന്മചെയ്യുവാനുള്ള കഴിവു് അവർക്കു് വളരെയധികമുണ്ടു്. പ്രാചിയേയും പ്രതീചിയേയും തമ്മിൽ കൂട്ടിയിണക്കുന്ന ഭാവിയിലെ ഒരു സുവർണ്ണശൃംഖലയായി റഷ്യ മാറുകയില്ലെന്നു് ആരറിഞ്ഞു? അതുകൊണ്ടു് നമുക്കു നമ്മുടെ റഷ്യൻ ഭ്രാതാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാം.

### വെടിയുണ്ട തെറിച്ചുപോയി

സഭയ്ക്കും സമുദായത്തിനുംവേണ്ടിയും പ്രത്യേകമായി പാലസ്റ്റൈനിൽ സമാധാനം സ്ഥാപിതമാകുന്നതിനുവേണ്ടിയും പ്രാർത്ഥിക്കണമെന്നു് പരിശുദ്ധ പിതാവു് നമ്മോടു് ആവശ്യപ്പെട്ടിരിക്കുന്നു. റഷ്യൻ മാനസാന്തരത്തിൽ അതീവതല്പരയായ ഫാത്തിമാമാതാവു് ഭാരതപര്യടനം അവസാനിപ്പിക്കാൻപോകുന്ന ഈ സുവർണ്ണകാലയളവിൽ പ്രതിദിനം ഒരു കൊന്തയെങ്കിലും എത്തിച്ചുകൊള്ളാമെന്നു് നമുക്കു് ആ അമ്മയോടു പ്രതിജ്ഞ ചെയ്യാം.

നമ്മുടെ ഇന്നത്തെ പരിശുദ്ധ പിതാവു് ബുദ്ധിമാനാണു്. ബൃഹത്തായ ലോകപരിചയം സിദ്ധിച്ചിട്ടുള്ള ആ തിരുമേനിക്കറിയാം ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നു്. കമ്മ്യൂണിസം വളരെ ശക്തിപ്രാപിച്ചിരുന്ന 1920-ൽ തിരുമേനി മ്യൂണിച്ചിലെ (ജർമ്മനി) തിരുസിംഹാസനപ്രതിനിധിയായിരുന്നു. മ്യൂണിച്ചിലെ തിരുസിംഹാസനപ്രതിനിധിയെ കൊല്ലണമെന്നു് കമ്മ്യൂണിസ്റ്റുകൾ തീരുമാനിച്ചു. തിരുമേനിയുടെ മുറിയിൽ രണ്ടു് കമ്മ്യൂണിസ്റ്റ് കിങ്കരന്മാർ പ്രവേശിച്ചു. അവർ ഒരു യവനികയ്ക്കുള്ളിൽ മറഞ്ഞുനിന്നു. തിരുമേനി മുറിയിൽ പ്രവേശിച്ച ഉടനെ അവരിൽ ഒരാൾ തിരുമേനിയുടെ നെഞ്ചിനുനേരെ തോക്കു നീട്ടി നിറയൊഴിച്ചു. പക്ഷേ വെടിയുണ്ട കൊണ്ടതു് തിരുമേനിയുടെ വക്ഷസ്സിൽ ഉണ്ടായിരുന്ന ക്രൂശുരൂപത്തിലായിരുന്നു. വെടിയുണ്ട തെറിച്ചുപോയി. തിരുമേനി നിലത്തുവീണ തോക്കെടുത്തു് ഉടമസ്ഥനെ ഏല്പിച്ചുകൊണ്ടുപറഞ്ഞു: "എനിക്കു് യാതൊരു ഭയവും ഇല്ല. എന്റെ ജനങ്ങളുടെ രക്ഷയിൽമാത്രമാണു് ഞാൻ ബദ്ധശ്രദ്ധനായിരിക്കുന്നതു്." കൊല്ലുവാൻ വന്നവർ ഇതു കേട്ടു് അത്ഭുതപ്പെട്ടുപോയി. അങ്ങനെയുള്ള ഒരു തിരുമേനിയാണു് ഇ




# ബന്ധം വേണം

"ഒരു ശിശുവിന്റെ ഹൃദയത്തിൽ ഭോഷത്തം ബന്ധിക്കപ്പെട്ടിരിക്കുന്നു; ശിക്ഷണദണ്ഡം അതിനെ ദൂരീകരിക്കും." (Prov. XXII—15)

"വല്ലാത്ത അക്രമംതന്നെ—കടുത്ത അനീതി—ഇതിനൊക്കെ ചോദിക്കാൻ ആണുങ്ങളുണ്ടെന്നു മനസ്സിലാക്കിക്കോട്ടെ. അയാൾക്കു ഇഷ്ടംപോലെ തല്ലാനല്ല ഞാൻ എന്റെ കുഞ്ഞിനെ കഞ്ഞിം ചോറും കൊടുത്തു വളർത്തുന്നു. അയാളുടെ കുട്ടിയല്ലാത്തതുകൊണ്ടു അയാൾക്കു അതിന്റെ വേദന അറിഞ്ഞൂടാ. എന്റെ ചോരയല്ലിഹ; ഇതൊന്നു ചോദിച്ചേ ഇരിക്കൂ……" എന്നിങ്ങനെ ക്ഷോഭത്താൽ പ്രകമ്പിതനായി വൈദികന്റെ മുറിയിലേക്കു ഒരാൾ കയറിവരുന്നു. വൈദികൻ സാവധാനം കാര്യങ്ങൾ ചോദിച്ചറിയുന്നു. എന്താണു സംഭവം? അയാളുടെ കുട്ടിയെ സ്കൂളിൽവെച്ചു ഗുരുനാഥൻ ഒന്നു തല്ലിയത്രെ! കുറ്റത്തിന്റെ ഗൗരവമനുസരിച്ചു ശിക്ഷയും അല്പം കൂടിപ്പോയിരിക്കാം. അപമാനിതനും രോഷാകുലനുമായ കുട്ടി വീട്ടിൽ സ്വയം നീതീകരിച്ചും ശിക്ഷയെ പർവ്വതീകരിച്ചും റിപ്പോർട്ടു സമർപ്പിക്കുന്നു. മാതാപിന്റെ കോപം ആളിക്കത്തുന്നു. അവൾ ഭർത്താവിനെയും ഇളക്കിവിടുന്നു. തൻകുഞ്ഞിന്റെ ഭാഗം പിടിച്ചു വാദിക്കുവാൻ അയാൾ വെമ്പൽകൊള്ളുന്നു. ആക്രോശങ്ങളും ഭീഷണികളും അന്തരീക്ഷത്തിൽ ഉയരുന്നു. "അച്ചോ, ഇതിനൊരു സമാധാനമുണ്ടാക്കിയില്ലെങ്കിൽ, അയാളോടു ചോദിക്കാൻ ആളുണ്ടാകും." "ആട്ടെ, എല്ലാം വേണ്ടതുപോലെ അന്വേഷിച്ചു ശരിയാക്കാം. ശാന്തമായിരിക്കുക" എന്നെല്ലാം സാന്ത്വനോക്തികൾ പറഞ്ഞു വൈദികൻ അയാളെ സമാധാനപ്പെടുത്തി അയക്കുന്നു. മാനേജർ എന്ന നിലയിൽ വൈദികൻ ആ ഗുരുനാഥനെ വിളിച്ചു, ഇപ്രകാരം ഒരു ആവലാതി വന്നിട്ടുള്ള വിവരം ധരിപ്പിക്കയും അക്കാര്യത്തിൽ അല്പം സൂക്ഷിക്കണമെന്നു ഉപദേശിക്കയും ചെയ്യുന്നു. മനസ്സാക്ഷിയനുസരിച്ചുമാത്രം പ്രവർത്തിച്ചിട്ടുള്ള ആ ഗുരുനാഥൻ ഇതു കേൾക്കുമ്പോൾ മനോവേദനയുടെ ഒരു വേലിയേറ്റംതന്നെ അനുഭവിക്കുന്നു. "സൂക്ഷിച്ചുകൊള്ളാം. ഞാൻ ആ കുട്ടിയോടു ഒന്നുംതന്നെ പറയാനും ചോദിക്കാനും പോകുന്നില്ല. വെറുതെ ആ കുട്ടി ക്ലാസിൽ ഇരുന്നുകൊള്ളട്ടെ. എന്നാൽ കുഴപ്പമില്ലല്ലോ" എന്നിപ്രകാരം പറഞ്ഞുകൊണ്ടു അദ്ധ്യാപകൻ പോകുന്നു...ഇപ്രകാരമുള്ള—അല്ലെങ്കിൽ ഇത്രതന്നെ രൂക്ഷമല്ലാത്ത—സംഭവങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ടു. എന്നാൽ മാതാപിതാക്കന്മാർ ഒന്നു മനസ്സിലാക്കണം. ഇങ്ങനെയുള്ള കാര്യങ്ങളിൽ തൻപിള്ളയെ പൊൻപിള്ളയായി ഉയർത്തിപ്പിടിച്ചു അവരുടെ ഭാഗംമാത്രം വാദിച്ചുകൊണ്ടു ഗുരുനാഥന്മാരുടെ നേരെ ചന്ദ്രഹാസമിളക്കിപ്പുറപ്പെടുന്ന കാരണവന്മാർ കുട്ടികളെ വഷളാക്കുകയും, അവരുടെ ഭാവിജീവിതത്തിന്റെ അടിത്തറ മാന്തുകയും, അവരുടെ ജീവിതവിജയത്തിനു തുരങ്കംവെക്കുകയുമാണു ചെയ്യുന്നതു.

വിദ്യാർത്ഥികളായ കുട്ടികളുടെ മാതാപിതാക്കന്മാർ ചില മൗലികതത്വങ്ങൾ മനസ്സിലാക്കിയിരിക്കണം. കുട്ടികളെ വിദ്യാലയത്തിലയച്ചശേഷം അവിടെയുള്ള അവരുടെ ജീവിതത്തെപ്പറ്റി മാതാപിതാക്കന്മാർക്ക യാതൊരു ചുമതലയോ അന്വേഷണമോ ആവശ്യമില്ലാത്തതരത്തിൽ അങ്ങു വേർതിരിഞ്ഞ ഒരു സ്ഥാപനമല്ല വിദ്യാലയം. നേരെ മറിച്ചു, കുടുംബത്തിന്റെ ഒരു അനുബന്ധമാണു വിദ്യാലയം. തന്നിമിത്തം വിദ്യാലയസാഹചര്യങ്ങളിൽ ഒരു കുട്ടി സമ്പാദിക്കുന്ന ആശയങ്ങളെയും ജീവിതരീതികളെയും ബന്ധങ്ങളെയും സംബന്ധിച്ചു വിവേകപൂർണ്ണമായ ഒരു മേൽനോട്ടം കൂടിയേ കഴിയൂ. കുട്ടികളെല്ലാം സ്കൂളിൽ പോയാൽ ശല്യമൊഴിഞ്ഞല്ലോ എന്നോർത്തു സമാശ്വാസത്തിന്റെ നെടുവീർപ്പുകളിടുകയും നാലുമണിക്കു വീണ്ടും ബഹളത്തോടെ അവർ മടങ്ങിവരുമ്പോൾ മനംകൊണ്ടു പ്രാകുകയും ചെയ്യുന്നവരുണ്ടായിരിക്കും. മറ്റു ചിലരാകട്ടെ സ്വന്തം കുട്ടികളെ സംബന്ധിച്ചുള്ള സ്കൂൾകാര്യങ്ങളിൽ അനധികൃതവും അഹിതവുമായ രീതിയിൽ ഇടപെട്ടു വേണ്ടാത്ത വയ്യാവേലികൾ വലിച്ചുവെക്കയും ചെയ്യുന്നു. ഇതു രണ്ടും തെറ്റാണു. കുട്ടികളെ സ്കൂളിലയക്കുമ്പോൾ മാതാപിതാക്കന്മാർ ജന്മസിദ്ധമായ തങ്ങളുടെ അദ്ധ്യാപനാധികാരത്തെയും അവകാശത്തെയും ഗുരുനാഥന്മാർക്കു പ്രാതിനിധ്യവ്യവസ്ഥയിൽ (delegation) കൈമാറ്റംചെയ്യുകയാണു ചെയ്യുന്നതു. ഈ പ്രാതിനിധ്യം പരമമല്ല; ഗുരുനാഥന്മാർ മാതാപിതാക്കന്മാരുടെ ചുമതലകൾ മുഴുവനായും ഏറ്റെടുക്കുന്നില്ല. എന്നാൽ ഈ പ്രാതിനിധ്യം വെറും നാമമാത്രവുമല്ല. മാതാപിതാക്കന്മാർക്കു തോന്നുമ്പോഴെല്ലാം ഗുരുനാഥന്മാരുടെ പ്രവൃത്തികളിൽ കൈകടത്തുവാൻ പാടില്ല. അവർ എല്ലായ്പോഴും ഗുരുനാഥന്മാരുടെ അധികാരത്തെ താങ്ങിനിൽക്കണം; അതേസമയം ആ അധികാരത്തെ അവർ ദുർവിനിയോഗിക്കുന്നുണ്ടോയെന്നു ജാഗരൂകരായിരിക്കയും വേണം. കാരണം, ഗുരുനാഥന്മാരിൽ തങ്ങളുടെ അധികാരംതന്നെയാണു പ്രാതിനിധ്യംവഴി നിക്ഷിപ്തമായിരിക്കുന്നതു.

കുടുംബവും സ്കൂളും തമ്മിൽ ബന്ധം പുലർത്തുന്നതിനു ചില പ്രായോഗികനിർദ്ദേശങ്ങൾ സഹായകമായിരിക്കും. സ്കൂൾ പഠനത്തിന്റെ ആരംഭദശയിലും, പിന്നീടു ഇടയ്ക്കിടയ്ക്കും, ഗുരുനാഥന്മാരെ അനുസരിക്കണമെന്നും, തരുന്ന പാഠങ്ങളെല്ലാം പഠിക്കണമെന്നും, സൽസ്വഭാവത്തോടെ പെരുമാറണമെന്നും മാതാപിതാക്കന്മാർ ഏറ്റവും ശക്തമായവിധത്തിൽ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കണം; ഇതു തങ്ങളുടെ ആഗ്രഹവും ആജ്ഞയുമാണെന്നു കുട്ടികളെ ഗ്രഹിപ്പിക്കണം. ഇങ്ങനെ, വിദ്യാലയാധികാരികളുടെ പിന്നിൽ അവർക്കു താങ്ങായി പൈതൃകാധികാരത്തെയും കുട്ടികൾ ദർശിക്കണം. ഈ പൈതൃകാധികാരമാണു തങ്ങളെ സ്കൂളിലയക്കുന്നതെന്നും തന്നിമിത്തം തങ്ങളുടെ സ്കൂൾജീവിതത്തെപ്പറ്റി കണക്കു ചോദിക്കുവാനുള്ള അവകാശം മാതാപിതാക്കന്മാർക്കുണ്ടെന്നും അവർ ഗ്രഹിക്കണം. അല്ലെങ്കിൽ, കുടുംബവും സ്കൂളും യാതൊരു ബന്ധവുമില്ലാത്ത രണ്ടു വ്യത്യസ്തങ്ങളായ അധികാരസീമകളാണെന്നു അവർ ധരിച്ചുവശാകും. തൽഫലമായി ഈ രണ്ടു അധികാരങ്ങളുംതമ്മിൽ വിഷമങ്ങൾ കുത്തിപ്പൊക്കുവാനും അവർ ശ്രമിച്ചെന്നുവരാം. സ്കൂളധികൃതന്മാരിൽനിന്നു കുട്ടികളെപ്പറ്റിയുള്ള റിപ്പോർട്ടുകാർഡുകൾ കിട്ടുമ്പോൾ അവ ചവറുകൊട്ടയിൽ എറിഞ്ഞുകളയാതെ അവയിൽ അതീവതാല്പര്യം പ്രദർശിപ്പിക്കണം. റിപ്പോർട്ടു നല്ലതാണെങ്കിൽ സന്തോഷിക്കയും പ്രോത്സാഹനങ്ങൾ നൽകയും വേണം. എന്നാൽ കുട്ടിയുടെ സ്വഭാവവിശേഷത്തെയും ബുദ്ധിസാമർത്ഥ്യത്തെയും പറ്റി, അവൻ കേൾക്കെ, മറ്റുള്ളവരോടു പുകഴ്ത്തിപ്പറയരുതു. അഹംഭാവത്തിന്റെ വേരുകൾ കിളുക്കാതിരിക്കട്ടെ. റിപ്പോർട്ടു മോശമാണെങ്കിൽ പഠനത്തിൽ കൂടുതൽ പ്രേരണയും ശാസനയും സഹായവും നൽകയും ഗുരുനാഥന്മാരുമായി ആലോചിച്ചു വേണ്ടതു പ്രവർത്തിക്കയും വേണം. സ്വഭാവറിപ്പോർട്ടു മോശമാണെങ്കിൽ കർശനമായ താക്കീതുകളും ചിലപ്പോൾ ശിക്ഷകളും നൽകുകതന്നെ വേണം. ദാക്ഷിണ്യം കാണിച്ചാൽ പിന്നീടു പരിതപിക്കേണ്ടിവരും. റിപ്പോർട്ടുകാർഡുകൾ അയക്കാത്ത സ്കൂളുകളാണെങ്കിൽ മാതാപിതാക്കന്മാർ ഗുരുനാഥന്മാരുമായി സമ്പർക്കം പുലർത്തുകയും അവരിൽനിന്നു ലഭിക്കുന്ന വിവരങ്ങളനുസരിച്ചു മേൽപ്പറഞ്ഞ നടപടികൾ എടുക്കുകയും വേണം. വീട്ടിൽനിന്നു എന്തെങ്കിലും ചെയ്തുകൊണ്ടുവരുവാൻ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ മാതാപിതാക്കന്മാരും അതോടു സഹകരിച്ചുകൊണ്ടു ആജ്ഞാപിക്കപ്പെട്ടവയെല്ലാം നന്നായി ചെയ്തുതീർക്കുവാൻ പ്രേരിപ്പിക്കയും അനുശാസിക്കയും വേണം. തങ്ങൾക്കു അതുമായി യാതൊരു ബന്ധവുമില്ലെന്നു വിചാരിച്ചു കുട്ടികളെ തത്സമയത്തു ഇതരജോലികൾക്കായി നിയോഗിക്കരുതു.

വിദ്യാലയാധികാരികൾക്കെതിരായി കുട്ടികളുടെ ഭാഗം പിടിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. "നിലത്തുവച്ചാൽ ഉറുമ്പരിക്കും; തലയിൽ വച്ചാൽ പേനരിക്കും" എന്നുവച്ചു ഇടവിതാനത്തിൽ താങ്ങിക്കൊണ്ടു നടക്കുന്ന ചില ലാളനാപുത്രന്മാരുടെ കാര്യത്തിലാണു ഈ അപകടങ്ങൾ വരാറുള്ളതു. സ്കൂളിൽ എന്തെല്ലാം അനുസരണക്കേടുകളോ അധിക്രമങ്ങളോ കാട്ടിയാലും വീട്ടിൽനിന്നു താങ്ങും തണലും ലഭിക്കുമെന്നു കുട്ടികൾ ധരിക്കുവാൻ ഇടയാകരുതു. സ്കൂളിൽ ലഭിച്ച ശിക്ഷയെപ്പറ്റിയുള്ള ആവലാതികൾ കേൾക്കുമ്പോൾ ഒട്ടുംതന്നെ സഹതപിക്കേണ്ട ആവശ്യമില്ല. മാതാപിതാക്കന്മാരുടെ വകയായും കുറെ പ്രഹരാദികഷായം നൽകുന്നതു കുട്ടിയുടെ സാന്മാർഗ്ഗികാരോഗ്യത്തിനു സഹായകമായിരിക്കും. പിന്നീടൊരിക്കലും ആവലാതികൾ ഉണ്ടാകയുമില്ല. കുട്ടികൾ കേൾക്കെ, ഗുരുനാഥന്മാരുടെ കുറ്റങ്ങൾ പറകയോ അവരെ വിമർശിക്കയോ ചെയ്യാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ഗുരുനാഥന്മാരുടെ അധികാരം മാതാപിതാക്കന്മാരുടെ അധികാരംതന്നെയാണെന്നുള്ളതു മറക്കരുതു. തങ്ങളെ ബഹുമാനിക്കുന്നതുപോലെ ഗുരുനാഥന്മാരേയും അവർ ബഹുമാനിക്കേണ്ടതല്ലേ? ഗുരുനാഥന്മാരിലും വല്ലതെറ്റുകളും ഉണ്ടാകാവുന്നതാണു. തങ്ങൾ പരിപൂർണ്ണരായ മാതാപിതാക്കന്മാരല്ലാത്തതുപോലെ അവരും തികഞ്ഞ ഗുരുനാഥന്മാരല്ലായിരിക്കാം. വളരെയധികം കുട്ടികളെ ക്ലാസ്സിൽ ഇരുത്തി ക്രമംപാലിച്ചു പഠിപ്പിച്ചുകൊണ്ടു പോകുന്ന ജോലി ആരേയും ഭ്രാന്തുപിടിപ്പിക്കുന്ന ഒന്നാണു. ഇതിനു ഒരു കിഴിവുതള്ളുവാനുള്ള സന്മനസ്സു മാതാപിതാക്കന്മാർക്കുണ്ടായിരിക്കണം. വളരെ നല്ല ശിക്ഷണത്തിൽ വളർത്തപ്പെട്ടതുകൊണ്ടു തങ്ങളുടെ കുട്ടി ഒരിക്കലും നുണപറകയില്ലെന്നും കൃത്രിമം കാണിക്കയില്ലെന്നുമുള്ള മുൻവിധി അവർക്കുണ്ടാകരുതു. തങ്ങളുടെ സന്താനവും മനുഷ്യത്വത്തിന്റെ ബലഹീനതകൾക്കു അതീതനല്ലെന്നും അപ്രമാദിത്വവരം സിദ്ധിച്ചിട്ടില്ലാത്തവനാണെന്നും ബഹുമാനം ഇച്ഛിച്ചോ ശിക്ഷയെ ഭയന്നോ അവൻ പലതും പ്രവർത്തിച്ചുപോകാൻ എളുപ്പമുണ്ടെന്നും അവർ മനസ്സിലാക്കണം. തന്നിമിത്തം സ്കൂളിൽ ലഭിച്ച ശിക്ഷയെപ്പറ്റി അവൻ നൽകുന്ന റിപ്പോർട്ടു കണ്ണടച്ചു വിശ്വസിക്കാൻ പാടില്ല. സ്വസന്താനത്തിന്റെ സ്വഭാവദൂഷ്യങ്ങളെപ്പറ്റി ഒരു ഡസൻ സാക്ഷികളിൽനിന്നു തെളിവുകൾ ലഭിച്ചാലും "എന്റെ കുഞ്ഞു അങ്ങനെയൊന്നും ചെയ്കയില്ല" എന്നു സ്വയം സമാധാനിക്കയും അഭിമാനിക്കയും ചെയ്യുന്ന മാതാപിതാക്കന്മാർ മകന്റെ അധഃപതനത്തിനു വളംവെച്ചുകൊടുക്കുകയാണു ചെയ്യുന്നതു. ഗുരുനാഥന്റെ ഭാഗത്തു എന്തെങ്കിലും അവിവേകമുണ്ടായിട്ടുണ്ടെന്നു തോന്നിയാൽത്തന്നെയും, ഉടനെതന്നെ മേലധികാരികളെ ബോധിപ്പിക്കയല്ല വേണ്ടതു. ആദ്യം ആ ഗുരുനാഥനുമായിത്തന്നെ സൗഹാർദ്ദസംഭാഷണംമൂലം തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ ശ്രമിക്കണം. അതു ഫലപ്രദമാകുന്നില്ലെങ്കിൽ ഹെഡ്മാസ്റ്ററെ കണ്ടു പറയണം. എന്നിട്ടും ഫലസിദ്ധിയുണ്ടാകുന്നില്ലെങ്കിൽ മാത്രമേ മാനേജരേയോ ഇൻസ്പെക്ടറേയോ മറ്റോ സമീപിക്കാവൂ. എന്നാൽ ആദ്യംതന്നെ ഉയർന്ന മേലധികാരികളുടെ പക്കൽ റിപ്പോർട്ടു എത്തിക്കഴിഞ്ഞെന്നുവന്നു ഗുരുനാഥനറിയുമ്പോൾ കുട്ടിയുടെ കുടുംബത്തോടുള്ള സൗഹാർദ്ദത നശിക്കയും പരസ്പരം രസക്ഷയവും മറ്റു തിക്തഫലങ്ങളും പൊട്ടിപ്പുറപ്പെടുകയും ചെയ്യും.

സ്കൂൾ വിട്ടാൽ ഉടനെ കുട്ടി നേരിട്ടു വീട്ടിലേക്കു വരണമെന്നു ആരംഭംമുതൽതന്നെ കണിശമായി നിർദ്ദേശിക്കയും വീഴ്ചകളെ ശിക്ഷിക്കയും വേണം. സ്കൂൾസമയത്തിനുശേഷം വൈകിവരേണ്ടതായ ആവശ്യമുണ്ടെങ്കിൽ അതെന്തിനാണെന്നും ആരുടെ മേൽനോട്ടത്തിലാണെന്നും അന്വേഷിക്കയും മടങ്ങിവരുവാൻ ഒരു സമയപരിധി നിശ്ചയിക്കയും വേണം. കുട്ടിയുടെ സ്നേഹിതന്മാർ ആരെല്ലാമാണെന്നും മാതാപിതാക്കന്മാർ അന്വേഷിച്ചറിയണം. തിന്മയിൽ തഴമ്പിച്ചവരോ തിന്മയെപ്പറ്റി പ്രായത്തിൽ കവിഞ്ഞ ജ്ഞാനമുള്ളവരോ ആയ വിദ്യാർത്ഥികൾ എല്ലാ സ്കൂളുകളിലുമുണ്ടായിരിക്കും. അവർക്കും തങ്ങളുടെ കുട്ടിയോടു ചില സ്നേഹബന്ധങ്ങളും താല്പര്യപ്രകടനങ്ങളുമുണ്ടായെന്നുവരാം. ചിലപ്പോഴെല്ലാം തങ്ങളുടെ കുട്ടി തന്റെ

---

ന്നു ഭാഗ്യമോടെ നമ്മെ ഭരിച്ചുകൊണ്ടിരിക്കുന്നതു. അന്നു തിരുമേനി ധരിച്ചിരുന്ന ക്രൂശുരൂപം കാർഡിനൽ സ്പെൽമന്റെ വക്ഷസ്സിൽ ഉണ്ടു.

### ഡോസ്റ്റോവിസ്കിയുടെ സ്വപ്നം

നാം സഭയെ സ്നേഹിക്കുന്നതുകൊണ്ടു റഷ്യയെയും ഓർക്കും. 19-ാം നൂറ്റാണ്ടിൽ റഷ്യയിൽ ജീവിച്ചിരുന്ന നിരവധി എഴുത്തുകാർ പ്രവചിച്ചു, റഷ്യ ഒരുകാലത്തു വളരെ ദുഷ്ടയായിത്തീരുമെന്നും എന്നാൽ അവസാനം അവൾ നന്നാകുമെന്നും. ഡോസ്റ്റോവിസ്കി കമ്മ്യൂണിസത്തെക്കുറിച്ചും പ്രവചിച്ചു. അദ്ദേഹം മാതൃഭൂമിയിൽ ഉണ്ടാകുവാൻ പോകുന്ന പരിവർത്തനങ്ങളെക്കുറിച്ചു പ്രവചിക്കുകയാണു: "ജീവിച്ചിരിക്കുന്ന ഷേക്സ്പിയർമാർ കൊല്ലപ്പെടുകയും റഷ്യ അവളുടെ പെരുങ്കള്ളങ്ങൾ പെരുമ്പറയടിക്കുകയും ലോകമെങ്ങും അക്രമം അഴിച്ചുവിടുകയും ചെയ്യുന്ന ദിവസങ്ങൾ ആഗതമാകും. ഈശ്വരനില്ലെന്നു കണ്ണുംപൂട്ടി വിശ്വസിക്കുന്ന ഒരുകൂട്ടം ആളുകൾ നമ്മുടെ (റഷ്യക്കാർ) ബന്ധുക്കളാകും. നാം നാടെങ്ങും കൊള്ളയും കൊള്ളിവെപ്പും നടത്തു—അങ്ങനെ ലോകം ഇതിനുമുമ്പു കണ്ടിട്ടില്ലാത്തമാതിരി ഒരു വിപ്ലവം റഷ്യയിൽ ഉണ്ടാകും." ഡോസ്റ്റോവിസ്കി തുടരുന്നു: "ഇതു എന്റെ പ്രിയപ്പെട്ട ജന്മഭൂമിയാണു. ഇവിടത്തെ യുവജനങ്ങളെ അക്രമവും, അനീതിയും അശുദ്ധാരൂപികളും ആവസിച്ചിരിക്കുന്നു. എന്നാൽ പോർക്കുകളെ അങ്ങു ആഴിക്കുള്ളിലേക്കു അടിച്ചോടിക്കും. അതവർക്കു നന്നായിരിക്കും. റഷ്യ ക്രിസ്തുവിന്റെ പാദപത്മങ്ങളിൽ ഇരിക്കും. എന്നിട്ടു അവിടത്തെ തിരുമുഖത്തിൽനിന്നും പൊഴിയുന്ന സുവിശേഷഗീതം പഠിക്കും."

### ചുരുട്ടിയ മുഷ്ടിയും കൂപ്പിയ കരവും

ഇതാണു നാമും വിഭാവനചെയ്യുന്ന റഷ്യ. ഇപ്പോൾ നടക്കുന്നതോ? ആദ്ധ്യാത്മികവും ഭൗതികവും തമ്മിലുള്ള ഒരു മല്ലിടത്തം. ഈശ്വരനെതിരായി സാത്താൻ! ചുരുട്ടിയ മുഷ്ടി! അതു വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും സംഹാരത്തിന്റെയും ചിഹ്നമാണു. അതു കണ്ടാൽ ഒരു മൃഗത്തിന്റെ ദംഷ്ട്രമാണെന്നു തോന്നിപ്പോകും. അതു കമ്മ്യൂണിസത്തിന്റെ ചിഹ്നമാണു.

നമ്മുടെ കരങ്ങൾ കൂപ്പിയതാണു. ആ കരങ്ങൾ പ്രഹരിക്കാനുള്ളതല്ല. ആ കരങ്ങൾക്കു രക്ഷിക്കാം. ആ കരങ്ങൾക്കു പ്രാർത്ഥിക്കാം. ആകാശത്തിലേക്കു ഉയർന്നുനില്ക്കുന്ന പത്തുഗോപുരങ്ങളാണവ. നമ്മുടെ ഉപവിവഴിയായും നമ്മുടെ കൂപ്പിയ കരങ്ങൾവഴിയായും അവരുടെ ചുരുട്ടിയ മുഷ്ടികൾ അഴിയട്ടെ! അക്രമം അവരിൽനിന്നു അകന്നുപോകട്ടെ. ക്രിസ്തുവിന്റെ സ്നേഹത്തിൽ അവരെ നമുക്കു ആശ്ലേഷിക്കാം. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹം എത്രമധുരമാണെന്നു സമസ്തലോകവും അറിയട്ടെ!

ചെറുകഥ

# കെണി

(ജോസഫ്)

ഭൂതകാലചരിത്രത്തിന്റെ ഏട്ടിൽ ഒരു ചോരച്ഛവി വരച്ച ആ ദിനത്തിന്റെ സ്മരണയിൽ മാധവന്റെ ഹൃദയം വിവിധവികാരതരംഗങ്ങളുടെ കോളിളക്കത്തിൽപ്പെട്ടു വലയാറുണ്ട്. ആ ഭയങ്കരസംഭവത്തിന്റെ കരിനിഴലുകൾ അയാളുടെ ചിന്താതലത്തിൽ ചലിച്ചുതുടങ്ങുമ്പോൾ ആ പക്വതവന്ന ഹൃദയംപോലും ആലിലപോലെ വിറച്ചുപോകാറുണ്ട്.

മാധവൻ പാലുമുതലാളിയുടെ ഓട്ടുകമ്പനിയിലെ ബൃഹത്തായ യന്ത്രങ്ങൾക്കിടയിൽ പണിയെടുക്കുന്ന ഒരു സാധുതൊഴിലാളിയാണ്. പ്രതിദിനക്കൂലിയായി കിട്ടുന്ന ഒന്നരരൂപാകൊണ്ടു് അഞ്ചംഗങ്ങളുള്ള അയാളുടെ കുടുംബത്തെ തീററിപ്പോററുന്നുവെന്നു പറയുന്നതിൽ അയാളെ സംബന്ധിച്ചിടത്തോളം അതിശയോക്തി ഒന്നുംതന്നെയില്ല.

പൈലി മാധവന്റെ അയൽവാസിയാണ്. ഒരു കൃഷകനായ അയാളുടെ വീടു് ദുർലഭമായിട്ടേ പട്ടിണിക്കു് ഇരയാകാറുള്ളു.

മാധവനും പൈലിയും തങ്ങളുടെ ബാല്യംമുതൽ സുഹൃത്തുക്കളാണ്. അവരോടൊപ്പം ആ പാവന സുഹൃൽബന്ധവും വളർന്നുവന്നു. പരസ്പരവിശ്വാസത്തോടും സ്നേഹത്തോടുംകൂടി അവർ ഏറെനാൾ ജീവിച്ചു.

കാരണമെന്തെന്നറിഞ്ഞില്ല! വിധി പൈലിക്കു് കൂടുതൽ അനുഗ്രഹാശിസ്സുകളേകിത്തുടങ്ങി. മാധവന്റെ സ്ഥിതി ഒന്നിനൊന്നു വഷളായും വന്നു. അയാൾ തന്റെ ദുരവസ്ഥയെ സ്വയം ശപിച്ചു. "ഞാനെന്തിനാണിങ്ങനെ പണിയണതു്? എത്രമാത്രം പണിതാലും പഷ്ണികൊണ്ടു് കുറകുത്തിക്കിടക്കാം. ഓണം വന്നാലും ഉണ്ണിപിറന്നാലും കുമാരനു് കുമ്പിളിൽ കഞ്ഞി എന്നുപറഞ്ഞമട്ടാ. ആ പൈലിക്കാണെങ്കിലോ. എന്റെ തലേലെഴുത്തു്!"

കുറെനാളുകളിങ്ങനെ കഴിഞ്ഞുപോയി.

* * *

അന്നത്തെ സായംകാലം കോരിത്തരിപ്പിക്കുന്ന മന്ദമാരുതനിൽ മുഴുകിയതായിരുന്നു. പെരിയാററിലെ ലോലതരംഗങ്ങളെ താലോലിച്ചുവരുന്ന ആ സായാഹ്നമാരുതനേററു് ആ സുഹൃത്തുക്കൾ ആനന്ദനിർവൃതിയടയുകയാണ്. മാധവനു് ഒരു വിശേഷവാർത്ത പറയാനുണ്ടായിരുന്നു. അയാൾ തന്റെ ചങ്ങാതിയോടു പറഞ്ഞു: "എന്റെമോൻ രാഘോനില്ലേ. അവൻ നാളെ വരുന്നു" എഴുത്തുണ്ടു്."

"ചെക്കൻ വല്ലോം കൊണ്ടുവരുമോ?" പൈലി ചോദിച്ചു.

"ആവോ? അവിടേം മററും വല്യശമ്പളോംമറേറം ഉള്ള സ്ഥലമല്ലേ."

പൈലി തന്റെ ചങ്ങാതിയുടെ ആനന്ദത്തിൽ പങ്കുകൊണ്ടു.

അടുത്തദിവസം രാഘവൻ സ്വഗൃഹത്തിൽ വന്നെത്തി. അവൻ നൂററിച്ചില്വാനം ഉറുപ്പിക പിതാവിനെ ഏല്പിച്ചു. മാധവനു് അതൊരു ഭീമമായ സംഖ്യയായിരുന്നു. അയാൾ ആനന്ദിച്ചു.

ആ തുകകൊണ്ടു് അയാൾ ഒരു മുറുക്കാൻകടയുണ്ടാക്കി. പുത്രൻ ഫാക്ടറിയിൽ പണിയുവാനും പിതാവു് കടയിലിരിക്കുവാനും തുടങ്ങി.

"ഈ കട തൊടങ്ങിയേപ്പിന്നെ ഞങ്ങക്കു് തരക്കേടില്ലകെട്ടോ! രാഘോൻ ആ രൂവാകൊണ്ടന്നതിലാ ഞങ്ങളു് പച്ചപിടിച്ചെ." ആനന്ദവിവശനായ മാധവൻ പൈലിയോടു് പറഞ്ഞു.

പൈലി പറഞ്ഞു: "മനിഷേക്കു് പഞ്ഞോംപടേംവസന്തോം ഒക്കെചെലപ്പൊ വരും. അതൊക്കെ ദൈവം നമ്മളെ പരീക്ഷിക്കാൻ വിടണതാ. നമ്മളെപ്പോഴും സൊകമായിട്ടിരുന്നാ ദൈവത്തേ ഓർക്കൂല......"

"ചങ്ങാതി പറഞ്ഞതു മുഴുവൻ ശരിയാ." മാധവൻ ശരിവച്ചു.

മാധവന്റെ കടയിലെ വരവു് വർദ്ധിച്ചുവന്നു. അയാൾ സന്തുഷ്ടനായി. ഒരു പുരയിടം വാങ്ങി. കുറേ നാളുകൾകൊണ്ടു് അതു് ഫലസമൃദ്ധമായിത്തീർന്നു. മാധവനു് പൈലിയുടെ നേരെയുണ്ടായിരുന്ന അസൂയ നിശ്ശേഷം മാഞ്ഞുപോയി. ആ സ്നേഹിതന്മാർ സുഖസുഭിക്ഷതയോടെ ദിനരാത്രങ്ങൾ പോക്കിവന്നു.

II

ഭൂമി അതിന്റെ അച്ചുതണ്ടിൽ ഒരു പ്രാവശ്യംകൂടി ചുററിയില്ല. അതിനുമുമ്പു് ചില സംഭവവികാസങ്ങൾ......!

ഒരു കൂട്ടം വിപ്ലവകാരികൾ ആ ഗ്രാമത്തിൽ താവളമുറപ്പിച്ചു. ഒരു വായനശാല സ്ഥാപിച്ചു് വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരേയും അതിൽ അംഗത്വം സ്വീകരിപ്പിച്ചു. ഗൂഢമായിപാനക്കളരികളും പ്രവർത്തനവുമാരംഭിച്ചു. രാത്രികാലങ്ങളിൽ മലമുകളിലും, അണ്ടർഗ്രൗണ്ടിലും, തൊഴിലാളികളുടെ വീടുകളിലുംവച്ചു നടത്തിയിരുന്ന കളരികളിൽ ചേരുവാൻ അന്നാട്ടുകാരെ അവർ നിർബന്ധിച്ചിരുന്നു. പട്ടണത്തിൽ നിന്നും വിദൂരമായ പ്രസ്തുതഗ്രാമം സമാധാനപാലകരുടെ ശ്രദ്ധയെ ആകർഷിച്ചുമില്ല. പുറമേ തനിദേശീയത്വം പ്രകടിപ്പിച്ചു്, അകമേ അവർ ഭീകരപ്രവർത്തനങ്ങൾ നടത്തി. ഗൂഢമായി ലഘുലേഖകൾ വിതരണംചെയ്തിരുന്നു.

"തൊഴിലാളി സഖാക്കളേ, നാട്ടുകാരേ! രാഷ്ട്രത്തിന്റേയും മുതലാളിപ്പിശാചുക്കളുടേയും കളിപ്പാവകളാണു് നമ്മൾ. മുരടിച്ച മുതലാളിത്തത്തിന്റെ ചെരിപ്പുനക്കികളായി ജീവിക്കുവാൻ ഇനിയും തുനിയുന്നോ? നമ്മുടെ ചുടുരക്തം ഊററിക്കുടിക്കുന്ന മുതലാളിവർഗ്ഗത്തെ നശിപ്പിക്കുവിൻ. അവരുടെ പ്രതാപങ്ങളെ നിർമ്മൂലമാക്കാൻ, അവരുടെ തലച്ഛേദം നടത്തുവാൻ, നിങ്ങൾ സംഘടിക്കുക. ഇന്നത്തെ സ്വേച്ഛാധിപത്യസർക്കാരിനേയും മുതലാളിവർഗ്ഗത്തേയും ഒന്നടക്കം സംഹരിക്കാൻ ഞങ്ങളുടെ കൊടിക്കീഴിൽ അണിനിരക്കുക. ലാത്തികൾ പൊക്കിച്ചുഴററട്ടെ! തോക്കുകൾ പൊട്ടിച്ചിററട്ടെ!! നമ്മുടെ സഹചാരികളായ—അതെ, ആ വീരസന്താനങ്ങൾ—വാരിക്കുന്തങ്ങൾ നമുക്കു് തുണയുള്ളപ്പോൾ നാമെന്തിനു ഭയപ്പെടണം? സോവിയററിലെപ്പോലെ സമത്വസുന്ദരമായ ഒരു നവ്യവ്യവസ്ഥിതി കെട്ടിപ്പടുക്കാൻ നാം മരണംവരെയും സമരംചെയ്യുക. ഫാക്ടറികൾ തീവച്ചു നശിപ്പിക്കുക. ഫാക്ടറി ഉടമസ്ഥന്മാരുടെ കടുഞ്ചോര പാനംചെയ്തു് അതിന്റെ ലഹരിയിൽ ആമഗ്നരായി ആറാടിക്കളിച്ചു് ആഗോളത്തെ വെല്ലുവിളിച്ചു് തുപ്പുരാകുക. വയലാറിലെ തലയോടുകൾപോലെ ഈ ലോകം മുഴുവൻ തലയോടുകളാൽ നിറയട്ടെ! ലോകം മുഴുവൻ ഉലയട്ടെ; നശിക്കട്ടെ!!..."

ഇങ്ങനെ പോകും ആ ലഘുലേഖകൾ.

* * *

അന്നു് ഞായറാഴ്ചയായിരുന്നു. ഒരു ബീഡിയും വലിച്ചുകൊണ്ടു് പൈലി മാധവന്റെ വീട്ടിൽ ചെന്നു.

"മലമോളികളരിയാശാന്മാരുടെ കടലാസു് കിട്ടിയോ? കളരിപ്പോവാറൊണ്ടോ?" പൈലി ആരാഞ്ഞു.

"അക്കൂട്ടർ പറയണതു് മുഴുവൻ പരമാർത്ഥം. എന്റെ ചെക്കൻ അക്കൂട്ടരെപ്പററി ചെലതൊക്കെ പറഞ്ഞു. എന്തിനാ ഈ മൊതലാളീം വേലക്കാരനുമൊക്കെ. എല്ലാരും പണിയെടുക്കട്ടെ. ചെലരൊക്കെ പെരപ്പൊറത്തുകേറി ഇരുന്നോണ്ടു് വർത്താനപ്പെട്ടീം പെട്ടിപ്പാട്ടും ഒക്കെക്കേട്ടു് രസിക്കണതെന്തിനാ. അക്കൂട്ടരു് ഈ മൊതലാളിമാരടെ കഴുത്തുവെട്ടും. അങ്ങനെ ചെയ്യണ്ടതാ." മാധവൻ സങ്കോചമെന്യേ തട്ടിവിട്ടു.

"അക്കൂട്ടരടെ ദൈവത്തിന്റെ കാര്യമൊന്നും പറയണ്ടാ. അവർക്കു പള്ളിമില്ല പട്ടക്കാരനുമില്ല, അമ്പലോമില്ല, ഭഗവതിമില്ല. വേലക്കാരുടെ കയ്യീന്നു് രൂപാ തട്ടിച്ചു് മേടിച്ചേച്ചും ചായക്കുടിക്കേം. ഇവരു് പറയണ മൊതലാളീം തൊഴിലാളിമില്ലാത്ത രാജ്യമൊണ്ടല്ലോ. അവടെ മൊതലാളിടേം തൊഴിലാളിടേം അയ്യരുകളിയാ. കമ്മ്യൂണിസ്റ്റുമ്മാരുടെ തലവന്മാരു് സുഖിക്കേം പാവങ്ങളു് വേലയെടുക്കേം. വല്ല തീണ്ണേലുമൊക്കെ ചുരുണ്ടുകൂടി കെടന്നോണം. ഇതൊക്കെ ഞങ്ങടെ പള്ളീലെ അച്ചൻ തെവസോം പ്രസംഗത്തി പറയാറൊള്ളതാ. മൂന്നുതരം; ഞാനക്കൂട്ടരുടെ കൂട്ടത്തിച്ചേരുല്ല." പൈലിയും വിട്ടുകൊടുത്തില്ല.

"ഇതൊക്കെ വെറുതേ പറയണതാ. മണ്ടക്കായൊന്നുമില്ല. അവരുടെ കളരിലെ ഒരു പ്രസംഗപടിപ്പിരു് കേട്ടാമതില്ലോ മനിഷേരടെ മനസ്സലിയാൻ. അവരു് മന്ത്രിമാരാവുമ്പൊ നമ്മളൊക്കെയാ മാന്യന്മാരും പൗരജനങ്ങളുമൊക്കെ."

"എന്നാ കണ്ടറിയാം. സൂത്രത്തിലവരു "കെണി"ൽ ചാടിക്കുവോന്നു് നോക്കിക്കോ. പറഞ്ഞാത്തിരിയാത്തതു് കണ്ടാത്തിരിയൂല്ലോ."

* * *

വിപ്ലവകാരികൾ ഊർജ്ജിതമായ പ്രവർത്തനമാരംഭിച്ചു. ആഴ്ചതോറും തൊഴിലാളികളുടേയും കർഷകരുടേയും പക്കൽനിന്നും പണം പിടുങ്ങിക്കൊണ്ടിരുന്നു. ഓട്ടുകമ്പനിയിലും ഒരു സംഘടന സ്ഥാപിച്ചു. രാഘവൻ സെക്രട്ടറിയുമായി. കുറേ സഖാക്കൾകൂടിച്ചെന്നു് പൈലിയോടു് പണമാവശ്യപ്പെട്ടു. "തല്ക്കാലമില്ലെ"ന്നു പറഞ്ഞു് മൂപ്പിലു അവരെ പറഞ്ഞയച്ചു.

ഒരു ദിവസം പൈലി മാധവനെ താക്കീതു ചെയ്തു: "ചെക്കനെ ചിത്തയാക്കല്ലേകെട്ടോ." മാധവന്റെ മട്ടുമാറി. "താൻ പോടോ. തനിക്കൊന്നുമറിയാമ്മേലാ. ഉപദേശിക്കാൻ വന്നേക്കണു. തനിക്കെന്താ ചേതം. ഞാൻ കളരി..."

പൈലി ശാന്തനായി പറഞ്ഞു: "താൻ, എടോ എന്നൊക്കെ എന്തുവോരം വേണേലും വിളിച്ചോ. നമ്മളു് കൊച്ചിലെമൊട്ടു് ഒന്നിച്ചുവളന്നവരാ. പെണങ്ങണതെന്തിനാ വെറുതേ. അവരടെ കൂട്ടിക്കൂടാണ്ടിരുന്നാ ചങ്ങാതിക്കു നല്ലതു്." മാധവൻ വകവച്ചില്ല. അയാൾ വിപ്ലവകാരികളുടെ ഉപദേശങ്ങളെ വീണ്ടും ചെവിക്കൊണ്ടു.

III

കമ്പനിയിലെ പണി നിർത്താനുള്ള മണിയടിച്ചു. ജലപ്രളയംപോലെ തൊഴിലാളികൾ പുറത്തേക്കു പ്രവഹിച്ചു. സഖാവു് ഇട്ടിയുടെ നേതൃത്വത്തിൽ കുറേ വിപ്ലവകാരികൾ കമ്പനിമാനേജരെ സമീപിച്ചു. "48 മണിക്കൂറിനുള്ളിൽ തൊഴിലാളികളുടെ കൂലി കൂട്ടിയില്ലെങ്കിൽ പണിമുടക്കു നടത്തുന്നതാണെന്നു് പ്രൗഢമായ ഭാഷയിൽ നേതാവു് സംസാരിച്ചു. തൊഴിലാളികളുടെ അഭിപ്രായാനുസരണം അധികൃതർ കൂലികൂട്ടിയതായി പ്രഖ്യാപിച്ചു.

ഇക്കാര്യം കേട്ടപ്പോഴേക്കും മാധവൻ പൈലിയോടു ചോദിച്ചു: "ഇപ്പോഴെന്തായെടോ ചങ്ങാതി, മാനേജരമ്മാരു് പേടിച്ചു വെറങ്ങലിച്ചുപോയി. ഞങ്ങടെ സഖാക്കന്മാരു് നല്ല മട്ടിലങ്ങു ചെന്നു; മാനേജരോടു് ഇങ്കിരിശിലങ്ങു് തവുസ്സാരിച്ചു...!"

പൈലി ഒന്നും സംസാരിച്ചില്ല.

ഒരാഴ്ച ബഹളമൊന്നും കൂടാതെ കടന്നുപോയി. നേതാവു് കമ്പനി അധികൃതക്കു് ഒരു മെമ്മോറാണ്ടം അയച്ചു. "കൂലി ഉടൻ ഇരട്ടിയാക്കണമെന്നും തൊഴിലാളികളുടെ നിരവധി അവശതകൾ പരിഹരിക്കണമെന്നും" അതിൽ പ്രസ്താവിച്ചിരുന്നു. കമ്പനിയുടെ സാമ്പത്തികസ്ഥിതി മോശമാണെന്നും അതിനാൽ തല്ക്കാലം യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നുംമറുപടികൊടുത്തു. നേതാവിനു കാരണവും കിട്ടി. പിറേറദിവസം തൊഴിലാളികൾ പണിമുടക്കു് നടത്തണമെന്നു് ആജ്ഞാപിച്ചു.

അടുത്തദിവസം പ്രഭാതത്തിൽ സ: ഇട്ടിയുടെ നേതൃത്വത്തിൽ ഫാക്ടറി തൊഴിലാളികൾ ചെങ്കൊടി പിടിച്ചുകൊണ്ടു് ഒരു ജാഥനടത്തി. "മുതലാളിരാക്ഷസന്റെ തലവെട്ടുക", "ഇന്നത്തെ മന്ത്രിമാർ മുതലാളിസേവകർ" തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ടു് ജാഥ യോഗസ്ഥലത്തെത്തി. ഇട്ടിയുടെ തീപ്പൊരിയൻ പ്രസംഗത്തിനുശേഷം സഖാക്കളായ കണ്ടങ്കോരൻ, മയിമ്മു, ചിക്കു തുടങ്ങിയവരുടെ തകർപ്പൻ പ്രസംഗങ്ങൾ നടന്നു. യൂണിയന്റെ അടിയന്തിരകാര്യം നടത്തിപ്പിനാണെന്നു പറഞ്ഞു് തൊഴിലാളികളുടെ പക്കൽനിന്നു് ഒന്നരരൂപാ വീതം വാങ്ങി.

ഫാക്ടറിയിൽ ബഹളമുണ്ടാകുമെന്നറിഞ്ഞതിനാൽ തലേദിവസംതന്നെ ഒരു വണ്ടി റിസർവ്വ് പോലീസ് അവിടെയെത്തി ക്യാമ്പടിച്ചിരുന്നു.

കാലത്തു് 9 മണിയായതോടെ തൊഴിലാളികൾ മാനേജരുടെ മുറിക്കു മുമ്പിൽകൂടിനിന്നുകൊണ്ടു് മുദ്രാവാക്യങ്ങൾ ഉൽഘോഷിച്ചു. മുറിക്കുള്ളിലേക്കു് തിക്കിക്കയറാൻ ശ്രമിച്ചു. പട്ടാളം തോക്കു തോളത്തുവച്ചുകൊണ്ടു് ക്യാപ്റ്റന്റെ ആജ്ഞ കേൾക്കാൻ കാത്തുനിന്നു. ക്യാപ്റ്റൻ പറഞ്ഞു "മിസ്റ്റർ ഇട്ടി! താങ്കൾ ഉടൻ പണിമുടക്കു് പിൻവലിച്ചില്ലെങ്കിൽ ഈ നില്ക്കുന്ന സാധുക്കൾ ഞങ്ങളുടെ തോക്കിനിരയാകുന്നതാണ്. ഫാക്ടറിയുടെ റൂളിനെതിരാണു് നിങ്ങളുടെ ഈ സാഹസം. മാനേജർ പറയുന്നതു നിങ്ങൾക്കു മനസ്സിലാകുന്നില്ലേ? നിങ്ങൾ പിൻവലിക്കുമോ? വേഗംപറയണം!..."

"ഇല്ല! ഇല്ല!" ഇടയ്ക്കുകയറി ഇട്ടി അട്ടഹസിച്ചു.

ക്യാപ്റ്റൻ ക്രുദ്ധനായി പറഞ്ഞു: "ഞാൻ ഒരുതരം, രണ്ടുതരം, മൂന്നുതരം, ഇങ്ങനെ പറയും. മൂന്നുതരം പറയുന്നതിനുള്ളിൽ നിങ്ങൾ പിൻതിരിഞ്ഞില്ലെങ്കിൽ!!!..."

ആളുകൾ ആവേശഭരിതരായി, സോൽക്കണ്ഠം അടുത്ത നിമിഷത്തെ കാത്തുനിന്നു.

ക്യാപ്റ്റൻ മുഷ്ടിചുരുട്ടിക്കൊണ്ടു് ഗർജ്ജിച്ചു. "ഒരുതരം! രണ്ടുതരം!! മൂ...ന്നു്......ത....!!!" തൽക്ഷണത്തിൽ ഇട്ടി ചാടിക്കയറിവന്നു് "മൂന്നര. ... തരം!!!!" എന്നു പറഞ്ഞുകൊണ്ടു ഷർട്ടു്കീറി മാറിടം തുറന്നുകാണിച്ചതും തിരക്കിനിടയിൽക്കൂടി പ്രാണനും കൈയിൽപിടിച്ചുകൊണ്ടു് അവിടെനിന്നും പരവശപ്പെട്ടു് ഓടിയതും ഓരോ നിമിഷത്തിൽ കഴിഞ്ഞു. തൊഴിലാളികളുടെ ഹൃദയങ്ങളിൽക്കൂടി വിദ്യുല്ലത പാഞ്ഞു. കമ്പനി മാനേജർ ആർത്തുവിളിച്ചു. "ക്യാപ്റ്റൻ! സാധുക്കളെ കൊല്ലരുതേ!!.." ക്യാപ്റ്റൻ വിസിൽ വായിൽവച്ചു!; "..." ഊതി!! ആ നിമിഷത്തിൽ അന്തരീക്ഷത്തെ പിളർന്നുകൊണ്ടു് ഒരു പൊട്ടൽ!!! തൊഴിലാളികൾ ഭയവിഹ്വലരായി അങ്ങോട്ടുമിങ്ങോട്ടുമോടി; ഞെങ്ങിഞെരിഞ്ഞു. എന്നാൽ......ആ പൊട്ടൽ വെറും "പേപ്പിടി" മാത്രമായിരുന്നു. തോക്കുകൾ ഒരേസമയത്തു് നിലത്തുകുത്തി. ഉടൻ പട്ടാളം ലാത്തിച്ചാർജ്ജു് നടത്തി. പ്രാണനിൽ കൊതിയുണ്ടായിരുന്നവർ തിരിഞ്ഞോടി. തലവന്മാരെ പിടികൂടി; ഫാക്ടറി മാനേജർ മിഴിച്ചുനിന്നു. രാഘവനേയും പിടികൂടി. അവൻ നിലവിളിച്ചു. "അയ്യോ! അച്ഛാ!!......ചതിച്ചു...കൊല്ലല്ലേ!...ഇട്ടി...അവൻ കൊന്നു...ചതിച്ചു...പണം പിടുങ്ങി...തല്ലു് മി...ച്ചം...അയ്യോ!!...ഹാ...!" പട്ടാളക്കാരൻ അട്ടഹസിച്ചു. "നില്ക്കടാ അവിടെ തെമ്മാടി! എവിടേടാ പിറേ, നിന്റെ സഖാക്കന്മാരു്? ജീവനും കൊണ്ടോടി.... അമ്പടാ!....നിന്നെ വിടണം... അല്ലേ?... എന്തടാ... ... !!!" മാധവൻ തന്റെ പുത്രന്റെ നിലവിളികേട്ടു ഓടിവന്നു. അയാൾ വിറച്ചുപോയി. ഒരു മിന്നൽപ്പിണർ, അയാളുടെ മനസ്സിൽക്കൂടി!!!

രാഘവൻ തുടങ്ങിയ സഖാക്കളെ ജയിലിലടച്ചു.

മാനേജർ ഇട്ടിയേയും കൂട്ടരേയും അന്വേഷിച്ചു.

ഒരു ബാലൻ കമ്പനിക്കു് പുറത്തുനിന്നും വിളിച്ചുപറഞ്ഞു: "ഇട്ടിയും എ

---

സ്നേഹിതന്മാരെ കളിക്കുവാനായി വീട്ടിലേക്കു ക്ഷണിക്കട്ടെ. അപ്പോൾ കുട്ടിയുടെ സ്നേഹിതന്മാർ ആരെല്ലാമാണെന്നും എങ്ങനെയുള്ളവരാണെന്നും അടുത്തറിയുവാൻ മാതാപിതാക്കന്മാർക്കു ഒരുപക്ഷേ സാധിച്ചേക്കാം. തങ്ങളുടെ കുട്ടി ബലഹീനരും പാവങ്ങളുമായ മററു കുട്ടികളുടെമേൽ കുതിരകയറുവാനോ അവരെ മർദ്ദിക്കുവാനോ ഒരിക്കലും അനുവദിക്കരുതു്. തക്കശിക്ഷമാത്രമാണു് ഇതിനു പ്രതിവിധി. അപ്രകാരംതന്നെ തങ്ങളുടെ കുട്ടിയെ മററുള്ളവർ ചെവിക്കുപിടിച്ചു നടത്തുവാനോ മററുള്ളവരുടെ കൈയിൽ സ്വസന്താനം ഒരു വെറും പാവയായിത്തീരുവാനോ സമ്മതിക്കരുതു്. മാതാപിതാക്കന്മാരുടെ നേതൃത്വവും സഹവാസവുംമൂലം സ്വാശ്രയശീലവും ആത്മവിശ്വാസവും അവനിൽ വേരുറയ്ക്കട്ടെ.

(ജെ. ചെമ്മണൂർ)

# ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# ജപമാലധ്യാനം

പ്രിയകുഞ്ഞുങ്ങളേ,

അടുത്ത ശനിയാഴ്ച മേയ്മാസത്തിലെ ആദ്യശനിയാഴ്ചയാണെന്നു അറിയാമല്ലോ. ആദ്യശനിയാഴ്ചഭക്തി ആചരിക്കുന്നതിനു പ്രധാനമായി ചെയ്യേണ്ടതു കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുക, ജപമാല ചൊല്ലുക, ജപമാലയിലെ രഹസ്യങ്ങളെപ്പററി 15 മിനിട്ടുനേരം ധ്യാനിക്കുക എന്നിവയാണ്. ഈ സൽകൃത്യങ്ങളെല്ലാം മാതാവിന്റെ വിമലഹൃദയത്തിനു എതിരായി ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായി കാഴ്ചവയ്ക്കണം. ശനിയാഴ്ചദിവസംതന്നെ കുമ്പസാരിക്കണമെന്നില്ല. എട്ടുദിവസത്തിനിപ്പുറം എന്നെങ്കിലും കുമ്പസാരിച്ചിരുന്നാൽമതി. ദിവ്യകാരുണ്യംസ്വീകരിക്കുന്നതു വരപ്രസാദസ്ഥിതിയിലായിരിക്കണമെന്നേയുള്ളു. നിങ്ങളിൽ മിക്കവരും ആദ്യവെള്ളിയാഴ്ച കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുന്നവരാണല്ലോ. ആകയാൽ പിറേറദിവസംകൂടി മാതാവിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവ്യകാരുണ്യം സ്വീകരിച്ചാൽ മതിയാകുന്നതാണ്. ജപമാലചൊല്ലുക, 15 മിനിട്ടുനേരം ജപമാലയിലെ രഹസ്യങ്ങളെപ്പററി ധ്യാനിക്കുക എന്ന രണ്ടുകാര്യവും ഒരുമിച്ചു നിർവ്വഹിക്കാവുന്നതാണ്. "ആകാശങ്ങളിലിരിക്കുന്ന", "നന്മനിറഞ്ഞമറിയം", "ത്രിത്വസ്തുതി" എന്നിവ ആവർത്തിച്ചുചൊല്ലുന്നതോടുകൂടി ധ്യാനവും നടത്തുന്നതിനു പ്രയാസമില്ല. ഇതു സംബന്ധിച്ചു 1950 മാർച്ച് മാസത്തിലെ "കർമ്മലകുസുമം" 164-ാം പേജിൽ ചേർത്തിട്ടുള്ള ലേഖനത്തിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

"എല്ലാരഹസ്യത്തിലും മാതാവിനെയോ മിശിഹായെയോ അല്ലെങ്കിൽ അവർ രണ്ടുപേരെയും ഒരുമിച്ചോ കാണാൻ കഴിയും. ശാരീരികമായി അവർ ഒരുമിച്ചു ഒരു സ്ഥലത്തില്ലാത്തപ്പോഴും ആത്മീയമായി അവരും പരിശുദ്ധ പരമത്രിത്വത്തിന്റെ ഇതരയാളുകളും ആ സ്ഥലത്തുണ്ടെന്നു കരുതുന്നതിൽ അബദ്ധമില്ലതന്നെ. അവരെല്ലാവരുടെയും സന്നിധിയിൽ നാമും നില്ക്കുന്നു എന്നു സങ്കല്പിച്ചുകൊണ്ടു അവരോട് "ആകാശങ്ങളിലിരിക്കുന്ന", "നന്മനിറഞ്ഞ മറിയം" മുതലായ നമസ്കാരങ്ങൾ വഴിയായി നമുക്കു സംസാരിക്കാം. ഉദാഹരണത്തിനായി സന്തോഷത്തിന്റെ ഒന്നാം രഹസ്യംതന്നെയെടുക്കാം. അവിടെ നാം മംഗലവാർത്തചൊല്ലുവാൻവന്ന മാലാഖയേയും "കർത്താവിന്റെ ദാസി ഇതാ, അങ്ങേ തിരുവചനംപോലെ എന്നിലാകട്ടെ" എന്നു പറഞ്ഞുകൊണ്ടു രണ്ടാമാളായ പുത്രൻതമ്പുരാനെ തന്നിലേക്കു സ്വീകരിക്കുന്ന പരിശുദ്ധകന്യകമറിയത്തേയും കാണുന്നു. ദൈവത്തിന്റെ അമ്മ എന്ന മഹോന്നത സ്ഥാനം ലഭിക്കുവാൻ പോകുന്നുവെന്നു കണ്ടിട്ടും ഒരു ദാസിയായി തന്നെത്തന്നെ കരുതുന്ന മറിയത്തിന്റെ എളിമ ഇവിടെ പ്രത്യേകമായി ശോഭിക്കുന്നുണ്ട്. ഇതെല്ലാം ആത്മനാ കണ്ടുകൊണ്ടു നമുക്കു ഇങ്ങനെ ചൊല്ലാം:

"ഞങ്ങളുടെ രക്ഷയ്ക്കായി രണ്ടാം ആളായ പുത്രൻതമ്പുരാനെ ലോകത്തിലേക്ക് അയച്ച സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങേ തിരുനാമം ശുദ്ധമാകപ്പെടട്ടെ. അങ്ങേ പുത്രനോടുകൂടി അങ്ങേ രാജ്യം ഭൂമിയിൽ വരട്ടെ, അങ്ങേ തിരുമനസ്സു മറിയത്തിലെപ്പോലെ ഭൂമിയിൽ



എല്ലാവരും നിറവേററട്ടെ. ഞങ്ങളുടെ ആത്മീയപോഷണമായ വി. കുർബാനയും ശാരീരികപോഷണവും ഞങ്ങൾക്കിന്നു തരേണമെ. എളിമയുടെ അഭാവത്താൽ ഞങ്ങളെ ദ്രോഹിച്ചിട്ടുള്ളവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ നിശ്ശേഷതയാൽ ഞങ്ങൾ അങ്ങയോടു ചെയ്ത തെററുകളും ഞങ്ങളോടു ക്ഷമിക്കേണമെ. ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുത്, വിശേഷിച്ചു നിഗളമെന്ന തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ ആമ്മേൻ.

"മാലാഖയുടെ മംഗലവാർത്തയെ എളിമയോടുകൂടി സ്വീകരിച്ച ശുദ്ധമറിയമേ, നിനക്കു സ്വസ്തി. ഇതാ കർത്താവ് അങ്ങേ ഉദരത്തിൽ എഴുന്നള്ളിവന്നിരിക്കുന്നു. അതിനാൽ അങ്ങു സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. അങ്ങേ ഉദരത്തിൻ ഫലമായ ഈശോയും വാഴ്ത്തപ്പെട്ടവനാകുന്നു.

"ശുദ്ധമറിയമേ, തമ്പുരാന്റെ അമ്മേ, എളിമയ്ക്കു വിരോധമായി അനേകം തെററുകൾ ചെയ്യുന്ന പാപികളായ ഞങ്ങൾക്കു നിഗളത്തെ ജയിച്ചു എളിമയുള്ളവരായിത്തീരുന്നതിനുള്ള സഹായം നൽകുന്നതിനുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോടു അപേക്ഷിച്ചുകൊള്ളേണമേ. ആമ്മേൻ.

"തന്റെ പുത്രനെ ഞങ്ങളുടെ രക്ഷയ്ക്കായി പരിശുദ്ധമറിയത്തിൻപക്കലേക്കു അയച്ച പിതാവിനും, ഞങ്ങൾക്കുവേണ്ടി ഒരടിമയുടെ വേഷത്തിൽ മറിയത്തിന്റെ തിരുവുദരത്തിലേക്കു വന്ന പുത്രനും അത്ഭുതകരമായി അതിനു സഹകരിച്ച പരിശുദ്ധാത്മാവിനും സ്തുതിയുണ്ടായിരിക്കട്ടെ..." കൃത്യം ഇതേ വാക്കുകളോ ആശയങ്ങളോ വേണമെന്നില്ല. അതുപോലെതന്നെ ആശയങ്ങളെല്ലാം ചുണ്ടുകൊണ്ടു ഉച്ചരിക്കണമെന്നില്ല. പ്രാർത്ഥനയിലെ വാക്കുകൾ ഉച്ചരിക്കുമ്പോൾ ഇതുപോലെയുള്ള ആശയങ്ങൾ മനസ്സിൽ ഉണ്ടായിരുന്നാൽ മാത്രം മതി. ഓരോ രഹസ്യത്തിനും അനുസരണമായി ഏതെങ്കിലും ഒരു പുണ്യം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും അതിനെതിരായി ചെയ്തുപോയിട്ടുള്ള പാപങ്ങൾക്കു പൊറുതി അപേക്ഷിക്കുകയും ചെയ്യുന്നതുകൊള്ളാം. ഒരു രഹസ്യംതന്നെ പല പുണ്യങ്ങളുടെയും മാതൃക നമുക്കു കാണിച്ചുതരുന്നുണ്ടാവാം. ഉദാഹരണമായി നാം ഇപ്പോൾ ധ്യാനിച്ചുകൊണ്ടിരിക്കുന്ന സന്തോഷത്തിന്റെ ഒന്നാം രഹസ്യത്തിൽ കന്യാവ്രതം, അഥവാ ശുദ്ധതയോടുള്ള സ്നേഹം, ദൈവതിരുമനസ്സിനോടുള്ള യോജിപ്പ്, ദൈവശക്തിയിലുള്ള അചഞ്ചലമായ വിശ്വാസം മുതലായ മററു പല പുണ്യങ്ങളും നാം കാണുന്നുണ്ട്. എളിമയ്ക്കുവേണ്ടി, പ്രാർത്ഥിച്ചതുപോലെ ഇവയിൽ ഏതെങ്കിലും ഒന്നിനുവേണ്ടിയോ എല്ലാററിനുംവേണ്ടി ഒരുമിച്ചോ പ്രാർത്ഥിക്കാവുന്നതാണ്.

"ഇനി ഓരോ രഹസ്യത്തിനും മാറി മാറി പുണ്യം എടുക്കണമെന്നില്ല. സന്തോഷത്തിന്റെ അഞ്ചു രഹസ്യങ്ങളിലും, എളിമ എന്ന പുണ്യം ശോഭിക്കുന്നതായിക്കാണാം. അതിനാൽ ഒരു അൻപത്തിമൂന്നു മണിജപം മുഴുവനും ആ ഒരു പുണ്യത്തെക്കുറിച്ചു ധ്യാനിച്ചു അതു ലഭിക്കാനായി ഉപയോഗിക്കാം."

ഈ നിർദ്ദേശങ്ങൾ കൺമുമ്പിൽ വച്ച് അടുത്ത ശനിയാഴ്ച ധ്യാനിച്ചുകൊണ്ടു ജപമാലചൊല്ലുവാൻ ശ്രമിക്കുക. യാതൊരു പ്രയാസവുമുണ്ടാകയില്ല.

മേയ് 13-ാം നു-

പുതുതായി ബാലസമിതിയിൽ 589 ആൺകുട്ടികളും 630 പെൺകുട്ടികളും ചേർന്നിട്ടുണ്ട്. മുട്ടം, രാമപുരം, കുന്നിഞ്ഞി, ആരക്കുഴ, അറയ്ക്കുളം, പൂവത്തോട്, ചാമ്പിൽ, കമ്പളം, മണിമല എന്നിത്യാദിസ്ഥലങ്ങളിൽനിന്നു അനേകംപേർ ഒരുമിച്ചു ചേരുകയുണ്ടായി. നേരത്തെ ബോസ്കോ ബാലസംഘത്തിൽ ചേർന്നിരുന്നവർ ഉൾപ്പെടെ ഇപ്പോൾ ഫാത്തിമാബാലസമിതിയിൽ ആകെ 1629 ആൺകുട്ടികളും 1477 പെൺകുട്ടികളുമുണ്ട്. സമിതിയിലെ പേർ അയക്കാത്തവർപോലും ഉപദേശങ്ങൾ വായിക്കുകയും ഫാത്തിമാബാലസമിതിയുടെ ആദർശം അനുസരിച്ചു പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്നാണു വലിയച്ചന്റെ വിശ്വാസം. ഈ മേയ്മാസം 13-ാംനു (വരുന്നതിന്റെ പിന്നത്തെ ശനിയാഴ്ച) യാണല്ലോ ഫാത്തിമാബാലസമിതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം. ഫാത്തിമായിൽ മാതാവ് ആദ്യമായി പ്രത്യക്ഷപ്പെട്ടിട്ടു അന്നേക്കു 33 വർഷം തികയുന്നതാണ്. ഇക്കൊല്ലം അതൊരു ശനിയാഴ്ചയുമാണ്. അന്നു സാധിക്കുന്നവരെല്ലാം കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കണം. കൂടാതെ, എല്ലാവരും അന്നു തങ്ങളെത്തന്നെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കയും ഫാത്തിമാസന്ദേശം അനുസരിച്ചു പ്രവർത്തിക്കുന്നതാണെന്നു വാഗ്ദാനംചെയ്യുകയുംവേണം. "മറിയത്തിന്റെ വിമലഹൃദയമേ! ഇൻഡ്യയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെ", "ജപമാലരാജ്ഞി! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" എന്ന സുകൃതജപങ്ങൾ അന്നും മററു ദിവസങ്ങളിലും ചൊല്ലുന്നതിനു ഏററവും പററിയവയാണ്.

ഇപ്പോൾ മേയ്മാസം ആരംഭിച്ചിരിക്കയാണല്ലോ. മാതാവിന്റെ "മാസവണക്കം" എല്ലാ വീടുകളിലും ഭക്തിയോടുകൂടി നടത്തുന്നതിനു നിങ്ങൾ ഉത്സാഹിക്കണം. മാതാവിന്റെ രൂപത്തിന്മേൽ പുഷ്പങ്ങൾ ചാർത്തുന്നതിലും "നല്ലമാതാവേ!" മുതലായ പാട്ടുകൾ പാടുന്നതിലും പ്രത്യേകം താല്പര്യംവയ്ക്കണം. അങ്ങനെ മാതാവിന്റെ അനുഗ്രഹം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും ധാരാളമായി ലഭിക്കുമാറാകട്ടെ. വലിയച്ചൻ കുഞ്ഞുമക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്.

## പ്രബന്ധമത്സരം

ഏപ്രിൽമാസത്തിലെ പ്രബന്ധമത്സരത്തിൽ ആകെ 22 പേർ പങ്കെടുത്തു. അവരിൽ മൂന്നുപേർ അയച്ച പ്രബന്ധങ്ങൾ നിശ്ചിതതിയതിക്കുള്ളിൽ കിട്ടാതിരുന്നതുകൊണ്ട്, അവ തിരസ്കരിക്കേണ്ടിവന്നു. മററു പ്രബന്ധങ്ങൾ മൂന്നുപേർ വായിച്ചു പരസ്പരം ആലോചിക്കാതെ മാർക്കിടുകയും അനന്തരം മാർക്കിന്റെ ശരാശരി എടുക്കുകയും ചെയ്തു. 80 ശതമാനം മാർക്കു കിട്ടിയവർ: (1) കെ. വിക്ടർ ചാരുമ്മൂട്, നൂറനാട് (2) എം. അലക്സ്, ചാരുമ്മൂട്, ചുനക്കര (3) എം. എൽ. ആന്റണി, മാറോക്കി, മുത്തുപാററർ, ചാവക്കാട്. ജോസ് കുഴിപ്പറമ്പിൽ, തെക്കാട്ടുശ്ശേരി അവർകൾക്കും പുതുപ്പറമ്പിൻ കൊച്ചുത്രേസ്യാ കൊട്ടാരങ്ങൽ അവർകൾക്കും 75 ശതമാനംവീതം മാർക്കുകിട്ടി. ആദ്യത്തെ മൂന്നുപേർക്കു "മതപാഠം" എന്ന പുസ്തകവും മററു രണ്ടുപേർക്കു "രക്തസാക്ഷിണി" എന്ന പുസ്തകവും സമ്മാനമായി അയച്ചുകൊടുക്കുന്നു. തോമസ് മേരിക്കുട്ടി, ഏലിക്കുട്ടി ജോസഫ്, ജോസഫ് പാഞ്ഞാറ എന്ന മൂന്നുപേർക്ക് 70 ശതമാനം മാർക്കുവീതം കിട്ടിയ കാര്യവും പ്രസ്താവാർഹമാണ്. ബാക്കിയുള്ളവർക്കും 45 ശതമാനത്തിനുമേൽ മാർക്കുകിട്ടിയിട്ടുണ്ട്. എല്ലാവർക്കും വലിയച്ചന്റെ ഹാർദ്ദമായ അനുമോദനങ്ങൾ. അടുത്തപ്രാവശ്യം കൂടുതൽപേർ മത്സരത്തിൽ പങ്കെടുക്കുമെന്നു വിചാരിക്കുന്നു.

മേയ്മാസത്തെ പ്രബന്ധമത്സരത്തിനുള്ള വിഷയം: ജപമാലഭക്തി. (ഈ ഭക്തിയുടെ ഉത്ഭവം, അതിന്റെ വൈശിഷ്ട്യം, പ്രയോജനം, അതു പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത ആദിയായ കാര്യങ്ങളെപ്പററി പ്രബന്ധത്തിൽ ചർച്ചചെയ്യാവുന്നതാണ്.) 20 വയസ്സിൽ കവിയാത്ത ഫാത്തിമാബാലസമിതിയംഗങ്ങൾക്കെല്ലാം ഇതിൽ പങ്കെടുക്കാവുന്നതാണ്. പ്രബന്ധം കാൽത്താൾ കടലാസിന്റെ നാലുവശത്തിൽ കവിയരുത്. പ്രബന്ധം സ്വന്തം പരിശ്രമഫലമാണെന്നുള്ളതിനു ഒരു വൈദികന്റെയോ കന്യാസ്ത്രീയുടേയൊ സാക്ഷ്യമുണ്ടായിരിക്കണം. പ്രബന്ധം ജൂൺമാസം 1-ാംനു-ക്കു മുമ്പായി കിട്ടത്തക്കവണ്ണം, "ബ. വലിയച്ചൻ C/o സത്യദീപം, എറണാകുളം" എന്ന മേൽവിലാസത്തിൽ അയച്ചുതരണം. പ്രബന്ധം എഴുതിയ ആളുടെ മേൽവിലാസം കൃത്യമായി എഴുതിയിരിക്കണം. രണ്ട് ആൺകുട്ടികൾക്കും രണ്ടു പെൺകുട്ടികൾക്കും സമ്മാനങ്ങൾ നല്കുന്നതാണ്.

എന്നു സ്വന്തം വലിയച്ചൻ

---

സത്യദീപത്തിന്റെ കൊട്ടേക്കാട് ഇടവക അതിർത്തിക്കുള്ളിലെ സ്ഥിരം ഏജൻറു ഞാനാണെന്നുള്ള വിവരം ഒന്നുകൂടി ഇടവകക്കാരെ അറിയിക്കുന്നു. പത്രം വേണ്ടവർ ആറുമാസത്തെ വരിസംഖ്യ മുൻകൂർ അടച്ചു പേർ രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ.

പി. താരു ചാലിശ്ശേരി, കറന്നൂർ

---

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന ഓരോ പേരിലും എത്ര മാർപ്പാപ്പാമാർ വീതമുണ്ടായിരുന്നു?

(1) ജോൺ (2) ബെനഡിക്തോസ് (3) അലക്സാണ്ടർ (4) ഫെലിക്സ് (5) ബോനിഫസ്.

ഉത്തരങ്ങൾ

(1) 22 (2) 15 (3) 8 (4) 4 (5) 9.

---

## സൗജന്യവിതരണ ഫണ്ട്

റവ. ഫാ. സെബാസ്റ്റ്യൻ മലമേൽ ക. 6—0—0

---

ട്ടുപത്തു സഹാക്കളും ഇപ്പൊ കൊറച്ചു നേരം മുമ്പ് ആ പടികടന്നു വടക്കോട്ട് ഓടണതുകണ്ടു. ഇപ്പൊ രണ്ടു മൂന്നു മൈല് ദൂരെയെത്തിക്കാണും. അങ്ങനത്തെ ജാതിയാ ഓട്ടം. ഇപ്പൊ വീഴുന്നു തോന്നും ആ അന്തംവിട്ടുള്ള പാച്ചില് കണ്ടാല്!..."

മാധവന്റെ മനസ്സിൽ ചില ചിന്താശകലങ്ങൾ ഉദിരണം ചെയ്തു "അവന്മാരുകാരണം എന്റെ മോന്റെ കൈയും കാലുമൊക്കെത്തകന്നു. ഇനി പൈലിടെ മൊകത്തെങ്ങനെ നോക്കും. അയാള് നേരത്തെ പറഞ്ഞതാ, പള്ളീലച്ചൻ പറഞ്ഞതാന്നും പറഞ്ഞ്...ഈശ്വരാ! ആ മുറുക്കാൻകടേംകൂടെ തൊടങ്ങിയപ്പൊ നല്ല വരവൊണ്ടായിരുന്നു. അത്യാഗ്രഹം കാരണത്താല് ഇതൊക്കെയൊണ്ടായി. എത്രരൂപയാ ആ കരിങ്കാലിമ്മാരു മേടിച്ചോണ്ടുള്ളതിനു കൈയ്യും കണക്കുമില്ല. അയ്യോ!...അയ്യോ!!...രാഘവാ!!!...മോനേ!"...ദയനീയമാംവിധം മാധവൻ ആക്രന്ദനം ചെയ്തു.

സഖാവ് ഇട്ടിയും കൂട്ടരും മുന്നറിയിപ്പു പറഞ്ഞുകൊണ്ട് ഓടിയവാർത്ത ആ പ്രദേശങ്ങളിൽ പടർന്നുപിടിച്ചു. ഇട്ടിയും കൂട്ടരും കിട്ടിയപണവുംകൊണ്ട് എവിടെയോ കടന്നുകളഞ്ഞു. യൂണിയനും കളരിയുമെല്ലാം തകർന്നു. പാവപ്പെട്ട തൊഴിലാളികൾ തല്ലുകൊണ്ടതു മിച്ചം. യൂണിയനിൽ ചേർന്നവരെല്ലാം ഇളിഭ്യരായി.

"സഖാവ് ഇട്ടിയുടേയും കൂട്ടരുടേയും ഓട്ടം" എന്ന തലക്കെട്ടിൽ ഒരു വാർത്ത പിറേറദിവസത്തെ "ദീപിക"യിൽ കണ്ടു.

അന്ന് മാധവനെ കണ്ടപ്പോൾ പൈലി ഒന്നു പുഞ്ചിരി തൂകി. പൈലി ചോദിച്ചു: "എന്താ ചങ്ങാതി, ഇപ്പോ എന്തായി? ഞാൻ മുമ്പേ പറഞ്ഞതു പിടിച്ചോ?"

"ഉംംംംം!" മാധവൻ ദീർഘമായൊന്നു മൂളി.

അകലെ ആ മരക്കൊമ്പത്തിരുന്ന് ഒരു മൂങ്ങയും നീട്ടി ഒന്നു മൂളി, ഉംംം....!!

(പകർപ്പവകാശം രചയിതാവിന്)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, MAY 3, 1950 ‖ No. 34


# ജൂബിലിമംഗളം



മലങ്കര സുറിയാനിസഭാദ്ധ്യക്ഷനും തിരുവനന്തപുരം മെത്രാപ്പോലീത്തായുമായ മഹാവന്ദ്യദിവ്യശ്രീ മാർ ഈവാനിയോസു തിരുമേനി മെത്രാൻപട്ടം സ്വീകരിച്ചിട്ട് ഈ മേയ് 1-ാംനു 25 വർഷം പൂർത്തിയായിരിക്കുന്നു. തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകം കേരളസഭാചരിത്രത്തിൽ അവിസ്മരണീയങ്ങളായി ഭവിച്ചിട്ടുള്ള പല സംഭവവികാസങ്ങളുടേയും ഒരു നാന്ദിയായിരുന്നുവെന്നതിനു സംശയമില്ല. പുനരൈക്യപ്രസ്ഥാനത്തിന്റെ നേതൃത്വം വഹിച്ച് അനേകമാടുകളെ ആലയിലേക്ക് ആനയിക്കുവാൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു മഹാവ്യക്തിയാണ് ഈ അഭിവന്ദ്യതിരുമേനി. ആകയാൽ തിരുമനസ്സിലെ മെത്രാഭിഷേകത്തിന്റെ ജൂബിലി, അവിടുത്തെ അജഗണങ്ങൾക്കു മാത്രമല്ല, കേരളീയ കത്തോലിക്കർക്കാകമാനം ആനന്ദദായകമായ ഒരു മഹോത്സവമാണ്. ഈ ശുഭാവസരത്തിൽ സത്യദീപം തിരുമനസ്സിലേക്കു സകലവിധ മംഗളങ്ങളുമാശംസിക്കുകയും, തിരുമേനി ദീർഘായുഷ്മാനായി മിശിഹായുടെ ആദ്ധ്യാത്മികാരാമത്തിൽ വേലചെയ്യുന്നതിനാവശ്യമായ അനുഗ്രഹങ്ങൾ സർവ്വശക്തനായ ദൈവം പ്രദാനം ചെയ്യട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

# ഐ. എസ്. പി. യുടെ വർഗ്ഗസമരസിദ്ധാന്തം

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി സ്വീകരിച്ചിരിക്കുന്ന സിദ്ധാന്തങ്ങളിൽ കത്തോലിക്കമതവിരുദ്ധമായ മറെറാന്നു വർഗ്ഗസമരത്തെ സംബന്ധിച്ചുള്ളതാണ്. കമ്മ്യൂണിസസ്ഥാപകനായ കാൾ മാർക്സാണു വർഗ്ഗസമരസിദ്ധാന്തം പഠിപ്പിച്ചിട്ടുള്ളത്. മൂലധനക്കാരും പ്രയത്നക്കാരും തമ്മിലും, മുതലാളികളും തൊഴിലാളികളും തമ്മിലും, ധനികരും ദരിദ്രരും തമ്മിലും ലോകത്തിൽ എന്നും എവിടെയും സമരമാണുണ്ടായിട്ടുള്ളതെന്നും, അതു് അനിവാര്യമായ ഒരു പ്രകൃതിനിയമമാണെന്നും, അതു വഴിയായിട്ടാണ് മനുഷ്യസമുദായം കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിലേക്കു പുരോഗമിക്കുന്നതെന്നും, തന്മൂലം തൊഴിലാളികളിൽ വർഗ്ഗബോധം വളർത്തുകയും അവരെ വർഗ്ഗസമരത്തിനു പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യണമെന്നും അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹത്തെ നേതാവായി സ്വീകരിച്ചിട്ടുള്ള സോഷ്യലിസ്റ്റുകാർ ഈ സിദ്ധാന്തം തത്വത്തിലും പ്രയോഗത്തിലും സ്വീകരിച്ചുപോരുകയാണ്.

### ഇംഗ്ലണ്ടിലെ ദൃഷ്ടാന്തം

മെസ്സേഴ്സു് എ. ജെ. കുക്കും ജെ. മാക്സ്റ്റണുംകൂടി ഇടതുപക്ഷക്കാരുടെ ഗണത്തിൽനിന്നുകൊണ്ടു് ഏതാനും കൊല്ലങ്ങൾക്കു മുൻപു് ഇംഗ്ലണ്ടിലെ ലേബർപാർട്ടിയെ ആക്ഷേപിച്ചു്, "സോഷ്യലിസത്തിനുവേണ്ടിയുള്ള ഞങ്ങളുടെ വാദം" (Our Case for Socialism) എന്ന നാമത്തിൽ ഒരു പ്രബന്ധം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ സോഷ്യലിസത്തിന്റെ രാഷ്ട്രീയവിശ്വാസപ്രമാണത്തിനു് അടിസ്ഥാനമായി അവർ വാദിച്ചിരുന്നതു് ആധുനികകാലത്തെ സമുദായം പരസ്പരശത്രുതയുള്ള വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണെന്നും, ഈ വർഗ്ഗങ്ങൾ പരസ്പരമുള്ള നിരന്തരസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും, സോഷ്യലിസത്തിലേക്കുള്ള മാർഗ്ഗം കിടക്കുന്നതു തൊഴിലാളികൾ വർഗ്ഗബോധത്തോടുകൂടി നടത്തുന്ന ഈ സമരത്തിലാണെന്നുമുള്ള വസ്തുതയെ അംഗീകരിക്കണമെന്നായിരുന്നു. ട്രെയിഡ്യൂണിയൻ പ്രസ്ഥാനത്തിലും പാർലമെന്റിലും തൊഴിലാളിപ്രവർത്തനങ്ങൾ നടത്തേണ്ടതു് വർഗ്ഗസമരത്തിന്റെ മനോഭാവത്തോടുകൂടിയായിരിക്കണമെന്നു് അവർ അവകാശപ്പെട്ടു. ആ പ്രവർത്തനങ്ങളുടെ ഉദ്ദേശം "മുതലാളിവർഗ്ഗത്തിന്റെ ഭരണത്തിന്റെ സ്ഥാനത്തു് തൊഴിലാളിവർഗ്ഗത്തിന്റെ ഭരണം ഏർപ്പെടുത്തുക" എന്നതായിരിക്കണമെന്നു് അവർ പ്രസ്താവിച്ചു. ബ്രിട്ടീഷ് തൊഴിലാളിപ്രസ്ഥാനം വർഗ്ഗസമരത്തെ ക്രമേണ പരിത്യജിച്ചുകൊണ്ടിരിക്കുകയാണെന്നു അവർ കുററം പറഞ്ഞു. മുതലാളികളുമായി കൂടിയാലോചനകൾ നടത്തുവാൻ ട്രെയ്ഡ്യൂണിയൻ കോൺഗ്രസ്സിന്റെ ജനറൽകൗൺസിലിനുള്ള സന്നദ്ധതയേയും, ലേബർപാർട്ടിയുടെ ഔദ്യോഗികമായ പരിപാടിയേയും ഈ കുററാരോപണത്തിനു തെളിവായി അവർ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അവരുടെ ലഘുലേഖ മുതലാളിമാർക്കും മുതലാളിത്തത്തിനും എതിരായ ഒരു യുദ്ധത്തിനു വേണ്ടി വാദംനടത്തുന്ന രേഖതന്നെയായിരുന്നു. അവരുടെ വാദഗതി മാർക്സ്യൻ സോഷ്യലിസത്തിന്റെ സിദ്ധാന്തത്തോടു പരിപൂർണ്ണമായും യോജിക്കുന്നുണ്ടു്.

### ശ്രീ ജയ്പ്രകാശ്

ഇന്ത്യൻ സോഷ്യലിസ്റ്റ്പാർട്ടിയുടെ പ്രമുഖനേതാവായ ശ്രീ ജയ്പ്രകാശ് നാരായണൻ "സോഷ്യലിസം എന്തിനു്?" എന്ന തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതു് ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു:-

"പരമോൽപ്പാദനവും ജീവനോപായങ്ങളും സ്വകാര്യവ്യക്തികളുടെ അധീനത്തിലിരിക്കുന്നിടത്തോളംകാലം ചൂഷണം അനിവാര്യമാണെന്നും, യജമാനൻ ഭൃത്യൻ, ധനികൻ ദരിദ്രൻ, ശക്തൻ അശക്തൻ, എന്നിങ്ങനെയുള്ള ഇന്നത്തെ നെറികെട്ട സമുദായവിഭജനം തുടർന്നുപോകുന്നതാണെന്നും സോഷ്യലിസ്റ്റ് ചൂണ്ടിക്കാണിക്കുന്നു" (പക്ഷം 188). "സമുദായം ചൂഷകരെന്നും ചൂഷിതരെന്നും, ധനികരെന്നും ദരിദ്രരെന്നും, ശക്തരെന്നും അശക്തരെന്നും, യജമാനരെന്നും ഭൃത്യരെന്നും, ഇങ്ങനെ വിരുദ്ധവർഗ്ഗങ്ങളായി പിരിഞ്ഞിട്ടുള്ളതു നാം കാണുന്നു" (പക്ഷം 189). "സമുദായത്തിൽ ഇടതടവില്ലാതെ വർഗ്ഗസമരം നടന്നുകൊണ്ടിരിക്കുന്നു. ഈ സമരത്തിൽ ഭൂരിപക്ഷക്കാരായ ചൂഷിതരേയും മർദ്ദിതരേയും ന്യൂനപക്ഷക്കാരായ ചൂഷകർക്കും മർദ്ദകർക്കും എതിരായി സംഘടിപ്പിച്ചു്, അങ്ങനെ സമുദായഘടനയെ മാററിമറിച്ചു്, പുതിയസമുദായം സൃഷ്ടിക്കുവാൻ സോഷ്യലിസ്റ്റുകാർ പരിശ്രമിക്കുന്നു". (പക്ഷം 190). മുതലാളിത്തസമുദായത്തിലുള്ള വർഗ്ഗസമരമാകുന്ന സോഷ്യലിസത്തിനു വേരുപിടിച്ചുവളരുവാൻ ഏററവും ഉതകിയമണ്ണ്. നിലവിലുള്ള സമുദായക്രമത്തിനെതിരായി ലോകത്തിൽ ഇന്നുള്ള ഏററവും വമ്പിച്ച രാഷ്ട്രീയകക്ഷി കമ്മ്യൂണിസ്റ്റുകാരുൾപ്പെടെയുള്ള സോഷ്യലിസ്റ്റഭിപ്രായക്കാരത്രെ" (പക്ഷം 195). "... ... ഒന്നാമതായി ആവശ്യമുള്ളതു് സാമാന്യജനങ്ങളുടെ —പ്രത്യേകിച്ചു തൊഴിലാളികളുടേയും കൃഷിക്കാരുടേയും—വർഗ്ഗസംഘങ്ങൾ പുഷ്ടിപ്പെടുത്തുകയാണ്. ഈ സംഘങ്ങൾ മർദ്ദനത്തിനും ചൂഷണത്തിനും എതിരായി പോരാടും" (പക്ഷം 239). സാമാന്യജനങ്ങളുടെ വർഗ്ഗസംഘങ്ങൾ ചൂഷകവർഗ്ഗത്തിൽനിന്നു അല്പം ചില സൗജന്യങ്ങൾ നേടുന്ന കാര്യത്തിൽമാത്രം ശ്രദ്ധിക്കുന്നവരാകരുതു്. ചൂഷകവർഗ്ഗക്കാരുമായി ഉടമ്പടിചെയ്യുകയല്ല, അവരിൽനിന്നു പരിപൂർണ്ണസ്വാതന്ത്ര്യം നേടുകയായിരിക്കണം ഈ സംഘങ്ങളുടെ ഉദ്ദേശ്യം. സമുദായഘടനയിൽ ഒരു ആമൂലപരിവർത്തനത്തെ അവർ ലാക്കാക്കണം. ചില്ലറ ചില പരിഷ്കാരങ്ങൾകൊണ്ടു് അവർ തൃപ്തിപ്പെട്ടുപോകരുതു്. സാമാന്യജനങ്ങളിൽ വർഗ്ഗബോധം വളർത്തിക്കൊണ്ടുവരുന്നതും, വിട്ടുവീഴ്ചകൂടാതെ അവരെക്കൊണ്ടു വർഗ്ഗീയായോധനം നടത്തിക്കുന്നതും ഈ സംഘങ്ങളുടെ ജോലിയായിരിക്കണം.......സോഷ്യലിസ്റ്റാദർശങ്ങൾക്കനുസരിച്ചു ഒരു സൃഷ്ടിപരിപാടി തയ്യാറാക്കി, ചുരുങ്ങിയ നിലയിലെങ്കിലും സോഷ്യലിസം നടപ്പിൽ വരുത്തിയതിനുശേഷമാകാം വർഗ്ഗസമരത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ എന്നു പല സുഹൃത്തുക്കളും എന്നോടു ഉപദേശിക്കാറുണ്ടു്. സോഷ്യലിസത്തിന്റെ സൃഷ്ടിപരമായ പ്രവൃത്തി—അതിന്റെ ബ്രഹത്തായ യാഥാർത്ഥ്യത്തെക്കുറിച്ചു അറിയുവാൻ റഷ്യയിലേക്കൊന്നു നോക്കിയാൽ മതി—വിപ്ലവത്തിനുശേഷമേ തുടങ്ങുവാൻ കഴിയുകയുള്ളു. അതുവരെക്കും നമുക്കൊന്നുമാത്രം ചെയ്യാം—ബഹുജനസമരത്തിനു ശക്തികൂട്ടാം" (പക്ഷം 240).

ഈ അഭിപ്രായങ്ങളും നയപരിപാടികളും മാർക്സ്യൻ സോഷ്യലിസത്തിനു പരിപൂർണ്ണമായും യോജിച്ചിരിക്കുന്നുണ്ടല്ലോ. ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ 1936-ലെ ഈ വക്താവിന്റെ ചുവട്ടടിയെ പിൻതുടരുകയാണ് പാർട്ടി ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതെന്നു സംശയിക്കേണ്ടതില്ല. 1949 ൽ പുനഃപ്രസിദ്ധീകരണം ചെയ്ത പാർട്ടിയുടെ നയപ്രഖ്യാപനംതന്നെയാണ് ഇതിനു തെളിവു്.

### പാർട്ടിയുടെ നയപ്രഖ്യാപനം

പ്രസ്തുത ലഘുലേഖയിലെ രണ്ടാമദ്ധ്യായത്തിൽ "സോഷ്യലിസത്തിലേക്കു കടക്കുവാനുള്ള കാലദശ"യെപ്പററി പ്രതിപാദിക്കുന്നു. അതിൽ ആദ്യത്തെ ഒരു ഖണ്ഡികയുടെ തലക്കെട്ടുതന്നെ "വർഗ്ഗസമരം; സാമുദായിക പരിവർത്തനത്തിന്റെ പ്രേരകശക്തി" എന്നാണ്. ആ ഖണ്ഡികയുടെ തർജ്ജിമയാണ് താഴെ ചേർക്കുന്നതു്.

"സമുദായത്തെ സോഷ്യലിസത്തിലേക്കു പായിക്കുന്ന ശക്തികൾ വർഗ്ഗങ്ങളുടെ സമരത്താൽ ഉല്പാദിപ്പിക്കപ്പെടുന്ന ശക്തികളാകുന്നു. സോഷ്യലിസ്റ്റുകാരിൽ യുക്തിവാദംചെയ്യുവാനും ആളുകൾക്കു ബോദ്ധ്യംവരുത്തുവാനും കഴിവുകളുള്ള ബുദ്ധിജീവികൾ മാത്രമല്ല സോഷ്യലിസം കൈവരുത്തുന്നതു്. സോഷ്യലിസ്റ്റ് ബുദ്ധിജീവികൾ അതു കൈവരുത്തുവാനുള്ള നടപടികളിൽ പ്രധാനമായ ഭാഗം വഹിക്കുന്നുണ്ടു്. എന്നാൽ അതിലേക്കുവേണ്ട പ്രേരകശക്തി അവർ പ്രദാനംചെയ്യുന്നില്ല. ആ ശക്തിപ്രദാനം ചെയ്യുന്നതു മുതലാളിത്തവ്യവസ്ഥിതിയിലുള്ള തൊഴിലാളിവർഗ്ഗവും ചൂഷിതരായ ഇതരവർഗ്ഗങ്ങളുമാണ്. തങ്ങളുടെ നിലവാരം നന്നാക്കുന്നതിനും ചൂഷണത്തിൽനിന്നു തങ്ങളെ വിമോചിക്കുന്നതിനുംവേണ്ടി തങ്ങളുടെ ചൂഷകന്മാർക്കെതിരായി അവർ സമരം ചെയ്യുന്നു. അവരുടെ ചൂഷണത്തെ നിലനിർത്തുകയും സാധൂകരിക്കുകയും ചെയ്യുന്ന സാമുദായികവ്യവസ്ഥിതിയെ അവസാനത്തിൽ നശിപ്പിക്കുവാനും, ചൂഷണത്തിൽനിന്നു വിമുക്തമായ ഒരു സമുദായത്തെ, അതായതു് സോഷ്യലിസ്റ്റ്സമുദായത്തെ സ്ഥാപിക്കുവാനും ഈ സമരം അവരെ പ്രാപ്തരാക്കുന്നു. ചൂഷിതവർഗ്ഗത്തോടു് ഒന്നുചേർന്നു നില്ക്കുന്ന ബുദ്ധിജീവികൾ ഈ സമരത്തിനും അതിന്റെ ലക്ഷ്യങ്ങൾക്കും ഏറെക്കുറെ പ്രാഥമികമായ രീതിയിൽ ആദർശമോ അല്ലെങ്കിൽ സിദ്ധാന്തപരമായ പ്രകാശനമോ ആണു നൽകുന്നതു്. ചുരുക്കത്തിൽ, സോഷ്യലിസത്തിലേക്കു കടക്കുന്ന കാലദശയിൽ ആ പ്രേരകശക്തിയായിരിക്കുന്നതു് വർഗ്ഗസമരമാകുന്നു."

തുടർന്നുള്ള ഭാഗത്തു് ഈ വർഗ്ഗസമരത്താൽ സോഷ്യലിസ്റ്റുകാർ രാജ്യത്തിൽ അധികാരം പിടിച്ചെടുക്കേണ്ടതെങ്ങനെയെന്നും മററും വിശദീകരിക്കുന്നു. ഇൻഡ്യൻ സോഷ്യലിസ്റ്റ്പാർട്ടി ഇപ്പോഴും കാൾ മാർക്സ് ഉപദേശിച്ച വർഗ്ഗസമരത്തിന്റെ സിദ്ധാന്തവും പരിപാടിയുംതന്നെയാണ് പ്രകാരാന്തരേണ സ്വീകരിച്ചിരിക്കുന്നതെന്നു സ്പഷ്ടമല്ലയോ?

### മാർപ്പാപ്പാമാർ

ഈ വർഗ്ഗസമരസിദ്ധാന്തത്തേയും അതിന്റെ പ്രയോഗത്തേയും മാർപ്പാപ്പാമാർ ശക്തിയുക്തം അപലപിച്ചിട്ടുണ്ടു്. വർഗ്ഗസമരം നിശ്ശേഷം വെടിഞ്ഞു് വർഗ്ഗസഹകരണം തത്വത്തിലും പ്രയോഗത്തിലും സ്വീകരിക്കണമെന്നാണ് അവർ ഉദ്ബോധിപ്പിച്ചിട്ടുള്ളതു്. "മുതലാളിക്കു തൊഴിലാളിയെ കൂടാതെയോ, തൊഴിലാളിക്കു മുതലാളിയെക്കൂടാതെയോ കഴിയുക സാദ്ധ്യമല്ല" എന്ന പ്രമാണവാക്യത്തിൽ 13-ാം ലെയോ മാർപ്പാപ്പാ തന്റെ ഉദ്ബോധനത്തെ ഉൾക്കൊള്ളിക്കുകയും യുക്തിയിൽനിന്നും വെളിപാടിൽനിന്നുമുള്ള അതിന്റെ ന്യായങ്ങളെ വിശദീകരിക്കുകയും ചെയ്തിട്ടുണ്ടു്. 11-ാം പിയൂസു് മാർപ്പാപ്പാ തൽസംബന്ധം പറഞ്ഞിട്ടുള്ള വാക്കുകൾമാത്രം ഇവിടെ ഉദ്ധരിക്കാം.

"മനുഷ്യസമുദായംയഥാർത്ഥത്തിൽസാമുദായികവും അവയവഘടനയോടുകൂടിയതുമായ ശരീരമാകുന്നു. പരസ്പരം ആശ്രയിച്ചിരിക്കുന്ന വിവിധരൂപങ്ങളിലുള്ള മനുഷ്യസംരംഭങ്ങൾ അന്യോന്യമുള്ള സൗഹാർദ്ദതയിലും അന്യോന്യമുള്ള പിൻതുണയിലും ഐക്യപ്പെട്ടിരിക്കണം. സർവ്വോപരി ബുദ്ധിയും മൂലധനവും പ്രയത്നവും പൊതുവായ പരിശ്രമങ്ങൾക്കു വേണ്ടി സംയോജിച്ചിരിക്കണം. എന്നാൽമാത്രമേ മനുഷ്യന്റെ വേലയ്ക്കു് അതിനു തക്കഫലം പുറപ്പെടുവിക്കുവാൻ സാധിക്കുകയുള്ളു......മുതലാളികളും തൊഴിലാളികളും അവരുടെ പരിപാടികളിലും പരിശ്രമങ്ങളിലും യോജിച്ചു നിന്നുകൊണ്ടു്, സകല വൈഷമ്യങ്ങളേയും പ്രതിബന്ധങ്ങളേയും പിടിച്ചടക്കട്ടെ. ഗുണകരമായ ഈ ഉദ്യമത്തിൽ പബ്ലിക് അധികാരികളുടെ ബുദ്ധിപൂർവ്വകമായ നടപടികൾ അവരെ സഹായിക്കട്ടെ. രാഷ്ട്രത്തിന്റേയും സകല നല്ല പൗരന്മാരുടേയും പ്രഥമകർത്തവ്യം ഭിന്നതാല്പര്യങ്ങളോടുകൂടിയ വർഗ്ഗങ്ങൾ തമ്മിൽ സംഘട്ടനം ഇല്ലാതാക്കുകയാണ്. നിലവിലിരിക്കുന്ന സാമ്പത്തിക ജീവിതസമ്പ്രദായം പ്രധാനമായും മൂലധനക്കാരെയും പ്രയത്നക്കാരെയും ആധാരമാക്കിയുള്ളതാണല്ലോ. തന്മൂലം മൂലധനക്കാരെയും പ്രയത്നക്കാരെയും അവരുടെ പരസ്പരസഹകരണത്തേയും സംബന്ധിച്ചു ശരിയായ യുക്തിയും ക്രിസ്ത്യൻ സാമുദായിക തത്വശാസ്ത്രവും അനുശാസിക്കുന്ന പ്രമാണങ്ങൾ തത്വത്തിൽ സ്വീകരിക്കുകയും പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയുമാണെന്നു സിദ്ധം."

മാർപ്പാപ്പാമാരുടെ വർഗ്ഗസഹകരണത്തെക്കുറിച്ചുള്ള ഈ ഉദ്ബോധനങ്ങളുടെ വെളിച്ചത്തിൽ ഇന്ത്യൻ സോഷ്യലിസ്റ്റ്പാർട്ടിയുടെ വർഗ്ഗസമരസിദ്ധാന്തം കത്തോലിക്കർക്കനിഷിദ്ധമല്ലയോ?


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |




### ജപമാലയുടെ കാര്യം മറക്കല്ലെ!

അമേരിക്കൻ ഐക്യനാടുകളിലെ പ്രധാന ന്യായാധിപനായിരുന്നശേഷം ഇക്കഴിഞ്ഞ ജൂലൈമാസത്തിൽ നിര്യാതനായ മി. ഫ്റാങ്കു മർഫിയിൽനിന്നും നാമേവരും ഒരു പാഠം പഠിക്കേണ്ടതുണ്ട്.

അദ്ദേഹം ഫിലിപ്പൈൻ ദ്വീപുകളിലെ ഗവർണ്ണർജനറൽ ആയിരുന്ന അവസരത്തിൽ, ഏതോ പ്രത്യേകം ഉദ്ദേശം പ്രമാണിച്ച് ധാരാളം അതിഥികൾ അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയിൽ എത്തിയിരുന്നു. ആകയാൽ, അദ്ദേഹത്തെ സന്ദർശിക്കാൻ വന്ന ഒരാളുമായി രഹസ്യമായി സംഭാഷിക്കുവാൻവേണ്ടി അയാളേയും കൂട്ടിക്കൊണ്ട് അദ്ദേഹം തന്റെ ശയനമുറിയിലേക്കു പോയി. കട്ടിലിന്റെ ഒരു കാലിൽ തൂങ്ങിക്കിടന്നിരുന്ന ജപമാല ആഗതൻ കൗതുകപൂർവ്വം സൂക്ഷിച്ചുനോക്കുന്നതുകണ്ട് മി. മർഫി പറഞ്ഞു: "ചില ദിവസങ്ങളിൽ ജോലിത്തിരക്കുമൂലം കൊന്ത ജപിക്കാൻ നേരത്തെ സമയം ലഭിച്ചില്ലെന്നു വരാം. എന്നാലും അക്കാര്യം മറന്നുപോകാതിരിപ്പാൻ വേണ്ടിയാണ് അതവിടെ തൂക്കിയിട്ടിരിക്കുന്നതു്."

### "അതു് എവിടെയാണെന്ന് അങ്ങേക്കറിയാമല്ലൊ."

വി. റോബെർട്ട് ബെല്ലർമീൻ വല്ലാതെ വിഷമിച്ച ഒരുദിവസം. മാർപ്പാപ്പാതിരുമേനി ഏതാനും നാളുകൾക്കു മുമ്പ് അദ്ദേഹത്തെ ഏല്പിച്ചിരുന്ന ഒരു രേഖ അന്നു തിരികെ വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. അവിടെയും ഇവിടെയും, എല്ലായിടത്തും നോക്കിയിട്ടും സാധനം കിട്ടിയില്ല. ആ ദിവസം മുഴുവൻ വി. ബെല്ലർമീനും സെക്രട്ടറിയും വളരെ ബുദ്ധിമുട്ടി. എല്ലാം നിഷ്ഫലം.

ഒരു സംഗതിമാത്രമേ ഇനി കരണീയമായിരുന്നുള്ളു. വിശുദ്ധൻ ദേവാലയത്തിൽപോയി ഉള്ളകാര്യം തുറന്നുപറഞ്ഞു: "കർത്താവേ, ആ ലിഖിതം എന്റെ കൈവശമുണ്ടായിരുന്നെന്നു അങ്ങേക്കറിയാം. ഇപ്പോൾ അതു എവിടെയാണെന്നും അങ്ങേക്കറിയാം. അങ്ങേ വികാരിക്കു അതു് ആവശ്യമാണെന്നും അങ്ങേക്കറിയാം. ആകയാൽ അതു ദയവായി വേഗം കാണിച്ചുതന്നാലും."

ബെല്ലർമീൻ മുറിയിലേക്കു മടങ്ങിവന്നു. മേശയിൽ കിടന്നിരുന്ന ഒരു പുസ്തകമെടുത്തു നിവർത്തി. "തേടിയവള്ളി കാലേൽ തടഞ്ഞാലെ"ന്നപോലെ അദ്ദേഹം അന്വേഷിച്ചുവന്ന കടലാസു പെട്ടെന്നു പുസ്തകത്തിൽനിന്നു താഴെ വീഴുകയും ചെയ്തു.

### ആസന്നമരണനായ ബാലന്റെ പാരിതോഷികം

ഇംഗ്ലണ്ടിലെ ഹെക്സാം ആൻറ് ന്യൂക്യാസിൽ രൂപതയിലെ ഒരു പള്ളിയിൽ അസാധാരണമായ ഒരു വെള്ളിക്കാസയുണ്ട്. 4 പെനിയും 1 അരപ്പെനിയും അതിന്റെ തറയിൽ പതിച്ചിട്ടുള്ളതുകൊണ്ടാണ് അതൊരു അസാധാരണകാസയാണെന്നു പറഞ്ഞതു്. അതിന്റെ ചരിത്രം താഴെ ചേർക്കുന്നു.

നാലുവയസ്സായ ഒരു ബാലൻ രോഗശയ്യയിൽ കിടക്കുകയായിരുന്നു. മരണം അടുത്തു എന്നറികയിൽ അവൻ യാതൊരു ഭയവും പ്രകടിപ്പിച്ചില്ല; പ്രത്യുത, ദൈവസന്നിധിയിൽ പോകുവാൻ ഭാഗ്യം ലഭിച്ചതോർത്ത് അവൻ ആനന്ദം കൊള്ളുകയാണു ചെയ്തതു്. അവന്റെ മാതാപിതാക്കന്മാരോട് അന്ത്യയാത്ര പറയുന്നതിനുമുമ്പ്, അവൻ തന്റെ പണസഞ്ചി ആവശ്യപ്പെട്ടു. അതു കൊണ്ടുവന്നപ്പോൾ അവൻ അവരോടു പറഞ്ഞു: "ഇതു മുഴുവനും ഞാൻ അപ്പനും അമ്മയ്ക്കുമായി തരുന്നു." സ്നേഹംനിറഞ്ഞ ഒരു മകന്റെ അന്തിമോപഹാരം!

അവന്റെ മരണശേഷം മാതാപിതാക്കന്മാർ പണസഞ്ചി തുറന്നുനോക്കി. അതിനകത്തു 4 പെനി നാണയങ്ങളും ഒരു അരപ്പെനി നാണയവുമുണ്ടായിരുന്നു. തങ്ങളുടെ ഓമനസുതൻ സമ്മാനിച്ച ഈ നിധി എങ്ങനെ വിനിയോഗിക്കണമെന്ന് അവർ ആലോചിച്ചുതുടങ്ങി. അവസാനം, ഒരു വെള്ളിക്കാസ നിർമ്മിച്ച് അതിന്റെ തറയിൽ പ്രസ്തുത പൊൻനാണയങ്ങൾ പതിച്ച് തങ്ങളുടെ പ്രിയ കുമാരന്റെ ശാശ്വതസ്മാരകമായി സ്വന്തം ഇടവകദേവാലയത്തിലേക്കു സംഭാവനചെയ്യാമെന്നുള്ള തീരുമാനത്തിൽ എത്തുകയാണുണ്ടായതു്.

---

## കോയമ്പത്തൂർ മെത്രാൻ തിരുമനസ്സിലെ പട്ടാഭിഷേകം

കോയമ്പത്തൂർ രൂപതയുടെ അഭിനവമെത്രാനായി പരിശുദ്ധസിംഹാസനത്തിൽനിന്നും നാമകരണംചെയ്തിട്ടുള്ള റൈററ് റവ. ഡോക്ടർ എം. ശവരിമുത്തു തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകം ഏപ്രിൽ 26-ാംനു- സമംഗളം നടന്നിരിക്കുന്നു. പോണ്ടിച്ചേരി അതിരൂപതയിൽപ്പെട്ട കോയമ്പത്തൂർ രൂപതയുടെ രണ്ടാമത്തെ ഏതദ്ദേശീയ മെത്രാനായും, കാലംചെയ്ത റൈററ് റവ. ഡോക്ടർ ബി. ഉപകാരസ്വാമി തിരുമനസ്സിലെ അടുത്ത പിൻഗാമിയായുമാണ് തിരുമേനി അഭിഷിക്തനായിരിക്കുന്നതു്. അഭിഷേകച്ചടങ്ങുകളിൽ പോണ്ടിച്ചേരി, മദ്രാസ്, വരാപ്പുഴ എന്നി അതിരൂപതകളിലെ മെത്രാപ്പോലിത്താമാരും, മംഗലാപുരം, ബാംഗളൂർ, കുംഭകോണം, തൂത്തുക്കുടി, മധുര, തൃശിനാപ്പള്ളി, സേലം, മൈസൂർ എന്നി രൂപതകളിലെ മെത്രാന്മാരും, പോണ്ടിച്ചേരി, കോട്ടയം സഹായമെത്രാന്മാരും 150-ൽപ്പരം വൈദികരും അനേകം കന്യാസ്ത്രീകളും ഒരു വലിയ ജനക്കൂട്ടവും സംബന്ധിച്ചിരുന്നു.



അഭിനവമെത്രാൻ ഡോക്ടർ ശവരിമുത്തു കോയമ്പത്തൂർനിന്നു് 27 മൈൽ അകലെയുള്ള സോമനൂർ എന്ന സ്ഥലത്തു് 1897-ൽ ജാതനായി. റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ മി. എം. അന്തോണിമുത്തു ചെട്ടിയാർ തിരുമനസ്സിലെ ജ്യേഷ്ഠസഹോദരനും മദ്രാസ് സർവ്വകലാശാലാ പ്രഫസർ ഡോക്ടർ എം. ആരോഗ്യസ്വാമി ചെട്ടിയാർ എം. എ. പി എച്ച്. ഡി. കനിഷ്ഠസഹോദരനുമാകുന്നു. കാൻഡി പേപ്പൽ സെമിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1923-ൽ വൈദികപട്ടം സ്വീകരിച്ചു. അനന്തരം കോയമ്പത്തൂർ രൂപതയിലെ പല പള്ളികളിലും ജോലി നോക്കിയിട്ടുണ്ട്. ശവരിയാർ പാളയം പള്ളി വികാരിയായി ജോലിനോക്കിവരവെയാണ് മെത്രാനായി നാമകരണംചെയ്യപ്പെട്ടതു്.

പോത്താനിക്കാട്ടുപള്ളിയിൽ
ഫാത്തിമാ മാതാവിന്റെ
# തിരുനാൾ
1950 മേയ് 12, 13 തിയ്യതികളിൽ
വികാരി

## ചോദ്യോത്തരപംക്തി

**ചോ:** കത്തോലിക്കർ എന്തുകൊണ്ടാണു വെള്ളിയാഴ്ചദിവസം മാംസം ഭക്ഷിക്കാത്തതു്? "വായിലേക്കു കടക്കുന്നതല്ല ഒരു മനുഷ്യനെ അശുദ്ധനാക്കുന്നതു്; വായിൽനിന്നു പുറത്തുവരുന്നതത്രെ അവനെ അശുദ്ധനാക്കുന്നതു്" (മത്തായി 15, 11) എന്നു ക്രിസ്തു അരുളിച്ചെയ്തിട്ടില്ലേ?

**ഉ:** ദൈവസ്ഥാപിതമായ തിരുസ്സഭ വെള്ളിയാഴ്ചദിവസം മാംസം ഭക്ഷിക്കരുതു് എന്നു കല്പിച്ചിരിക്കുന്നതു നിമിത്തമാണ് കത്തോലിക്കർ ആ ദിവസം മാംസവർജ്ജനമാചരിക്കുന്നതു്. "കെട്ടാനും അഴിക്കാനും"—നിയമങ്ങൾ ഉണ്ടാക്കുവാനും അവയിൽനിന്നു വിശ്വാസികളെ ഒഴിവാക്കുവാനും—ക്രിസ്തുനാഥൻ തിരുസ്സഭയ്ക്കു് അധികാരം പ്രദാനം ചെയ്തിട്ടുണ്ട്. മാംസവർജ്ജനം, ഉപവാസം ആദിയായവസംബന്ധിച്ച് നിയമങ്ങൾ, ഏർപ്പെടുത്തുമ്പോൾ തിരുസ്സഭ പ്രസ്തുതാധികാരത്തെ ന്യായപൂർവ്വം വിനിയോഗിക്കയാണു ചെയ്യുന്നതു്. വെള്ളിയാഴ്ച മാംസം ഭക്ഷിച്ചുകൂടെന്നുള്ള നിയമം ക്രിസ്തുസഭയുടെ ആരംഭംമുതൽ നിലവിലുള്ളതാണെന്നതിനു "ഡിഡാക്കെ" (12 അപ്പസ്തോലന്മാരുടെ അദ്ധ്യാപനം) എന്ന അതിപുരാതനരേഖയും, തെർത്തുല്യൻ (De Jejunio XIV), അലക്സാണ്ഡ്റിയായിലെ ക്ലെമന്റ് (Strom. V', 75) എന്നിവരുടെ കൃതികളും സാക്ഷ്യംവഹിക്കുന്നുണ്ട്. ഈശോ കുരിശിൽ തൂങ്ങിമരിച്ചതു വെള്ളിയാഴ്ചയായതുകൊണ്ടാണ് ആ ദിവസം ഇപ്രകാരമൊരു ത്യാഗം അനുഷ്ഠിക്കണമെന്നു തിരുസ്സഭ തദനുയായികളോടാവശ്യപ്പെടുന്നതു്. ഈദൃശങ്ങളായ തപഃക്രിയകൾ നമ്മുടെ പാപങ്ങൾക്കു പരിഹാരംചെയ്യാനും ആത്മസംയമനംചെയ്തു പുണ്യവഴിയിൽ നടക്കുവാനും നമ്മെ സഹായിക്കുന്നു. വി. അഗസ്തീനോസ് എഴുതിയിരിക്കുന്നതു മാംസവർജ്ജനം "ആത്മാവിനെ ശുദ്ധീകരിക്കുകയും, ബുദ്ധിയെ ഉന്നമിപ്പിക്കുകയും, ശരീരത്തെ അരൂപിക്കു കീഴ്പ്പെടുത്തുകയും ചെയ്യുന്നു"വെന്നാണ്. (De Orat. & Jejun. Ser. 230)

ആഹാരസാധനങ്ങളൊന്നും സ്വതവേ ഒരു മനുഷ്യനെ അശുദ്ധനാക്കുന്നില്ല. "എന്തുകൊണ്ടെന്നാൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതൊക്കയും നല്ലതാകുന്നു." (1 തിമോ: 4, 4). പക്ഷേ, ദൈവസ്ഥാപിതമായ തിരുസ്സഭയുടെ നിയമത്തിനുവിരുദ്ധമായി എന്തെങ്കിലും ഭക്ഷിക്കുന്നതു പാപകരമായിരിക്കും. അതനുസരിച്ച്, വെള്ളിയാഴ്ച മാംസംഭക്ഷിക്കുന്നതു പാപകരമായിഭവിക്കുന്നതു് അതു സ്വതവേ നിഷിദ്ധമായ ഒരു ഭക്ഷ്യവിഭവമായതുകൊണ്ടല്ല, അതു ഭക്ഷിച്ചുകൂടെന്നു തിരുസ്സഭ നിയമമുണ്ടാക്കിയിട്ടുള്ളതുകൊണ്ടാണ്. എന്നാൽ ആ നിയമത്തിൽനിന്നും ഒഴിവാക്കുന്നതിനും തിരുസ്സഭയ്ക്കധികാരമുണ്ട്. അപ്രകാരം ഒഴിവുവാങ്ങിയശേഷം ഭക്ഷിക്കുന്നുവെന്നുവരികിൽ അതു പാപമാകയില്ല.

"വായിലേക്കു കടക്കുന്നതല്ല, വായിൽനിന്നു പുറത്തുവരുന്നതത്രെ അവനെ അശുദ്ധനാക്കുന്നതു്," എന്ന വേദവാക്യത്തിൽ ദിവ്യരക്ഷകൻ, ബാഹ്യാനുഷ്ഠാനങ്ങളിൽ അതിവശ്രദ്ധ പതിക്കയും ആന്തരികവിശുദ്ധിയിൽ ശ്രദ്ധപതിക്കാതിരിക്കയും ചെയ്തിരുന്ന ഫ്രിശന്മാരെ കുററപ്പെടുത്തുകയാണു ചെയ്യുന്നതു്. "അവർ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറം ശുദ്ധമാക്കുന്നു; എന്നാൽ അകമേ കവർച്ചയും ദുഷ്ടതയുംകൊണ്ടു നിറഞ്ഞിരിക്കുന്നു." (മത്തായി 23, 25) അവരാണ്, ഭക്ഷണം കഴിക്കുന്നതിനുമുമ്പു കൈകൾ കഴുകിയില്ല എന്നു പറഞ്ഞ് ക്രിസ്തുവിന്റെ ശിഷ്യന്മാരെ കുററപ്പെടുത്തുന്നതു്. അപ്പോൾ ദിവ്യരക്ഷകൻ സന്ദർഭോചിതമായി ഒരു പാഠം അവരെ പഠിപ്പിക്കുന്നു. അതായതു്, ആഹാരത്തിന്റെ കാര്യത്തിൽ ശുചിത്വം പാലിക്കാൻ പതിക്കുന്നശ്രദ്ധയെക്കാൾ കൂടുതലായ ശ്രദ്ധ ഹൃദയത്തിൽനിന്നു ബഹിർഗമിക്കുന്നവയുടെ കാര്യത്തിൽപതിക്കേണ്ടതാകുന്നു. "എന്തുകൊണ്ടെന്നാൽ ദുർവ്വിചാരങ്ങൾ, വ്യഭിചാരം, കൊല, വേശ്യാവൃത്തി, മോഷണം, കള്ളസ്സാക്ഷി, ദൂഷണം എന്നിവ ഹൃദയത്തിൽനിന്നാകുന്നു പുറപ്പെടുന്നതു്" (മത്തായി 15, 19)




ഉദ്യോഗാർത്ഥി: നിങ്ങളുടെ ക്ലാർക്ക് ഇന്നു കാലത്തു മരിച്ചുപോയല്ലോ. അയാളുടെ സ്ഥാനത്തു എന്നെ വച്ചുകൂടേ?

ഫാക്ടറിയുടമസ്ഥൻ: എന്റെ ഭാഗത്തുനിന്നു അതിനൊരു തടസ്സവുമില്ല. ആരാച്ചാർക്ക് അതു സമ്മതമാണോ എന്നറിഞ്ഞാൽ മതി.

* * *

അദ്ധ്യാപകൻ ബാലവിദ്യാർത്ഥിയോട്: "ജോണി, നിനക്കു ഇംഗ്ലീഷക്ഷരങ്ങൾ എല്ലാമറിയാമോ?"

ജോണി: "അറിയാം സാർ."

"എന്നാൽ "എ" കഴിഞ്ഞുവരുന്ന അക്ഷരമേതാണ്?"

"ബാക്കിയുള്ള 25 അക്ഷരങ്ങളും എ കഴിഞ്ഞു് വരുന്നുവെന്നാണു ഞങ്ങളെ ടിച്ചർ പഠിപ്പിച്ചതു് സാർ."

* * *

ബേബി(ജനലിൽക്കൂടിനോക്കിയിട്ട്) "അമ്മേ, അതുകണ്ടോ? പുരപോലുള്ള ഒരു കാർ ഓടിപ്പോകുന്നു!"

അമ്മ: "ബേബി, നിന്നോടു ഞാനൊരു നൂറായിരം പ്രാവശ്യം പറഞ്ഞിട്ടില്ലേ അതിശയോക്തി പ്രയോഗിക്കരുതെന്നു്?"

* * *

മേരിയെ അഭ്യസ്തവിദ്യയായ അവളുടെ മാതാവ് കണക്കു പഠിപ്പിക്കുകയായിരുന്നു.

"മേരി! ഏഴും അഞ്ചും എത്ര?" അമ്മ ചോദിച്ചു.

മേരി: "11"

അവളുടെ അമ്മയ്ക്കു ദേഷ്യം വന്നു. "കഷ്ടം! കഷ്ടം! എത്രപ്രാവശ്യം ഇതു പറഞ്ഞുതരണം."

അപ്പോൾ, അക്ഷരജ്ഞാനമില്ലെങ്കിലും സകലതുമറിയാമെന്നു നടിച്ചിരുന്ന അവളുടെ പിതാവ് ഭാര്യയെ സാന്ത്വനപ്പെടുത്തുകയാണ്: "ആ കൊച്ചിനോടു ഇത്ര കയർക്കാനുണ്ടോ? രണ്ടിന്റെ വ്യത്യാസമല്ലേ വന്നുള്ളു!"

* * *

"നിങ്ങളൊരു വൈമാനികനായതു് എങ്ങനെയാണ്."

"താഴേന്നു തുടങ്ങി, സാവകാശം മുകളിലേക്കുയർന്നു."

കോൺവെൻറ് ഹൈസ്കൂൾ, കൊരട്ടി
കൊരട്ടി കോൺവെൻറിനോടനുബന്ധിച്ച് നടത്തുന്ന ഹൈസ്കൂളിൽ അടുത്തകൊല്ലം അഞ്ചാം ഫാറം തുടങ്ങുന്നതാണ്. ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു ബോർഡിംഗും നടത്തുന്നുണ്ട്. ഇതിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ മാസാവസാനത്തോടുകൂടിയെങ്കിലും അപേക്ഷിക്കേണ്ടതാണ്.
മദർ സുപ്പീരിയർ

## ഇടവകവാർത്തകൾ

കുമ്മണ്ണൂർ, കലേക്കാട്ടിൽ ബ. തോമാച്ചൻ പണിയിച്ചുതരുന്ന അനാഥമന്ദിരത്തോടനുബന്ധിച്ച് സ്ഥാപിക്കുവാൻ പോകുന്ന തിരുക്കുടുംബകപ്പേളയുടെ ശിലാസ്ഥാപനകർമ്മം മദ്രാസ് മെത്രാപ്പോലീത്താ ഡോക്ടർ മത്യാസ് തിരുമനസ്സുകൊണ്ട് ഏപ്രിൽ 17-ാംനു- നിർവ്വഹിച്ചിരിക്കുന്നു.

—കാഞ്ഞൂർകരയിൽ സ്ഥാപിതമായിരിക്കുന്ന കത്തോലിക് അസോസ്യേഷന്റെയും വായനശാലയുടെയും ആഭിമുഖ്യത്തിൽ സംഘത്തിന്റെ രക്ഷാധികാരിയും എൽത്തുരുത്തു കൊവേന്തയുടെ പ്രിയോരുമായ റവ. ഫാ. റോമുളൂസ് സ്ഥലം മാറിപ്പോകുന്നതു പ്രമാണിച്ച് ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

—കുഴുപ്പിള്ളി പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെയും മാതൃസംഘത്തിന്റെയും സംയുക്തവാർഷികം ഏപ്രിൽ 22-ാംനു- വികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി പി എച്ച്. ഡി. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

—അമ്മാടം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘം ഉൽഘാടനം ചെയ്യുവാനായി റവ. ഫാ. ലേത്തൂസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 23 ാംനു- ഒരു പൊതുയോഗം കൂടുകയും റവ. ഫാ. ജോസഫ് മുങ്കത്തു് ബി. എ. എൽ., ശ്രീമാന്മാരായ എം. എ. ജോസഫ് ബി. എ. ബി. എൽ., പി. എ. വർഗ്ഗീസ്സ്, പി. ഡി. അന്തോണി, പി. എം. ജോസഫ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—ശ്രീ ജോസഫ് ചിറയടൻ ചാത്തനാട്ടു പള്ളിയുടെ തിരുനാളാഘോഷങ്ങളോടനുബന്ധിച്ച് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—മററം നിത്യസഹായമാതാവിന്റെ തിരുനാൾ പ്രമാണിച്ച് ശ്രീ ജോസഫ് കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി. ചിററാട്ടുകര കത്തോലിക്കാ പൗരന്മാരുടെ ക്ലബ്ബിൽ നിന്നു് കാഥികനു് ഒരു മെഡൽ സമ്മാനിക്കപ്പെട്ടു. ചങ്ങനാശേരി യൂണിയൻ ക്ലബ്ബിന്റെ ധനശേഖരാർത്ഥം, കഥാപ്രസംഗം നടത്തിയ ശ്രീ കൈമാപറമ്പനു് ക്ലബ്ബിന്റെ വകയായി ഒരു വെള്ളിക്കപ്പും സമ്മാനിച്ചിരിക്കുന്നു.

—ഞാറയ്ക്കൽ കോൺവെൻറ് ഹൈസ്കൂളിൽ കന്യാസ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും മാത്രമായി രാവിലെ 10 മുതൽ 12 വരെയും ആൺകുട്ടികൾക്കു മാത്രമായി പള്ളിസ്കൂൾ ഹാളിൽവച്ച് രാവിലെ 9 മുതൽ 10 വരെയും പണ്ഡിററ് സി. വി. ജോസഫിന്റെ നേതൃത്വത്തിൽ നാളെമുതൽ ഹിന്ദി ക്ലാസ്സുകൾ ആരംഭിക്കുന്നതാണെന്നറിയുന്നു.

—മേലുകാവു് സെൻറ് തോമസ് ദേവാലയത്തിന്റെ രജതജൂബിലി ഏപ്രിൽ 14,15,16 എന്നീ തിയതികളിൽ തിരുവല്ലാരൂപതയുടെ മെത്രാൻ മാർ സെവേരിയോസ് തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു.

## ചരമം

ആലപ്പുഴ സ്വതന്ത്രതൊഴിലാളിസംഘപ്രവർത്തകനും സെൻറ് ജോർജ്ജ് കത്തോലിക് യൂണിയൻ സിക്രട്ടറിയുമായ ശ്രീ പി. ടി. വറുഗീസിന്റെ വന്ദ്യപിതാവു് ഏപ്രിൽ 27-ാംനു- നിര്യാതനായിരിക്കുന്നു.

—പറവൂർ തുരുത്തിപ്പുറം പള്ളി ഇടവക കുനിയന്തോടത്തു തോമാ മത്തായി അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുകൾ നിമിത്തം ഏപ്രിൽ 26-ാംനു- നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം പരേതന്റെ സഹോദരനായ റവ. ഫാ. ലൂദവിക്കോസ് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പരേതന്റെ സഹോദരപുത്രൻ റവ. ഫാ. റുഫീനൂസ് ഉൾപ്പെടെ ഏതാനും വൈദികരുടെ സഹകരണത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

## യുവതികൾക്കു് ഏകാന്തധ്യാനം

പെരുമാനൂർ ലൂർദ്ദുപുരം അഗതികളുടെ സഹോദരിമാരുടെ മേൽനോട്ടത്തിൽ മഠംവകസ്കൂളിൽവച്ച് യുവതികൾക്കായുള്ള ഒരു ഏകാന്തധ്യാനം മേയ് 18-ാംനു- വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ച് 22-ാംനു- തിങ്കളാഴ്ച കാലത്തു് അവസാനിക്കുന്നതാണ്. ധ്യാനഗുരു റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി എ. ഡി. ഡി.

ശയ്യോപകരണങ്ങൾ കാരാരുംതന്നെ കൊണ്ടുവരേണ്ടതാണ്. ബോർഡിംങ്ങ് ഫീസ്സ് 7 രൂപാ മാത്രം.

ഇതിൽ സംബന്ധിക്കുന്നതിനു ദേശിക്കുന്നവർ മേയ് 12-ാംനു- ക്കകം വിവരം അറിയിക്കേണ്ടതാണ്.

മദർ സുപ്പീരിയർ
അഗതികളുടെ സഹോദരികൾ
പെരുമാനൂർ, തേവര.

## ഒരഭ്യർത്ഥന

സെൻറ് വിൻസെൻറ് ഡി പോൾ സംഘം തൃശ്ശൂർ രൂപതാകൗൺസിലിന്റെ തീരുമാനമനുസരിച്ചു രൂപതയിലുള്ള കോൺഫറൻസുകളുടെ 1949 ലെ സംഭാവന അയപ്പാൻ ബാക്കിയുള്ളവർ പ്രസ്തുത സംഖ്യയും ടി വർഷത്തിലെ ബുള്ളററിൻ വരിസംഖ്യ ബാക്കിയുണ്ടെങ്കിൽ ആയതും ഉടൻ രൂപതാകൗൺസിൽ ട്രഷറർ എം. ഡി. ആൻറണിക്കു് (ഇരിങ്ങാലക്കുട) അയപ്പാനും 1950 ലെ സംഭാവന അയച്ചിട്ടില്ലാത്ത കോൺഫറൻസുകൾ ടി സംഖ്യ മേയ് 9-ാംനു- തൃശ്ശൂർവെച്ചു കൂടുന്ന കൗൺസിൽയോഗത്തിനു വരുമ്പോൾ കൊണ്ടുവരുന്നതിനും അഭ്യർത്ഥിക്കുന്നു.

ഓരോ കൊല്ലത്തേയും സംഭാവന മുൻകൊല്ലത്തെ ആകെ വരവിന്റെ ഒരു ശതമാനവും ചുരുങ്ങിയ സംഭാവന 5 കയുമാകുന്നു.

എന്നു,
എം. ഡി. ആൻറണി, ട്രഷറർ,
St. V. De P. Society,
T. D. Council

ഇരിങ്ങാലക്കുട
19-4-1950

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

ഇരുമ്പും ഉരുക്കും സാധനങ്ങളുടെ വിലനിരക്കും വിതരണവും നിയന്ത്രിക്കുന്ന ഒരു പുതിയ ഉത്തരവു് ഐക്യസംസ്ഥാനഗവമ്മെൻറു പുറപ്പെടുവിച്ചിരിക്കുന്നു. ഇതനുസരിച്ച് നിയന്ത്രിതവിലയിൽ കവിഞ്ഞു് ആർക്കും ഇവ വില്ക്കാൻ പാടില്ലാത്തതും വ്യാപാരികൾ സ്റ്റോക്കുവിവരം ഗവമ്മെൻറിനെ അറിച്ചുകൊണ്ടിരിക്കേണ്ടതുമാണ്.

—ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ജൂൺ 1 ാംനു- വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തുന്നതും 2-ാം തിയതി കൊച്ചിയിലെത്തി തുറമുഖവും മററും സന്ദർശിച്ചശേഷം 3-ാംനു- കപ്പൽമാർഗ്ഗം ഇൻഡോനേഷ്യയിലേക്കു പുറപ്പെടുന്നതുമാണെന്നറിയുന്നു.

—തിരു-കൊച്ചി നിയമസഭയിൽ പുതിയ ഭരണഘടനയനുസരിച്ച് 108 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇതിൽ പിന്നോക്കസമുദായങ്ങൾക്കായി 9 സീററുകൾ സംവരണം ചെയ്യപ്പെടുന്നതായിരിക്കും.

—നെല്ലും അരിയും സംസ്ഥാനത്തിന്റെ ഏതുഭാഗത്തു കൊണ്ടുപോകുന്നതിനും പെർമിററു നല്കാൻ താസിൽദാരന്മാരെ അധികാരപ്പെടുത്തിയിരിക്കുന്നു.

—ഇൻഡ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ മേയ് 9-ാം തിയതി ബോംബെയിൽനിന്നും കൊച്ചിയിലേക്കു കപ്പൽകയറുന്നതും നാലഞ്ചുദിവസം കൊച്ചിയിലും തിരുവിതാംകൂറിലുമായി ചെലവഴിക്കുന്നതുമാണെന്നറിയുന്നു.

## ഇൻഡ്യാവാർത്തകൾ

—ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ഏപ്രിൽ 26-ാംനു- കറാച്ചിയിലെത്തുകയും ഇൻഡോ-പാക്കിസ്ഥാൻ ബന്ധത്തെപ്പററി പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. ലിയാക്കത്താലിഖാനുമായി സുപ്രധാനമായ പല ചർച്ചകളും നടത്തിയശേഷം ഏപ്രിൽ 28-ാംനു- ഡൽഹിയിലേക്കു മടങ്ങുകയും ചെയ്തിരിക്കുന്നു.

—ഹൈദരാബാദ് മുതലായ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് ശല്യത്തെപ്പററി ചർച്ചചെയ്യുന്നതിനായി ഇൻഡ്യ, ഹൈദരാബാദ്, മദ്രാസ് എന്നീ ഗവമ്മെൻറുകളുടെ പ്രതിനിധികളടങ്ങിയ ത്രിപക്ഷകോൺഫറൻസ് ഏപ്രിൽ 26 ാംനു- ഹൈദരാബാദിൽ ആരംഭിച്ചിരിക്കുന്നു.

—ഇൻഡ്യയും പാക്കിസ്ഥാനും തമ്മിലുണ്ടായിരിക്കുന്ന വാണിജ്യ ഉടമ്പടിയനുസരിച്ച് സുഗന്ധദ്രവ്യങ്ങൾ, കൈത്തറിത്തുണി, തടി, ബീഡി, തീപ്പെട്ടി, ഇരുമ്പ് എന്നിവ ഇൻഡ്യയിൽനിന്നും ലൈസൻസുകൂടാതെ പാക്കിസ്ഥാനിലേക്കു കയററി അയക്കാവുന്നതാണ്.

—ഇൻഡ്യയും ബർമ്മയും തമ്മിൽ ഈയിടെ ചെയ്ത കരാറിന്റെ ഫലമായി ഏതാനും ആഴ്ചകൾക്കുള്ളിൽ ബർമ്മാ അരി ഇൻഡ്യയിൽ ഇറക്കുമതിചെയ്യുന്നതാണെന്നറിയുന്നു.

ശ്രീ ജോസഫ് നടുവത്തുശേരി

## നിര്യാതനായി

എറണാകുളത്തെ ഒരു പൗരമുഖ്യനും വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരിഅവർകളുടെ പിതൃസഹോദരനും പരേതനായ റാവുബഹദൂർ എൻ. ജെ.



ജോസഫ്, പാലക്കാട്ടു് ഡിവിഷൻ എൻജിനിയർ മി. എൻ. ജെ. ജോൺ, കൺസൽട്ടിംഗ് എൻജിനിയർ മി. എൻ. ജെ. ജോർജ്ജ് എന്നിവരുടെ പിതാവുമായ ശ്രീ ജോസഫ് നടുവത്തുശേരി മേയ് 1-ാംനു- കാലത്തു് 80-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

R. I. P.

## വിദേശവാർത്തകൾ

ലോകത്തിലെവിടെയെങ്കിലും മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നപക്ഷം അതേപ്പററി അന്വേഷിച്ച് പരിഹാരമുണ്ടാക്കുന്നതിനായി ഒരു സ്ഥിരംസംഘടനയെ തിരഞ്ഞെടുത്തു് ഏർപ്പെടുത്തേണ്ടതാണെന്നു് മനുഷ്യാവകാശങ്ങളെപ്പററിയുള്ള ഐക്യരാഷ്ട്രക്കമ്മീഷൻ മുമ്പാകെ ഇൻഡ്യൻ പ്രതിനിധി മിസസ്സ് ഹൻസമേത്താ വാദിച്ചിരിക്കുന്നു.

—ഐക്യരാഷ്ട്ര നിരായുധീകരണക്കമ്മീഷന്റെ യോഗത്തിൽനിന്നും റഷ്യൻപ്രതിനിധി വാക്കൗട്ടുനടത്തിയിരിക്കുന്നു. ഐക്യരാഷ്ട്ര സംഘടനകളിൽനിന്നുള്ള റഷ്യയുടെ 21-ാമത്തെ വാക്കൗട്ടാണിതെന്നു പറയപ്പെടുന്നു.

—അമേരിക്ക സന്ദർശിക്കുന്നതിനായി പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. ലിയാക്കത്താലിഖാൻ ഏപ്രിൽ 29-ാംനു- കറാച്ചിയിൽനിന്നും പുറപ്പെട്ടിരിക്കുന്നു.

## റോമാവാർത്തകൾ

(സ്വന്തം ലേഖകൻ)

ഏപ്രിൽ 20-ാംനു- 6-30നു് 26 ഇൻഡ്യൻ തീർത്ഥകർ വിമാനമാർഗ്ഗം റോമിലെത്തി. അവരുടെ കൂട്ടത്തിൽ, വെരി റവ. ഫാദർ കാക്കശ്ശേരി, റവ. ഫാദർ കുഴിക്കാട്ടു്, റവ. ഫാദർ പുതിയപറമ്പിൽ എന്നിവരുൾപ്പെടെ 9 മലയാളികളുണ്ടായിരുന്നു. വത്തിക്കാൻ അരമനയിൽനിന്നും അല്പം അകലെയുള്ള ഒരു മന്ദിരമാണ് അവർക്കു വസിക്കുന്നതിനായി ഏർപ്പാടുചെയ്തിരുന്നതു്. പിറേറദിവസം കാലത്തു വി. കല്ലിസ്റ്റസിന്റേയും സെബസ്ത്യാനോസിന്റേയും ഭൂഗർഭാലയങ്ങളും റോമിലെ ചില പ്രധാന പള്ളികളും അവർ സന്ദർശിച്ചു. വൈകുന്നേരം വത്തിക്കാൻ കൗതുകാഗാരം സന്ദർശിക്കുകയുണ്ടായി. ശനിയാഴ്ചകാലത്തു വി. പത്രോസിന്റെ ബസ്ലിക്കായിൽ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനായി പോയി. ബസ്ലിക്കാ തീർത്ഥകരെക്കൊണ്ടു് നിറഞ്ഞിരുന്നു. ഇൻഡ്യൻ തീർത്ഥകർക്കു മാർപ്പാപ്പായുടെ സിംഹാസനത്തിനു സമീപംതന്നെ സ്ഥലം ലഭിച്ചുവെന്നതു പ്രസ്താവ്യമാണ്. പരിശുദ്ധപിതാവു് ബസ്ലിക്കായിൽ പ്രവേശിക്കുന്നതിനുമുമ്പു് പല ഗാനങ്ങളും ഉച്ചഭാഷിണിയിൽക്കൂടി ആലപിക്കപ്പെടുകയും വിശ്വാസികൾ അവ ഏററുപാടുകയും ചെയ്തു. വിശുദ്ധവത്സരക്കമ്മിററിയുടെ ആഗ്രഹപ്രകാരം ഇൻഡ്യയിൽനിന്നും സിലോണിൽനിന്നുമുള്ള തീർത്ഥകരും പാട്ടുപാടുന്നതിനു സന്നദ്ധരായി. ഇൻഡ്യൻ തീർത്ഥകരെ പ്രതിനിധീകരിച്ച് കേരളീയവൈദികർ മൂന്നുപേരുംകൂടി സുറിയാനിയിൽ "വിശ്വസിക്കുന്നേൻ" എന്ന ഗാനം പാടി. ബസ്ലിക്കായുടെ പുറത്തു ഘടിപ്പിച്ചിരുന്ന ഉച്ചഭാഷിണികൾമുഖേന ആ ഗാനം റോമായിലെ അന്തരീക്ഷത്തിൽ ലയിച്ചു.

12-30-നാണു പരിശുദ്ധപിതാവു് ബസ്ലിക്കായിൽ ആഗതനായതു്. സേദിയജസ്തത്തോറിയായിൽ ഉപവിഷ്ടനായി, തിരുമേനി ജനാവലിയുടെ മദ്ധ്യത്തിൽക്കൂടി കടന്നുപോയപ്പോൾ, ഓരോ രാജ്യത്തുനിന്നുമുള്ള തീർത്ഥകസംഘങ്ങളെ പ്രത്യേകം ആശീർവ്വദിച്ചുകൊണ്ടു അവരുടെ നേർക്കുള്ള സ്നേഹവാത്സല്യങ്ങൾ പ്രത്യക്ഷമാക്കി. പേപ്പൽ അൾത്താരയ്ക്കുസമീപം സജ്ജമാക്കിയിരുന്ന സിംഹാസനത്തിനടുത്തു് എത്തിയപ്പോൾ തിരുമനസ്സുകൊണ്ടു "സേദിയ"യിൽ നിന്നിറങ്ങി, സിംഹാസനത്തിൽ ആരൂഢനായി. അനന്തരം അവിടുന്നു് ഓരോ തീർത്ഥകസംഘങ്ങളേയും സ്വാഗതംചെയ്യുകയും അവരോടു വിവിധഭാഷകളിൽ, കുറേശ്ശെ സമയം സംസാരിക്കുകയും ചെയ്തു. ഇൻഡ്യൻ സംഘം തിരുമനസ്സിനെ മുഖം കാണിച്ചപ്പോൾ വൈദികർ മൂന്നുപേരുംകൂടി മററു തീർത്ഥകരെ പരിശുദ്ധ പിതാവിനു പരിചയപ്പെടുത്തിക്കൊടുത്തു. മി. കെ. വി. മാത്യു സ്വർണ്ണക്കമ്പിയിൽ കുരുമുളകുമണികൾകൊണ്ടു നിർമ്മിച്ച ഒരു ജപമാല തിരുമനസ്സിലേക്കു കാഴ്ച സമർപ്പിച്ചു. 1-30നാണു് കൂടിക്കാഴ്ച അവസാനിച്ചതു്.

അന്നു വൈകുന്നേരംതന്നെ ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനായി ഇൻഡ്യൻ തീർത്ഥകർ നാലുബസ്ലിക്കാകളും സന്ദർശിച്ചു. പിറേറദിവസം ഞായറാഴ്ചകാലത്തു അവർ തിരുക്കുടുംബ സ്ഥാപകയായ മരിയ ഗ്ലൂഡിയേൽമ എമിലിയ ദി റോഡാറ് എന്ന പുണ്യവതിയുടെ നാമകരണച്ചടങ്ങുകളിൽ പങ്കെടുത്തു. തദവസരത്തിലും അവർക്കു ബസ്ലിക്കായിൽ സൗകര്യപ്രദമായ ഒരു സ്ഥാനം ലഭിക്കുകയുണ്ടായി. വൈകുന്നേരം പ്രോപ്പഗന്താകോളെജും റോമിലെ മററുപല പ്രധാന സ്ഥാപനങ്ങളും അവർ സന്ദർശിച്ചു. ഏപ്രിൽ 24-ാംനു- തിങ്കളാഴ്ചകാലത്തു ഇററലിയിലെ മററു പ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി അവർ റോമിൽനിന്നു പുറപ്പെടുകയുണ്ടായി. നേപ്പിൾസ്, അസ്സീസി, മിലാൻ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ലൂർദ്ദ്, ഫാത്തിമ, ലണ്ടൻ മുതലായ നഗരങ്ങളിലേക്കും യാത്രചെയ്യണമെന്നാണ് അവരുടെ ആഗ്രഹം. ഇൻഡ്യയിലേക്കുള്ള മടക്കയാത്രയിൽ അവർ വീണ്ടും റോമിൽ ഇറങ്ങാനുമിടയുണ്ട്.

വിൻസെൻറ് ഡി പോൾ സഖ്യം 2

# സ്വയം വിശുദ്ധീകരിക്കണം

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ സർവ്വപ്രധാനമായ ലക്ഷ്യം അതിലെ അംഗങ്ങളുടെ ആത്മവിശുദ്ധീകരണമാണ്. സഖ്യത്തിൻെറ വിജയവും പുരോഗതിയും ആശ്രയിച്ചിരിക്കുന്നതു് ഓരോ അംഗത്തിൻേറയും ഹൃദയത്തിൽ ദൈവസ്നേഹം ദൃഢതരമാക്കുന്നതിലും സാധുക്കളിൽ ദൈവത്തെ ദർശിക്കുന്നതിനുള്ള മനോഭാവം ഓരോരുത്തനിലും വളർത്തുന്നതിലുമാണ്. ദൈവമഹത്വത്തിനായി നിസ്സ്വാർത്ഥമായും നിഷ്കാമമായും അജ്ഞാതമായും പ്രശസ്തിയെ അഭിലഷിക്കാതെയും യത്നിക്കുന്നതിനുള്ള ആഹ്വാനമാണ് സംഖ്യത്തിൻെറ പ്രഥമപ്രസിഡണ്ടു് ജനറലായിരുന്ന ബയിലി തദംഗങ്ങൾക്കു നൽകിയതു്. "ദൈവസ്നേഹത്തിൽ സത്യം പ്രവർത്തിച്ചുകൊണ്ടു് സമസ്ത കാര്യങ്ങളിലും ശിരസ്സായ ക്രിസ്തുവിൽ വളരുക" എന്നുള്ള വിശുദ്ധ പൗലോസിൻെറ എഫേസ്യാക്കാരോടുള്ള ഉൽബോധനമായിരുന്നു സഖ്യാംഗങ്ങളുടെ മാർഗ്ഗദർശകമായിരുന്നതു്.

സമസൃഷ്ടങ്ങളുടെ ഭൗതികക്ലേശങ്ങളെ ദൂരീകരിക്കുന്നതിൽനിന്നും സംജാതമാകുന്ന കേവലം മാനുഷികമായ സംതൃപ്തിയല്ല നന്മ പ്രവർത്തിക്കുന്നതിൽ സഖ്യാംഗങ്ങൾക്കു പ്രേരകമായിരിക്കേണ്ടതു്. "ദൈവസ്നേഹത്തിൽ സത്യം പ്രവർത്തിക്കുക" എന്നതിൻെറ അർത്ഥം എല്ലാകാര്യങ്ങളിലും ദൈവഹിതാനുസരണം വർത്തിക്കുക എന്നതാണ്. "ഇതാണ് ദൈവഹിതം, അതായതു് നിങ്ങളുടെ വിശുദ്ധീകരണം" എന്നത്രേ വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്നതു്. തന്മൂലം അംഗങ്ങൾ ആദ്യമായി തങ്ങളുടെ ആത്മവിശുദ്ധീകരണത്തിൽ സർവ്വപ്രധാനമായ ശ്രദ്ധ പതിക്കണമെന്നും അനന്തരം അന്യരുടെ ആത്മരക്ഷയ്ക്കായി യത്നിക്കണമെന്നും സഖ്യത്തിൻെറ ആരംഭകാലംമുതൽ നിഷ്കർഷിക്കപ്പെട്ടിരുന്നു. തനിക്കില്ലാത്തതു മററൊരുത്തനു കൊടുക്കുവാൻ ആർക്കും സാധിക്കയില്ലെന്നാണല്ലോ മഹദ്വാക്യം. ആകയാൽ അന്യരെ സത്യത്തിലേക്കും നന്മയിലേക്കും ആനയിക്കുവാൻ ഉദ്യമിക്കുന്ന ഒരു സന്ദർശകൻ—സഖ്യാംഗം—തൻെറ ജീവിതം സത്യത്തിലും നന്മയിലും അധിഷ്ഠിതമായിരിക്കുവാൻ ആദ്യമായി ശ്രദ്ധിക്കേണ്ടതാണ്; അതായതു് സ്വയം വിശുദ്ധീകരിക്കണം.

പരസ്നേഹകോൺഫറൻസിൻെറ ആദ്യത്തെ മീററിംഗിൽ ബയിലി ഇങ്ങനെ ഉൽബോധിപ്പിക്കുന്നു: "നിങ്ങളേയും സാധുജനങ്ങളേയും സഹായിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ക്ലേശം സഹിക്കുന്ന ക്രിസ്തുവിനെ സാധുക്കളിൽ ദർശിച്ചുകൊണ്ടു് സ്വയം വിശുദ്ധീകരിക്കുവാൻ നിങ്ങൾ ശ്രമിക്കുവിൻ." വീണ്ടും അദ്ദേഹം പറയുന്നു: "മനുഷ്യവർഗ്ഗത്തെ താൻ പഠിപ്പിക്കുവാനിരുന്ന സംഗതികൾ ക്രിസ്തുനാഥൻ ആദ്യമായി അനുവർത്തിച്ചു. നമ്മുടെ ബലഹീനത അനുവദിക്കുന്നിടത്തോളം ഈ മാതൃകയെ അനുകരിക്കുവാൻ നാം ആഗ്രഹിക്കുന്നു." ചരിത്രകോൺഫറൻസിൻെറ പരാജയത്തിൽനിന്നും ലഭിച്ച പാഠമായിരുന്നു ഇതു്. ഈ മഹനിയമങ്ങളാണ് അദ്യാപി വിൻസെൻറ് ഡി പോൾ സഖ്യത്തെ നയിച്ചുകൊണ്ടിരിക്കുന്നതു്.

അംഗങ്ങളായ യുവജനങ്ങളിൽ കത്തോലിക്കാ ചൈതന്യം വളർത്തുക എന്നതാണ് സംഖ്യത്തിൻെറ പ്രഥമലക്ഷ്യം. അതിനുവേണ്ടിയാണ് നിയമേനയുള്ള യോഗങ്ങളും അവയിലെ പ്രാർത്ഥനകളും ഉൽബോധനങ്ങളും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. സാധുജനങ്ങളെ സഹായിക്കുക എന്നുള്ളതല്ല സഖ്യത്തിൻെറ പരമലക്ഷ്യം; പ്രത്യുത അതു ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗംമാത്രമാണ്. യുവജനങ്ങളിൽ കത്തോലിക്കാ വിശ്വാസം വളർത്തുന്നതിനു് ആദ്യകാലത്തു് സംഘാധികൃതന്മാർ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരുന്നു. വാദപ്രതിവാദങ്ങൾവഴി ഇതു സാധിക്കുക എളുപ്പമല്ലെന്നു് അവർക്കു മനസ്സിലായി. തന്മൂലം ദിവ്യനാഥൻെറ ജീവിതമാതൃകയെത്തന്നെ അനുകരിക്കുവാൻ അവർ തീർച്ചപ്പെടുത്തി. ദൈവസ്നേഹത്തേയും പരസ്നേഹത്തേയും സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ മുഴുവൻ പ്രാവർത്തികമാക്കുവാൻ അവർ ഉത്സുകരായി. അവർ പ്രധാനമായി ദൈവത്തെ അന്വേഷിച്ചു; സാധുക്കളെ അല്ല. ദൈവത്തെ സാധുജനങ്ങളിൽ ദർശിച്ചതുകൊണ്ടുമാത്രമാണ് അവർ സാധുക്കളെ അന്വേഷിച്ചതു്. കേവലം പുണ്യാഭ്യാസമല്ല 'പുണ്യപൂർണ്ണതയാണ്' അവർ അന്വേഷിച്ചതു്; കീർത്തിയല്ല, എളിമയാണ് അവർ തേടിയതു്. ബാഹ്യപ്രവർത്തനങ്ങളുടെ സംഖ്യാവൈപുല്യമല്ല, പ്രത്യുത ആദ്ധ്യാത്മിക ജീവിതത്തിൻെറ ആധിക്യമായിരുന്നു അവരുടെ ലക്ഷ്യം. അംഗങ്ങൾക്കു സന്ദർശിക്കുവാൻ സാധിച്ച സാധുകുടുംബങ്ങളുടെ എണ്ണം അത്ര കാര്യമായിക്കരുതിയിരുന്നില്ല. അതു് ഒന്നോ പത്തോ ആയിക്കൊള്ളട്ടെ; സന്ദർശനവേളയിൽ ക്രിസ്തുനാഥനു മനുഷ്യരോടുണ്ടായിരുന്ന സ്നേഹത്തെ എത്രമാത്രം പ്രതിബിംബിപ്പിക്കുവാൻ സാധിച്ചിരുന്നു എന്നതായിരുന്നു അവരുടെ പ്രധാനശ്രദ്ധാവിഷയം. സംഘത്തിൻെറ ഈ ആദ്യചൈതന്യം നിരന്തരം സംരക്ഷിച്ചുകൊണ്ടുപോരുന്നതിൽ സംഖ്യാധികൃതന്മാർ ഉത്സുകരായിരിക്കണം.

"സേവനം" എന്നതു് ഇന്നു സർവ്വസാധാരണമായിരിക്കുന്ന ഒരു പദമാണ്. സേവനത്തെപ്പററി പ്രതിപാദിക്കാത്ത പത്രങ്ങളോ പ്രസംഗവേദികളോ അപൂർവ്വമത്രേ. നിത്യോപയോഗത്തിനുള്ള സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്നവരുടെ ബന്ധവും ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളും അവയുടെ ശുശ്രൂഷാവിഷയമായ സാധുക്കളും തമ്മിലുള്ള ബന്ധവും സേവനപരിധിയിൽ പെടുന്നു. എന്നാൽ ക്രിസ്തുനാഥൻെറ ആഗമനത്തിനുശേഷം സേവനം പാവനമായ ഒരു ചിന്തയാണ് ഓരോ ക്രിസ്ത്യാനിയിലും സംജാതമാക്കുന്നതു്. കാരണം അതു "സ്വയം ശൂന്യമാക്കി ദാസൻെറ വേഷം സ്വീകരിച്ചു" ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്നു. "ഞാൻ നിങ്ങൾക്കു് ഒരു മാതൃക നൽകിയിരിക്കുന്നു; ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യുവിൻ" എന്നത്രേ ക്രിസ്തുനാഥൻ തൻെറ അനുയായികളെ ഉൽബോധിപ്പിക്കുന്നതു്. വിൻസെൻറ ഡി പോൾ സഖ്യത്തിൻെറ സേവനാദർശം അധിഷ്ഠിതമായിരിക്കുന്നതു് ക്രിസ്തുനാഥൻെറ മാതൃകയിലും ഉൽബോധനത്തിലും അത്രേ. അംഗങ്ങൾക്കു് സ്വകർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ട ദൈവാനുഗ്രഹങ്ങൾ യാചിച്ചുകൊണ്ടുള്ള സഖ്യത്തിൻെറ ഔദ്യോഗികപ്രാർത്ഥന ക്രിസ്തീയസേവനത്തിൻെറ ആദർശത്തെ സമ്യക്കായി പ്രദ്യോതിപ്പിക്കുന്നു: "അങ്ങയുടെ സ്നേഹത്തെപ്രതി സാധുജനങ്ങളെ സഹായിക്കുന്നതിനും അവരുടെ ആത്മീയനന്മയ്ക്കായി യത്നിക്കുന്നതിനും വേണ്ടി അങ്ങയുടെ ദാസന്മാരുടെ മേൽ ദൈവസ്നേഹത്തിൻെറ തീക്ഷ്ണതയെ വർഷിക്കേണമെ."

വിൻസെൻറ ഡി പോൾ സൊസൈററിയുടെ പ്രവർത്തനപരിധിയിൽ പെടാത്ത പരസ്നേഹപ്രവൃത്തി യാതൊന്നും തന്നെ ഇല്ലെന്നുവേണം പറയുവാൻ. അംഗങ്ങളിൽ ഒരാൾ കായബലം നശിച്ച വൃദ്ധനുവേണ്ടി കത്തെഴുതുന്നു; അതേസമയം അയാളുടെ സഹപ്രവർത്തകൻ വിപുലമായ ഒരു അനാഥമന്ദിരം നിർമ്മിക്കുന്നതിൽ ഉത്സുകനായിരിക്കുന്നു. ഒരുവൻ വേദോപദേശം പഠിപ്പിക്കുന്നതിൽ വ്യാപൃതനായിരിക്കുന്നു. അപരൻ കർഷകരുടെ വിജയത്തിനുവേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കുന്നു. ഒരു സന്ദർശകൻ ഒരു സാധുകുടുംബത്തെ അനുകമ്പാസമന്വിതമായ വാക്കുകളാൽ സമാശ്വസിപ്പിക്കുന്നു. മറെറാരുവൻ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിനായി സ്വജീവിതം ഉഴിഞ്ഞുവയ്ക്കുന്നു. വേറൊരാൾ യാത്രക്കാർക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഉത്സുകനായിരിക്കുന്നു. മററൊരാൾ പഞ്ഞവും പടയുംമൂലം ക്ലേശമനുഭവിക്കുന്നവരുടെ സഹായത്തിനെത്തുന്നു. ചുരുക്കത്തിൽ ആത്മാവിലോ ശരീരത്തിലോ ക്ലേശമനുഭവിക്കുന്ന മനുഷ്യർക്കു് എന്തെല്ലാം സഹായം ആവശ്യമുണ്ടോ അതെല്ലാം സഖ്യത്തിൻെറ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. പക്ഷേ ഈ പ്രവർത്തനങ്ങൾ അവയിൽത്തന്നെ സഖ്യത്തിൻെറ ലക്ഷ്യമല്ല. പ്രത്യുത ഈ പ്രവർത്തനങ്ങൾക്കു വിധേയരാകുന്ന സമസൃഷ്ടങ്ങളിൽ ക്രിസ്തുനാഥനെ ദർശിക്കുകയും ക്രിസ്തുവിനെന്നതുപോലെ അവർക്കു സേവനംചെയ്യുകയും തദ്വാരാ ദൈവഹിതം അനുവർത്തിച്ചുകൊണ്ടു് ആത്മവിശുദ്ധീകരണം സാധിക്കുകയും ചെയ്യുന്നതിനു് അംഗങ്ങളെ ശക്തരാക്കുക എന്നതാണ് വിൻസെൻറ ഡി പോൾ സഖ്യത്തിൻെറ സർവ്വോപരിഷ്ഠമായ ലക്ഷ്യം.

(A. \. T.)

National Indian Life Insurance Company Ltd.,
(Established 1906)
**Head Office: Calcutta**
*Unique opportunity for field workers under new business expansion scheme.*
*Apply to:-*
**M/S. Kunnuthara Bros.,**
Chief Agents for West Coast, Ernakulam

പുസ്തകാഭിപ്രായം

## ധ്യാനാമൃതം

(ഒരു ഖണ്ഡകാവ്യം. ഗ്രന്ഥകർത്താ: ശ്രീ കെ. ജെ. വക്കി ബി എ., ബി. എൽ. വരി 404. ദീപിക പ്രസ്സ്, കോട്ടയം).

കവിതയെഴുതി കവിസ്ഥാനം സമാർജ്ജിക്കാനുള്ള കൊതികൊണ്ടു് എഴുതിയിട്ടുള്ള ഒരു കവിതയല്ല "ധ്യാനാമൃതം". അഭിഭാഷകജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ഭക്താത്മാവു ക്രിസ്തുനാഥൻെറ പീഡാനുഭവധ്യാനം നടത്തിയപ്പോൾ സമുൽഭൂതമായ പാവനചിന്തകൾ സഹൃദയാനുയോജ്യമായ കവിതാത്തോടുകൂടെ ബഹിർഗ്ഗമിച്ചതിനാൽ ഗാഥാരീതിയിൽ ധ്യാനാമൃതം രചിതമായെന്നേയുള്ളൂ. കവിത എഴുതണമെന്ന മുൻനിശ്ചയമൊന്നും കൂടാതെ പുറപ്പെട്ട ധ്യാനാമൃതത്തിലെ കവിതാം ഒട്ടും കൃത്രിമമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കാൽവരിയിലെ ശോകരസസമ്പൂർണ്ണമായ രംഗങ്ങളെപ്പററി ചിന്തിച്ചപ്പോളുണ്ടായ വികാരങ്ങളാണു ധ്യാനാമൃതത്തിലേ ഉള്ളടക്കം എന്നു ഗ്രന്ഥകർത്താവുതന്നെ പറയുന്നു. സ്വന്തം ജീവിതകാലത്തിൽ ഗണ്യമായ ഒരു ഭാഗം നിയമഗ്രന്ഥങ്ങളും ഹൈക്കോർട്ടുവിധികളും അന്യായങ്ങളും, പത്രികകളും, പോയിൻറുകളും, സാക്ഷിമൊഴികളും, വാദങ്ങളും, എതൃവാദങ്ങളും, വിധിന്യായങ്ങളും ഡിക്രികളുമായി അഹോരാത്രം അവിശ്രമം സ്ഥിരപരിചയത്തിൽ കഴിയുന്ന വക്കീൽ മി. കെ. ജെ. വക്കിക്കു് അർത്ഥപുഷ്ടിയും, ചമൽക്കാരവും, സാരവും, സ്വാരസ്യവും, ഭക്തിപ്രചുരിമയും, കവനപടുതയും തികഞ്ഞ ഒരു ഖണ്ഡകാവ്യം എഴുതാൻ സാധിച്ചിട്ടുണ്ടെന്നാണ ഗ്രന്ഥകർത്താവിൻെറ സ്വദേശിയനായ മി. വി. സി. ജോർജ്ജ് അഭിപ്രായപ്പെടുന്നതു്. തുലാസിലിട്ടു തൂക്കി വിധിപ്രസ്താവിക്കുവാൻ പ്രശസ്തിപ്രാപിച്ചിട്ടുള്ള പണ്ഡിതനായ മി. ഐ. സി. ചാക്കോ അഭിപ്രായപ്പെട്ടിരിക്കുന്നതു് ഇപ്രകാരമാണ്: "പദ്യങ്ങൾ പ്രസന്നങ്ങൾതന്നെയാണെന്നു പറയാം. സാധാരണവായനക്കാർക്കു ഗ്രഹിക്കുവാൻ പ്രയാസമില്ലാത്തതാണു ഭാഷ. മിശിഹായുടെ നേരെയുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനു് ഈ ഗാഥ ഉപകരിക്കുമെന്നു പ്രതീക്ഷിക്കാം." ശബ്ദാർത്ഥാലങ്കാരങ്ങളുടെ സമീചീനമായ കൂടിയാട്ടവും അലങ്കാരധോരണികളും ആശയഗാംഭീര്യവും ധ്യാനാമൃതത്തിൽ കാണാവുന്നതാണ്. ഏററവും മനോഹരമായിത്തോന്നിയ ഒരു പദ്യം ഇവിടെ ഉദ്ധരിക്കാം:

"അല്പം വലത്തോട്ടു ചാഞ്ഞുകിടക്കുന്ന
തല്പമാം ക്രൂശിലിപുണ്യശീർഷം
വാടിത്തളർന്നോരു നാളത്തിൽ കാണുന്ന
രാജീവകോരകമെന്നപോലെ."

ഭക്തിരസസമ്പുഷ്ടവും അനുതാപജനകവുമായ നിരവധി പദ്യങ്ങൾ ധ്യാനാമൃതത്തിലുണ്ടു്. ഈ അമൃതപാനം സ്വല്പമായ സ്വർഗ്ഗീയലഹരി അനുവാചകരിൽ ഉൽപാദിപ്പിക്കുവാൻ പര്യാപ്തവുമാണ്. അനേകർ ഈ അമൃതം പാനംചെയ്യുവാൻ ഇടയാകട്ടെ. ശ്രീമൻ, ആ കവിഹൃദയത്തിൽനിന്നു് ഇനിയും ധാരാളം അമൃതം കടഞ്ഞെടുത്തു് എല്ലാവർക്കും വിളമ്പിക്കൊടുക്കുക. T. M.

## മാസധ്യാനം

[പരിഭാഷകൻ—ഫാദർ മാത്യു പുതിയിടം. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. വില 8 ണ.]

റവ. ഫാ: വിക്ടർ സി. പി. അവർകൾ കന്യാസ്ത്രീകളെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ള ഒരു പ്രസിദ്ധകൃതിയുടെ പരിഭാഷയാണ് ഈ പുസ്തകം. വിവർത്തകനായ റവ. ഫാ: പുതിയിടം പലേ തരത്തിലുള്ള ഒട്ടുവളരെ കൃതികളുടെ കർത്താവെന്നനിലയിൽ കേരളിയർക്കു സുപരിചിതനുമാണല്ലോ. പേരുകൊണ്ടുതന്നെ വ്യക്തമാകുന്നതുപോലെ, കന്യാസ്ത്രീമഠങ്ങളിൽ മാസം തോറും നടത്തിവരുന്ന ധ്യാനത്തിനു് ആവശ്യമായ ധ്യാനവിഷയങ്ങളും തൽസംബന്ധമായ ആത്മശോധനയുമാണ് ഈ കൃതിയിലെ ഉള്ളടക്കം. പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള ചുമതല, ന്യായപ്രമാണം, ദാരിദ്ര്യം, കന്യാത്വം, അനുസരണം, ധ്യാനം, ആത്മശോധന, ഉദ്ദേശശുദ്ധി, എളിമ, പരസ്നേഹം, ഔദ്യോഗികചുമതലകൾ എന്നിത്യാദി പതിനാലുവിഷയങ്ങൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഈ വിഷയങ്ങളെപ്പററി ചില വിവരണങ്ങൾ സാമാന്യമായി നല്കിയിട്ടുണ്ടെങ്കിലും അതു് ഒരു ധ്യാനത്തിൻെറ പൂർണ്ണരൂപത്തിലല്ലെന്നുള്ളതു് അനുവാചകരിൽ ചിലരെയെങ്കിലും അസന്തുഷ്ടരാക്കിയേക്കാം. ഓരോ വിഷയത്തിനും പററുന്ന ജ്ഞാനവായനയ്ക്കുള്ള ഭാഗങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതു് വളരെ പ്രയോജനകരമായിട്ടുണ്ടു്. ആദ്ധ്യാത്മികജീവിതപുരോഗതിക്കു് വളരെ സഹായകമായ ഈ ഗ്രന്ഥത്തിനു് അതർഹിക്കുന്ന പ്രചാരം ലഭിക്കാതിരിക്കയില്ല. പരിഭാഷകൻെറ യത്നം തികച്ചും ഫലപ്രദമായിട്ടുണ്ടെന്നു് അദ്ദേഹത്തിനു് ന്യായമായി അഭിമാനിക്കയും ചെയ്യാം.

എം. ജെ. എം.

## പാചകയോഗം

ഉലുവാമാങ്ങ

25 മാങ്ങ കഴുകി പൂളി ചെറുതായി അരിഞ്ഞെടുക്കുക. അര റാത്തൽ മുളകു്, രണ്ടു നാഴി ഉലുവ ഇവ എണ്ണപുരട്ടി വറുത്തു പൊടിച്ചെടുക്കുക. അതോടുകൂടി അര ത്രുപാത്തുക്കാ കായം വെളിച്ചെണ്ണയിൽ പൊരിച്ചു പൊടിച്ചതും ഒന്നര നാഴി ഉപ്പുപൊടിയും ചേർത്തു യോജിപ്പിക്കുക. ഒരു ഭരണി കഴുകി തുടച്ചെടുത്തു് കാൽഭാഗം മാങ്ങാകഷണം വാരിയിട്ടു് മീതെ നാലിലൊന്നു പൊടിയും വിതറുക. ഇതുപോലെ വീണ്ടും മാങ്ങാകഷണവും പൊടിയും ഇട്ടു് നിറച്ചു് മീതെ ഒരു ത്രുപാത്തുക്കാ ഉപ്പുപൊടിയും കുറച്ചു കറിവേപ്പിലയും വിതറി വായു കയറാതെ അടച്ചുകെട്ടി സൂക്ഷിക്കുക. മൂന്നാഴ്ച കഴിഞ്ഞാൽ ഉപയോഗിച്ചുതുടങ്ങാം. വൃത്തിയായി സൂക്ഷിക്കുന്നപക്ഷം 6 മാസംവരെ കേടുകൂടാതിരിക്കുന്നതാണ്.

## യാക്കോബായ സഭാംഗങ്ങളും
# കത്തോലിക്കാ പുനരൈക്യവും

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

ഇക്കേരളക്കരയിൽ നിവസിക്കുന്ന അഞ്ചു ലക്ഷത്തോളം വരുന്ന യാക്കോബായ സഭാംഗങ്ങൾക്ക കത്തോലിക്കാ പുനരൈക്യത്തിനുള്ള സകല സൗകര്യങ്ങളും സാഹചര്യങ്ങളും ഇതിനകം സംലബ്ധമായിട്ടുണ്ടെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും കത്തോലിക്കാസഭയെ ആശ്ലേഷിക്കാതെ യാക്കോബ്യരായിത്തന്നെ ഇപ്പോഴും നിലകൊള്ളുന്നത് എന്തുകൊണ്ടാണെന്ന് വിസ്മയപൂർവ്വം പലരും ചോദിക്കുന്നുണ്ട്. കേരളത്തിൽ യാക്കോബായസഭ ആവിർഭവിച്ചതിനുശേഷമുള്ള ഇക്കഴിഞ്ഞ മുന്നൂറുവർഷക്കാലവും, പുത്തൻകൂറുകാരായിത്തീരുന്നതിനുള്ള നിർഭാഗ്യം സിദ്ധിച്ച തങ്ങളുടെ സഹോദരങ്ങളുടെ മാതൃസഭയിലേക്കുള്ള തിരിച്ചുവരവിനുവേണ്ടി ഇവിടത്തെ പഴയകൂറുകാരായ കത്തോലിക്കർ അശ്രാന്തം പരിശ്രമിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്. അകത്തോലിക്കരുടെ മാനസാന്തരത്തെ ഉദ്ദേശിച്ചുകൊണ്ട് കേരളത്തിലുള്ള മിക്കവാറും എല്ലാ കത്തോലിക്കാ രൂപതകളും ശക്തിമത്തായ വേദപ്രചരണം നടത്തിക്കൊണ്ടിരുന്നിട്ടുണ്ട്. ദൈവാലയങ്ങൾ, സ്കൂളുകൾ, വായനശാലകൾ ആദിയായവ സ്ഥാപിച്ചുകൊണ്ടും, പ്രാർത്ഥന, പ്രസംഗം, പ്രസിദ്ധീകരണങ്ങൾ എന്നീ വിവിധോപാധികൾ ഉപയോഗിച്ചുകൊണ്ടും അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യാർത്ഥം ഇവിടത്തെ കത്തോലിക്കർ നിസ്വാർത്ഥം പ്രവർത്തിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്.

പുനരൈക്യപ്രസ്ഥാനാവിർഭാവത്തിനുശേഷം ഇക്കഴിഞ്ഞ ഇരുപതു വർഷക്കാലവും ഇവിടത്തെ യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യാർത്ഥം വ്യാപകമായും ശക്തിമത്തായുമുള്ള പ്രവർത്തനങ്ങളാണെല്ലാം നടത്തിക്കൊണ്ടിരുന്നിട്ടുള്ളത്. അകത്തോലിക്കരുടെ എല്ലാകേന്ദ്രങ്ങളിലും സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും, പ്രസംഗങ്ങൾ നടത്തുന്നതിനും, പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതിനും ഇതിനോടകം സാധിച്ചുകഴിഞ്ഞിട്ടുണ്ട്. വൈദികന്മാർ, കന്യാസ്ത്രീകൾ, ഉപദേശിമാർ ആദിയായ കത്തോലിക്കാ മിഷനറിമാർ ശതക്കണക്കിനു കേരളത്തിലുള്ള മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഇപ്പോൾ പുനരൈക്യപ്രവർത്തനം നടത്തിക്കൊണ്ടിരിക്കയും അതിനുവേണ്ടി ലക്ഷക്കണക്കിനു പണം വ്യയംചെയ്തുകൊണ്ടിരിക്കയും ചെയ്യുന്നു. ഇപ്രകാരമുള്ള പരിശ്രമങ്ങൾ അനേകവർഷങ്ങളായി നടത്തിയിട്ടും യാക്കോബായസഭയിൽനിന്നും ചുരുക്കം ആളുകൾ മാത്രമേ ഇതിനകം കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ളുവെന്ന വാസ്തവം ആരെയാണ് വിസ്മയഭരിതരാക്കിത്തീർക്കാത്തത്?

ഒരു യഥാർത്ഥ യാക്കോബ്യനു കത്തോലിക്കാപുനരൈക്യത്തിനുള്ള പ്രതിബന്ധമായി "വിശ്വാസവിഷയങ്ങളെ" ചൂണ്ടിക്കാണിക്കുവാൻ നിവൃത്തിയില്ലാത്തവിധം അത്രമാത്രം യോജിപ്പാണ് വിശ്വാസവിഷയത്തിൽ ഇരുസഭകളും തമ്മിലുള്ളത്. പുരാതനവിശ്വാസങ്ങളിൽനിന്നും യാക്കോബായസഭ ഇതുവരെ "സഭയായിട്ട്" വ്യതിചലിച്ചിട്ടില്ലാത്തതിനാൽ കത്തോലിക്കാസഭാപ്രബോധനത്തിനു "വിശ്വാസം" ബാധകമായി ഒരു കാലത്തും തീരുന്നതല്ല. വി. പത്രോസിന്റെ പരമാധികാരം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, ക്രിസ്തുവിന്റെ ദ്വിസ്വഭാവം, ദൈവമാതാവിന്റെ അമലോത്ഭവം, ശുദ്ധീകരണസ്ഥലം ആദിയായ ചില വിശ്വാസവിഷയങ്ങൾ യാക്കോബായ സഭയ്ക്കില്ലെന്ന് ഈ അടുത്തകാലത്തു ചിലർ വാദിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും യാക്കോബായസഭാപിതാക്കന്മാർക്കളിലെല്ലാം ഈ വിശ്വാസങ്ങൾ സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഇതിനകം തെളിയിച്ചുകഴിഞ്ഞിട്ടുള്ളതാണ്. കത്തോലിക്കാസഭാവിദ്വേഷമോ, അഥവാ പ്രോട്ടസ്റ്റന്റു സമ്പർക്കമോ, അതുമല്ലെങ്കിൽ സ്വസഭാപിതാക്കന്മാർക്കളിലുള്ള അജ്ഞതയോ നിമിത്തം പ്രസ്തുത വിശ്വാസങ്ങളെ ചിലർ നിഷേധിക്കുന്നുവെന്നല്ലാതെ നിഷ്പക്ഷവാദികളായ യാക്കോബ്യർക്ക ഒരു കാലത്തും അവ നിഷേധിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതു നിർവ്വിവാദമത്രെ.

കത്തോലിക്കാസഭയിലെ അധികാരസ്ഥാനത്തെ അംഗീകരിച്ച് അനുസരിക്കുന്നതിനുള്ള വൈമനസ്യവും കത്തോലിക്കാപുനരൈക്യത്തിനുള്ള പ്രതിബന്ധമായി ഉന്നയിക്കുവാൻ യഥാർത്ഥയാക്കോബ്യർക്ക സാധിക്കുന്നതല്ല. യാക്കോബായ കാനോനിൽ റോമിലെ പാത്രിയർക്കീസ് "പിതൃപാത്രിയർക്കീസ്" ആണെന്നു സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുമ്പോൾ — അഖിലലോകപ്രശസ്തിയിലും, ഏറെ വിശാലതയിലും, സ്വാധീനശക്തിയിലും, പാണ്ഡിത്യത്തിലും എന്നുവേണ്ട എല്ലാ നിലകളിലും യാക്കോബായ മേലദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസിനെ വെല്ലത്തക്ക സ്ഥാനം റോമാപാത്രിയർക്കീസിനുണ്ടെന്നു സകലർക്കും ബോദ്ധ്യപ്പെട്ടിരിക്കുമ്പോൾ— തങ്ങളുടെ ആദ്ധ്യാത്മികതലവനായി റോമാമാർപ്പാപ്പയെ സ്വീകരിക്കുവാൻ വിവരമുള്ള യാക്കോബ്യർ വൈമുഖ്യം പ്രകടിപ്പിക്കുകയില്ല. കത്തോലിക്കാ മെത്രാന്മാരും വൈദികന്മാരും യാക്കോബായ വൈദികസ്ഥാനികളെ അതിശയിക്കത്തക്ക വിശ്വാസതീക്ഷ്ണതയും, പാണ്ഡിത്യവും, പരിശീലനവും, കാര്യപ്രാപ്തിയും, സ്വഭാവഗുണവും, നിസ്വാർത്ഥതയും, വേദപ്രചരണാസക്തിയും ഉള്ളവരാണെന്ന് പല പല അനുഭവങ്ങൾമൂലം ഇതിനകം യാക്കോബായസഹോദരങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഭരണഘടനയെപ്പറ്റിയാണെങ്കിൽ ലോകം മുഴുവൻ ഇളകിമറിഞ്ഞാലും യാതൊരു കോട്ടവും വാട്ടവും ഉണ്ടാകുവാൻ ഇടയില്ലാത്തവിധമുള്ള ഒരു ഭരണഘടനയാണ് കത്തോലിക്കാസഭയ്ക്കുള്ളതെന്നു സകലജാതി മതസ്ഥരും ഒരുപോലെ സമ്മതിക്കുകയും ചെയ്യുന്നുണ്ട്. ആ സ്ഥിതിക്ക് കത്തോലിക്കാസഭയിലെ അധികാരികളെ അനുസരിക്കുന്നതിനുള്ള പ്രയാസമോ ഭരണഘടനയ്ക്കു കീഴ്‌വഴങ്ങുന്നതിനുള്ള വൈമുഖ്യമോ പുനരൈക്യവീഥിയിലെ വിലങ്ങുതടികളായി ഒരു യാക്കോബ്യന്റെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതല്ല.

ഇനിയും ആരാധനാക്രമങ്ങളിലോ പ്രാർത്ഥനാക്രമങ്ങളിലോ ഉള്ള തടസ്സമാണെങ്കിൽ യാക്കോബായസഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ക്രമങ്ങൾ അതേവിധം ഉപയോഗിച്ചുകൊള്ളുന്നതിനുള്ള അനുവാദം പരിശുദ്ധ സിംഹാസനത്തിൽനിന്നും ലഭിച്ചിരിക്കുന്നതിനാൽ ആ പ്രതിബന്ധവും നീങ്ങിക്കിട്ടിയിരിക്കുന്നു. "മലങ്കര സുറിയാനിറീത്ത്" റോമാസിംഹാസനത്തിൽനിന്നും അനുവദിച്ചിരിക്കുന്നതിന്റെ പ്രധാനോദ്ദേശ്യം യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാപുനരൈക്യമാണെന്നുള്ളതിനു സംശയമില്ലല്ലോ. ഇവിടത്തെ യാക്കോബായസഭയിൽപ്പെട്ട ഇരുകക്ഷികളുടേയും പട്ടത്വം, ജ്ഞാനസ്നാനം, മൂറോനഭിഷേകം ആദിയായ കൂദാശകളുടെ സാധുത്വത്തെപ്പറ്റി യാതൊരു സംശയവും പുറപ്പെടുവിക്കാതെയും, പുനരൈക്യപ്പെടുന്ന അത്മായർക്ക ജ്ഞാനസ്നാനമോ മൂറോനഭിഷേകമോ വീണ്ടും നല്കാതെയും, വൈദികന്മാരെ "അഴിച്ചുപട്ട"ത്തിനു വിധേയരാക്കാതെയും കത്തോലിക്കാസഭയിലേക്ക സ്വീകരിക്കയത്രെ ചെയ്തുകൊണ്ടിരിക്കുന്നത്. അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിനെക്കാൾ എന്തുമാത്രം ഏറെ വിശാലതയും, നീതിബോധവും, സത്യസംരക്ഷണവുമാണ് റോമാപാത്രിയർക്കീസ് ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്നതെന്ന് സൂക്ഷ്മചിന്തകന്മാർക്ക ഗ്രഹിക്കുവാൻ കഴിയുന്നതാണ്. ആ സ്ഥിതിക്ക പുനരൈക്യത്തിനുള്ള ഒരു പ്രതിബന്ധമായി ഇതും ഉന്നയിക്കുന്നതിനു നിവൃത്തിയില്ല.

ഇനിയും സാമുദായികമായോ ജാതീയമായോ നോക്കുന്നപക്ഷവും യാക്കോബായ സഹോദരങ്ങൾക്ക കത്തോലിക്കാ പുനരൈക്യത്തിനു യാതൊരു വൈഷമ്യവുമുണ്ടാകുന്നതല്ല. കേരളത്തിലുള്ള സ്വന്തസഹോദരങ്ങളായ പത്തു ലക്ഷത്തിൽപ്പരം സീറിയൻ കത്തോലിക്കരോട യോജിച്ചുകൊണ്ട് സാമൂഹ്യമായും ആദ്ധ്യാത്മികമായും സാമ്പത്തികമായും രാഷ്ട്രീയമായും സാഹിത്യപരമായുമുള്ള പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള സകല സൗകര്യങ്ങളുമത്രേ ഇവിടത്തെ യാക്കോബായ സഭാംഗങ്ങൾക്ക ലഭിച്ചിരിക്കുന്നത്. ഏതാണ്ട് ഇരുപതിനായിരത്തോളം വരുന്ന ഇവിടത്തെ ക്നാനായ യാക്കോബ്യർക്കാകട്ടെ അവരേക്കാൾ മൂന്നിരട്ടി ജനസംഖ്യയിലും, പതിന്മടങ്ങ് ഉൽകൃഷ്ടനിലകളിലും എത്തിയിരിക്കുന്ന ക്നാനായ കത്തോലിക്കരോട യോജിച്ച് സാമുദായികാചാരങ്ങളും വിവാഹബന്ധങ്ങളും അതേവിധം തന്നെ പാലിക്കുന്നതിനുള്ള സൗകര്യങ്ങളും ലഭിക്കുന്നതാണ്. ലത്തീൻ റീത്തുകാരും വിദേശികളുമായ മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ ഇരിക്കുന്നതിനു വൈമനസ്യംമൂലം കൂനൻകുരിശുസത്യം നടത്തി പുത്തൻകൂറുകാരായിത്തീരുകയും അനന്തരം യാക്കോബായ ബാന്ധവത്തിലകപ്പെടുന്നതിനു നിർഭാഗ്യം സിദ്ധിക്കുകയും ചെയ്തവരുടെ സന്താനങ്ങൾക്ക് സ്വന്തറീത്തുകാരും സ്വദേശീയരുമായ മെത്രാന്മാരെയും, ഇതാ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക കൂനൻകുരിശുസത്യാനന്തരം "എലി'യെ തോല്പിച്ചു ഇല്ലം ചുടുന്നതിന്" സന്നദ്ധരായിത്തീർന്ന ആ പിതാക്കന്മാർ പ്രവർത്തിച്ച അതേ അബദ്ധത്തിൽ മക്കളെ മുഷ്ടിപിടിച്ചുകൊണ്ട ഇനിയും നില്ക്കേണ്ടതായ കാരണവും സുബുദ്ധിയുള്ള അവരുടെ സന്താനങ്ങൾക്കില്ലെന്നുള്ളതിനു സംശയമില്ല.

യാക്കോബായസഭയുടെ ആധുനികസ്ഥിതി ശരിക്കു പഠിക്കുകയും, നിഷ്പക്ഷബുദ്ധ്യാ ചിന്തിക്കുകയും ചെയ്യുന്ന ഒരുവനു പ്രസ്തുതസഭയെ പരിത്യജിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിക്കാതെ നിവൃത്തിയില്ലെന്നുള്ളതു സംശയരഹിതമായ കാര്യംതന്നെയാണ്. കേസ്സുകളും വ്യവഹാരങ്ങളും നിമിത്തം യാതൊരു സമാധാനവുമില്ലാതെയും, ബാഹ്യമായോ ആഭ്യന്തരമായോ യാതൊരുവിധപുരോഗതിയുമില്ലാതെയും യാക്കോബായസഭ ക്രമേണ അധഃപതിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ള പരമാർത്ഥം സൂക്ഷ്മചിന്തകന്മാർ സമ്മതിക്കതന്നെ ചെയ്യും. ഇരുകക്ഷികളുംതമ്മിലുള്ള മത്സരവും, നിസ്വാർത്ഥരായ നേതാക്കന്മാരുടെ അഭാവവും, ഭരണഘടനയുടെ കുഴപ്പവും, പഠിപ്പോ പരിശീലനമോ ഇല്ലാത്ത വൈദികാധികാരികളുടെ ആദ്ധ്യാത്മികനേതൃത്വവും യാക്കോബായ സഭയുടെ അധഃപതനത്തിനു കാരണങ്ങളായിത്തീർന്നിരിക്കുന്നുവെന്നു ഒട്ടനേകം നേതാക്കന്മാർ ഇതിനോടകം പരസ്യമായി പ്രസ്താവിച്ചു കഴിഞ്ഞു. ഇക്കഴിഞ്ഞ നാല്പതുവർഷക്കാലം ഒന്നിനുപുറകെ ഒന്നായി നടത്തിക്കൊണ്ടിരുന്ന സന്ധിപരിശ്രമങ്ങളെല്ലാം പരാജയം കൈവരിക്കുകയും, അതിനുവേണ്ടി പരിശ്രമിച്ചവരെല്ലാം നിരാശയിൽ നിപതിക്കുകയും, "ലോകാവസാനത്തോളം യാക്കോബായസഭയിൽ സന്ധി സാദ്ധ്യമല്ലെ"ന്നു പരസ്യമായിത്തന്നെ അവരെല്ലാം പ്രസ്താവിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. നിഷ്കന്മഷരും, നിസ്വാർത്ഥരും, സമുദായസ്നേഹികളുമായ ഏതാനും യുവാക്കന്മാർ അടുത്തകാലത്തു നടത്തിക്കൊണ്ടിരുന്നതും വിജയപ്രാപ്തിയിലെത്തുമെന്നു പലരും വിശ്വസിച്ചുകൊണ്ടിരുന്നതുമായ "ചിങ്ങവനം വട്ടമേശസമ്മേളനപരിശ്രമവും" അവസാനം പരാജയപ്പെട്ടിരിക്കുന്നതായി ഏവർക്കും ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. സുബുദ്ധിയും അഭിമാനവുമുള്ള ഒരുവൻ യാക്കോബായസഭയിൽ, സമാധാനപരിശ്രമത്തിനുവേണ്ടി ഇനിയും മുമ്പോട്ട ഇറങ്ങുവാൻ ധൈര്യപ്പെടാത്ത നിലയിലുള്ള പാഠങ്ങളത്രെ ഇക്കഴിഞ്ഞ സന്ധിപരിശ്രമങ്ങളുടെയെല്ലാം ചരിത്രവും, അവയുടെ പരാജയവും ഏവരേയും പഠിപ്പിച്ചുകഴിഞ്ഞിരിക്കുന്നത്. തന്മൂലം "ഇവിടത്തെ യാക്കോബായസഹോദരങ്ങൾക്ക് കത്തോലിക്കാസഭയല്ലാതെ ഇതരരക്ഷാമാർഗ്ഗം ഒന്നുംതന്നെ ഇല്ലെ"ന്ന് യാക്കോബായസഭയിൽ വിലയും നിലയുമുള്ളവരും, സ്ഥാപിതതാല്പര്യമില്ലാത്തവരുമായ സകലരും പരസ്യമായും രഹസ്യമായും ഇതിനകം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു.

ഇങ്ങനെ ഏതു നിലയിൽക്കൂടെ നോക്കിയാലും ഇക്കേരളത്തിലെ അഞ്ചു ലക്ഷം യാക്കോബ്യർക്ക് കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള എല്ലാ പ്രതിബന്ധങ്ങളും ദൂരീകരിക്കപ്പെടുകയും, സകല സാഹചര്യങ്ങളും പരിതസ്ഥിതികളും ഒത്തിണങ്ങിക്കിട്ടുകയുംചെയ്തിട്ട് ഇപ്പോൾ വർഷങ്ങൾ അനേകം കഴിഞ്ഞിരിക്കുന്നു. എങ്കിലും ഇതിനോടകം പുനരൈക്യപ്പെട്ടിട്ടുള്ള യാക്കോബ്യരുടെ സംഖ്യ മുപ്പതിനായിരംപോലുമില്ലെന്നു പുനരൈക്യപുരോഗതിയെ ആഗ്രഹിക്കുന്ന ഒരുവനു ലജ്ജയോടും സങ്കടത്തോടുംകൂടെയല്ലാതെ എങ്ങനെ പ്രസ്താവിക്കുവാൻ സാധിക്കും? കത്തോലിക്കാ പുനരൈക്യത്തിനുള്ള സാഹചര്യങ്ങളുടെ ആനുകൂല്യവും, പുനരൈക്യപ്പെട്ടിട്ടുള്ളവരുടെ സംഖ്യയും തുലനംചെയ്യുന്ന വേദപ്രചാരാസക്തനായ ഒരു കത്തോലിക്കൻ വിസ്മയഭരിതനായിത്തീരുന്നുവെങ്കിൽ അതിനു അത്ഭുതത്തിനവകാശമില്ല. ആകയാൽ യാക്കോബായ സഹോദരങ്ങളുടെ ദൃഷ്ടിയിൽ പുനരൈക്യവീഥിയിലെ വിലങ്ങുതടികളായി നിലകൊള്ളുന്ന കാരണങ്ങൾ ഏവയെല്ലാമെന്നുള്ളതു സൂക്ഷ്മതരണത്തിൽ ചിന്തനീയംതന്നെ.

---

എന്റെ കഴുത്തിലുണ്ടായ പഴുപ്പിനു ബ. അൽഫോൻസാമ്മയുടെ സഹായത്താൽ കുറവുകിട്ടിയതിനു ഉപകാരസ്മരണ. കെ. ബാലകൃഷ്ണൻ നായർ,
2nd ബററാലിയൻ, "എ" കമ്പനി,
സ്പെഷൽ ആർമ്ഡ് പോലീസ്,
കരിംനഗർ, നൈസാം സ്റ്റേററ്.

---

## ബ. ചിറേറത്താഴത്തച്ചൻ
# നിര്യാതനായി

ഇടവകഭരണത്തിനുശേഷം സ്വദേശമായ ആമ്പല്ലൂർ വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന റവ. ഫാ. ഫ്രാൻസിസ് ചിറേറത്താഴത്ത് ഏപ്രിൽ 26-ാംനു വെളുപ്പിനു, 72-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.



ശവസംസ്കാരകർമ്മം അന്നു വൈകുന്നേരം റവ. ഫാ. ഐസക് പൂതനങ്ങാടി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും പല വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. റവ. ഫാ ജോസഫ് വിതയത്തിലാണ് ചരമപ്രഭാഷണം നടത്തിയത്.

പരേതനായ വന്ദ്യ വൈദികൻ 1878-ൽ ഭൂജാതനായി കാൻഡി പേപ്പൽ സെമിനാരിയിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1907-ൽ വൈദികപട്ടം സ്വീകരിച്ചു അനന്തരം എറണാകുളം തിരുഹൃദയപ്പെററിസെമിനാരിയിൽ ലത്തീൻ പ്രൊഫസറായും, ഉദയംപേരൂർ, എറണാകുളം, കുഴുപ്പിള്ളി, മുഴിക്കുളം, മലയാറ്റൂർ, കോക്കമംഗലം, എട്ടാട്ട്, കുലശേഖരമംഗലം, പാണാവള്ളി, കീഴൂർ മുതലായ ഇടവകകളിൽ വികാരിയായും ജോലിനോക്കിയിട്ടുണ്ട്. സൽഗുണസമ്പന്നനും പരോപകാരതൽപരനും സർവ്വോപരി ദൈവഭക്തനുമായിരുന്ന ഈ വന്ദ്യവൈദികന്റെ നിര്യാണത്തിൽ സന്തപ്തചിത്തരായിരിക്കുന്ന ഏവരേയും അനുശോചിക്കുകയും പരേതന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു. R. I. P.

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിപക്ക് ബ്രാഞ്ച് - എറണാകുളം

വിമർശനവീഥി

# മാതാവിന്റെ അമലോത്ഭവം

നമ്മുടെ ചോദ്യകാരൻ ദേവമാതാവിന്റെ അമലോത്ഭവത്തേയും പാപമില്ലായ്മയേയും കുറിച്ചു സംശയങ്ങൾ ചോദിക്കുന്നുണ്ടു്. "ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു, ഇങ്ങനെയെല്ലാവരും പാപംചെയ്കയിൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" എന്ന പൗലോസ് ശ്ലീഹായുടെ റോമാക്കാർക്കുള്ള ലേഖനത്തിലെ വാക്യം ഉദ്ധരിച്ചുകൊണ്ടു "ഈ പറയുന്ന പാപികളിൽ യേശുവിന്റെ അമ്മയും ഉൾപ്പെട്ടിട്ടില്ലയോ" എന്നു ചോദിക്കുന്നു. അനന്തരം വിശുദ്ധ ആഗുസ്തീനോസ്, മഹാനായ ഗ്രീഗരി മാർപ്പാപ്പ, മൂന്നാം ഇന്നസെന്റു മാർപ്പാപ്പ, ഇവരുടെ ഓരോ വാക്യം തന്റെ സംശയത്തിനു താങ്ങായി ഉദ്ധരിച്ചിട്ടുമുണ്ടു്.

## തിരുസ്സഭയുടെ പ്രഖ്യാപനം

ദേവമാതാവിന്റെ അമലോത്ഭവത്തെപ്പറ്റി കത്തോലിക്കർക്കുള്ള വിശ്വാസത്തിന്റെ ശരിയായ സ്വഭാവം മനസ്സിലാക്കാത്തതുകൊണ്ടാണ് പ്രോട്ടസ്റ്റന്റുകാർ മുതലായവർ അതിനെപ്പറ്റി സാമാന്യമായി ആക്ഷേപം പുറപ്പെടുവിക്കാറുള്ളതു്. 1854 ഡിസംബർ 8-ാംനു-യാണ് മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി തിരുസ്സഭ പ്രഖ്യാപിച്ചതു്. അതു സംബന്ധിച്ചു 9-ാം പീയൂസ് മാർപ്പാപ്പാ പ്രസിദ്ധപ്പെടുത്തിയ തിരുവെഴുത്തിൽ അമലോത്ഭവത്തെ നിർവ്വചനംചെയ്തിരിക്കുന്നതിങ്ങനെയാണ്:

"ഏറ്റവും പരിശുദ്ധ കന്യകാമറിയം, ഗർഭധാരണം ചെയ്യപ്പെട്ട ആദ്യനിമിഷത്തിൽത്തന്നെ, സർവ്വശക്തനായ ദൈവത്തിന്റെ അനന്യസാധാരണമായ പ്രസാദവരത്താലും പ്രത്യേകാനുകൂല്യത്താലും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ സമ്മാനാർഹതകളെ ആധാരമാക്കി, ഉത്ഭവപാപത്തിന്റെ സകലമാലിന്യങ്ങളിൽനിന്നും ഒഴിവാക്കപ്പെട്ടു. ഈ തത്വം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതാകുന്നു. തന്മൂലം സകല വിശ്വാസികളും ഉറപ്പായും ഇടവിടാതെയും വിശ്വസിക്കേണ്ടതുമാകുന്നു."

ഈ വാക്കുകളിൽ ആദ്യമായി ശ്രദ്ധിക്കേണ്ടതു് മാതാവിന്റെ അമലോത്ഭവം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട തത്വമാണെന്നുള്ളതത്രെ. ദൈവം വെളിപ്പെടുത്തിയിട്ടുള്ള സകല തത്വങ്ങളും വിശ്വസിക്കുവാൻ മനുഷ്യർക്കു കടമയുണ്ടല്ലോ. മാതാവിന്റെ അമലോത്ഭവം ദൈവം വെളിപ്പെടുത്തിയ തത്വങ്ങളിൽ ഉൾപ്പെട്ടതാണെന്നു വിശ്വാസികളെ ഔദ്യോഗികമായി അറിയിക്കുകയും അക്കാരണത്താൽ അതിൽ വിശ്വസിക്കുവാൻ അവർക്കു കടമയുണ്ടെന്നു ഉദ്ബോധിപ്പിക്കുകയുമാണ് തിരുസ്സഭ ചെയ്തിരിക്കുന്നതു്. ദൈവവെളിപാടു തെറ്റുകൂടാതെ മനുഷ്യരെ പഠിപ്പിക്കുവാൻ ദൈവംതന്നെ സ്ഥാപിച്ചിട്ടുള്ള അദ്ധ്യാപികയാണ് കത്തോലിക്കാസഭയെന്നു കത്തോലിക്കർ സകാരണം വിശ്വസിക്കുന്നു. ആ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണ് മാതാവിന്റെ അമലോത്ഭവം ദൈവവെളിപാടിൽ ഉൾപ്പെട്ടതാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നതു്. തന്മൂലം അവരുടെ പ്രസ്തുത വിശ്വാസം യുക്തിയുക്തമാകുന്നു. പ്രോട്ടസ്റ്റന്റുകാരും മറ്റും കത്തോലിക്കാസഭയെപ്പറ്റി അങ്ങനെ വിശ്വസിക്കുന്നില്ല. ആകയാൽ മാതാവിന്റെ അമലോത്ഭവത്തിൽ അവർ വിശ്വസിക്കാത്തതിൽ ആശ്ചര്യപ്പെടാനുമില്ല. അവരുടെ ഈ അവിശ്വാസത്തിന്റെ മൗലികമായ അബദ്ധം കിടക്കുന്നതു് കത്തോലിക്കാസഭയെപ്പറ്റിയുള്ള അവരുടെ അവിശ്വാസത്തിലാണ്.

## അമലോത്ഭവമെന്തു്?

അമലോത്ഭവമെന്നു പറയുന്നതിന്റെ അർത്ഥം ഉത്ഭവപാപത്തിന്റെ സകല മാലിന്യങ്ങളിൽനിന്നും ഒഴിവാക്കപ്പെടുകയെന്നതാണെന്നും ഉദ്ധൃത വാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉത്ഭവപാപത്തിന്റെ സ്വഭാവത്തെപ്പറ്റി പ്രോട്ടസ്റ്റന്റുകാർക്കു പൊതുവിൽ അബദ്ധമായ ധാരണയാണുള്ളതു്. അതിന്റെ ഫലമായി അമലോത്ഭവത്തിന്റെ സ്വഭാവത്തേയും അവർ തെറ്റായി ധരിച്ചിരിക്കുന്നു. ആദത്തിന്റെ സന്താനങ്ങളായ സകല മനുഷ്യരും മാതാക്കളുടെ ഉദരത്തിൽ ഗർഭധാരണംചെയ്യപ്പെടുന്ന ആദ്യനിമിഷത്തിൽത്തന്നെ ആത്മാവിൽ പ്രസാദവരം ഉള്ളവരായിരിക്കണമെന്നായിരുന്നു ദൈവത്തിന്റെ ആദ്യത്തെ നിശ്ചയം. മനുഷ്യവർഗ്ഗത്തിന്റെ തലവനും പ്രതിനിധിയുമായി നിയമിക്കപ്പെട്ടിരുന്ന ആദം ദൈവകല്പനയെ ലംഘിച്ചു പാപംചെയ്തപ്പോൾ ആ ദൈവനിശ്ചയത്തിനു ഭംഗംവന്നു. ആദംചെയ്ത പാപത്തിന്റെ ദുഷ്ഫലമായി സന്താനങ്ങളായ സകല മനുഷ്യരും അവരുടെ മാതാക്കളുടെ ഉദരത്തിൽ ഗർഭധാരണം ചെയ്യപ്പെടുമ്പോൾ ആത്മാവിൽ ദൈവപ്രസാദം ഇല്ലാത്തവരായിരിക്കുമെന്നുള്ള ദുരവസ്ഥ വന്നുചേർന്നു. ഗർഭധാരണം ചെയ്യപ്പെടുന്ന ആദ്യനിമിഷത്തിൽത്തന്നെ ആത്മാവിൽ ദൈവപ്രസാദം ഇല്ലാതിരിക്കുകയെന്ന ദുരവസ്ഥയാണ് ഉത്ഭവപാപം. എല്ലാ മനുഷ്യരും ഈ ദുരവസ്ഥയ്ക്കു വിധേയരായിരിക്കുന്നു. ആത്മാവിൽ പ്രസാദവരം ഇല്ലാത്തവരായിട്ടാണ് അവർ മാതാക്കളുടെ ഉദരത്തിൽ ഉത്ഭവിക്കുന്നതു്. ഇങ്ങനെ ആദത്തിന്റെ സന്താനങ്ങളായ എല്ലാ മനുഷ്യരും ഉത്ഭവപാപത്തിൽ ഉൾപ്പെട്ടവരാണെന്നാണ് ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വിശുദ്ധ പൗലോസിന്റെ വാക്കുകളുടെ അർത്ഥം. അദ്ദേഹം സാമാന്യനിയമമാണ് രേഖപ്പെടുത്തിയിരിക്കുന്നതു്. ആദത്തിന്റെ സന്താനമെന്ന നിലയിൽ പരിശുദ്ധ കന്യകാമറിയവും ഈ സാമാന്യനിയമത്തിനു വിധേയയാണ്. എന്നാൽ സാമാന്യനിയമത്തിന്റെ പ്രയോഗത്തിൽ വ്യത്യസ്തതയുണ്ടാകാമല്ലോ. മറിയത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു വ്യത്യസ്തത ദൈവം അനുവദിച്ചു. അതാണ് മാതാവിന്റെ അമലോത്ഭവം.

## എന്തുകൊണ്ടു് അമലോത്ഭവ?

ഈ വ്യത്യസ്തത മാർപ്പാപ്പായുടെ തിരുവെഴുത്തിലെ ഉദ്ധൃതവാക്യങ്ങളിൽ സ്പഷ്ടമായും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ദൈവം അനന്യസാധാരണമായ ആനുകൂല്യത്താലും ലോകരക്ഷകനായ മിശിഹാ തന്റെ കുരിശുമരണത്താൽ സമ്പാദിച്ച അർഹതകളെ വീക്ഷിച്ചുകൊണ്ടും മറിയത്തെ പ്രസ്തുതസാമാന്യനിയമത്തിന്റെ പ്രയോഗത്തിൽനിന്നും ഒഴിവാക്കിയെന്നാണു പറഞ്ഞിരിക്കുന്നതു്. താൻ ഏർപ്പെടുത്തിയ സാമാന്യനിയമത്തിന്റെ പ്രയോഗത്തിൽനിന്നു ആരെയെങ്കിലും ഒഴിവാക്കുവാൻ ദൈവത്തിനു അധികാരമുണ്ടല്ലോ. പരിശുദ്ധ മറിയത്തെ അങ്ങനെ ഒഴിവാക്കി. അതിനു പ്രത്യേകകാരണവുമുണ്ടു്. പാപത്തെ ഹനിക്കുവാൻവന്ന, പാപം തീണ്ടുവാൻപോലും നിവൃത്തിയില്ലാത്ത, ദിവ്യരക്ഷകൻ തന്റെ ശരീരം തന്റെ മാതാവിൽനിന്നാണു സ്വീകരിക്കേണ്ടിയിരുന്നതു്. മാതാവിന്റെ ധമനികളിൽക്കൂടി സഞ്ചരിച്ചിരുന്ന രക്തമാണ് ദിവ്യരക്ഷകന്റേയും ധമനികളിൽക്കൂടി സഞ്ചരിക്കേണ്ടിയിരുന്നതു്. തന്മൂലം ഉത്ഭവത്തിൽവച്ചുതന്നെ മാതാവു പാപരഹിതയായിരിക്കേണ്ടതു് സമുചിതം മാത്രമായിരുന്നു. ആത്മാവിൽ പ്രസാദവരം ഇല്ലാതിരിക്കുക എന്ന ദുരവസ്ഥ ഉത്ഭവത്തിന്റെ ആദ്യനിമിഷത്തിൽപ്പോലും മാതാവിൽ ഉണ്ടാകാതിരിക്കേണ്ടതു് കേവലം ആവശ്യംമാത്രമായിരുന്നു. തന്മൂലം അമ്മയുടെ ഉദരത്തിൽ ഉരുവാക്കപ്പെട്ട തന്റെ ശരീരത്തോടു ദൈവസൃഷ്ടിയായ ആത്മാവു് യോജിച്ച ആദ്യനിമിഷത്തിൽ, മറിയം പ്രസാദവരത്തോടുകൂടിയവളായിരുന്നു. ഇതാണ് അമലോത്ഭവം. സഭാപിതാവായ വിശുദ്ധ ആഗുസ്തീനോസ് ഈ യുക്തിതന്നെയാണ് മറിയത്തിന്റെ പരിപൂർണ്ണമായ പാപരാഹിത്യത്തിനു താങ്ങായി ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. "പാപം ചർച്ചാവിഷയമാകുമ്പോൾ, നമ്മുടെ കർത്താവിനോടുള്ള ബഹുമാനംനിമിത്തം, പരിശുദ്ധ കന്യകാമറിയത്തിന്റെ കാര്യം ഉൾപ്പെടുത്തുവാൻ ഞാൻ സമ്മതിക്കുകയില്ല" എന്നാണദ്ദേഹം പറഞ്ഞിട്ടുള്ളതു്.

## സഭാപാരമ്പര്യം

വെളിപാടു വരമൊഴിയായി വേദപുസ്തകത്തിലടങ്ങിയിരിക്കുന്നതിനുപുറമെ, വാമൊഴിയായി സഭാപാരമ്പര്യത്തിലും അടങ്ങിയിട്ടുണ്ടെന്നു ഒന്നിലധികം പ്രാവശ്യം ഈ ലേഖനപരമ്പരയിൽ ഞങ്ങൾ പറഞ്ഞിട്ടുള്ളതു് ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ആദിമസഭാപിതാക്കന്മാരിൽത്തന്നെ പ്രാമാണികന്മാരായ അനേകംപേർ മാതാവിന്റെ പരിപൂർണ്ണമായ പാപരാഹിത്യത്തെ പ്രകീർത്തിച്ചിട്ടുണ്ടു്. ഈ വസ്തുതതന്നെ പ്രസ്തുതതത്വം വാമൊഴിയായ വെളിപാടിൽ, അതായതു് സഭാപാരമ്പര്യത്തിൽ അടങ്ങിയിട്ടുള്ളതാണെന്നു തെളിയിക്കുന്നു. വിശുദ്ധ ഇറനിയോസ് (140—205) പറയുന്നതു കേട്ടാലും. "ഹവ്വ അനുസരണക്കേടിനാൽ തനിക്കും മനുഷ്യവർഗ്ഗത്തിനു മുഴുവനും മരണത്തിനു കാരണമായതുപോലെ, ദിവ്യരക്ഷകനെ വഹിക്കുകയും അതേസമയംതന്നെ കന്യകയായിരിക്കുകയുംചെയ്ത മറിയം തന്റെ അനുസരണയാൽ തനിക്കും മനുഷ്യവർഗ്ഗത്തിനു മുഴുവനും രക്ഷയ്ക്കു കാരണമായി." മറിയത്തെ ഹവ്വായോടു് താരതമ്യം ചെയ്തിരിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമാണ്. ആദത്തെപ്പോലെ തന്നെ ഹവ്വായും ദൈവപ്രസാദത്തോടുകൂടിയാണല്ലോ സൃഷ്ടിക്കപ്പെട്ടതു്. അതുപോലെ മറിയവും സൃഷ്ടിക്കപ്പെട്ട നിമിഷത്തിൽത്തന്നെ ആത്മാവിൽ പ്രസാദവരമുള്ളവളായിരുന്നുവെന്നു, അഥവാ അമലോത്ഭവയായിരുന്നുവെന്നു താല്പര്യം. സുറിയാനിസഭയിലെ പിതാവായ വിശുദ്ധ എഫ്രേം (306—373) മാതാവിനെ പ്രകീർത്തിച്ചിട്ടുള്ളതിൽ അമലോത്ഭവം ഉൾപ്പെടുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ വാക്കുകൾക്കു അർത്ഥമില്ലതന്നെ. "മറിയം അധഃപതനത്തിനു മുൻപുള്ള ഹവ്വായെപ്പോലെതന്നെ നിഷ്കളങ്കയായിരുന്നു; പാപത്തിന്റെ സകല മാലിന്യങ്ങളിൽനിന്നും ഏറ്റവുമധികം ഒഴിവാക്കപ്പെട്ട കന്യകയായിരുന്നു; സ്രാപ്പേമാലാഖമാരെക്കാൾ പരിശുദ്ധയായിരുന്നു; പരിശുദ്ധാത്മാവിന്റെ മുദ്രിതമായ ഉറവയായിരുന്നു; ദൈവത്തിന്റെ നിർമ്മലമായ വിത്തായിരുന്നു; ശരീരത്തിലും ആത്മാവിലും എപ്പോഴും നിർമ്മലയായിരുന്നു (Immacmulate)."

സഭാപിതാക്കന്മാർ ഉത്ഭവത്തിലും ജീവിതത്തിലും മറിയം നിശ്ശേഷം പാപരഹിതയാണെന്നുള്ള വിശ്വാസത്തിനു സൂചനകളായി വേദപുസ്തകത്തിലെ ചില വാക്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അവ മാർപ്പാപ്പായുടെ പ്രസ്തുത തിരുവെഴുത്തിലും എടുത്തുകാണിച്ചിരുന്നു. അവയിലൊന്നു് ആദത്തിന്റെ പാപത്തിനുശേഷം സർപ്പത്തെ ശപിച്ചുകൊണ്ടു് ദൈവം ഉച്ചരിച്ച വാക്കുകളാണ് (സൃഷ്ടി 3—15). ആ വാക്കുകളിൽ സർപ്പവും സ്ത്രീയും തമ്മിലും, സർപ്പത്തിന്റേയും സ്ത്രീയുടേയും സന്താനങ്ങൾ തമ്മിലും ദൈവം ശത്രുതയുളവാക്കുമെന്നും, സ്ത്രീ സർപ്പത്തിന്റെ തലയെ തകർക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നതു്. പിതാക്കന്മാരുടെ വ്യാഖ്യാനമനുസരിച്ചു് ഈ സ്ത്രീ മറിയവും സ്ത്രീയുടെ സന്താനം ദിവ്യരക്ഷകനുമാണ്. ദിവ്യരക്ഷകനും അവിടുത്തെ മാതാവും പിശാചിന്റെ ശത്രുക്കളായിരിക്കുമെന്നു പറഞ്ഞിരിക്കുന്നതു് യഥാർത്ഥമാകണമെങ്കിൽ മിശിഹായെപ്പോലെ മറിയവും ഉത്ഭവത്തിലും ജീവിതത്തിലും പാപമില്ലാത്ത, പ്രസാദവരത്തോടുകൂടിയ ആളായിരിക്കണമല്ലോ. എന്നാൽ മാത്രമല്ലേ മറിയവും പിശാചിന്റെ തലയെ തകർത്തുവെന്നു പറയുവാൻ പാടുള്ളൂ? മറിയത്തിനു ഇതെല്ലാം സാധിച്ചതു് തന്റെ ശക്തിയാലല്ല, പ്രത്യുത മാർപ്പാപ്പായുടെ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ദൈവത്തിന്റെ അനന്യസാധാരണമായ അനുഗ്രഹത്താലും മിശിഹാ സമ്പാദിച്ച അർഹതകളുടെ ഫലമായും ആണ്.

## എതിർസാക്ഷ്യങ്ങൾ

"ആദാമിൽനിന്നും ഉത്ഭവിച്ച മറിയം പാപം മുഖാന്തിരം മരിച്ചു"വെന്നു വിശുദ്ധ ആഗുസ്തീനോസ് പറഞ്ഞിട്ടുണ്ടെങ്കിൽ അതു, മുകളിൽ കാണിച്ചവിധം ആ പിതാവുതന്നെ വാദിക്കുന്ന, മറിയത്തിന്റെ പാപരാഹിത്യത്തിനു ബാധകമല്ല. മിശിഹാ തന്റെ മനുഷ്യസ്വഭാവത്തിൽ ആദത്തിൽനിന്നും ഉത്ഭവിച്ച ആളാണല്ലോ. ആദത്തിന്റെ പാപം നിമിത്തമാണ് അവിടുന്നു മരിക്കാനിടയായതു്. എന്നുവച്ചു മിശിഹാ പാപമുള്ളവനായിരുന്നുവെന്നു വരുന്നില്ലല്ലോ. അതുപോലെതന്നെ മറിയത്തിന്റെ കാര്യവും. തന്റെ തിരുക്കുമാരനോടു് എല്ലാകാര്യങ്ങളിലും ആനുരൂപ്യം വഹിച്ച മറിയം തിരുക്കുമാരനെപ്പോലെതന്നെ മരണത്തിനും വിധേയയായി. "ക്രിസ്തുമാത്രമേ പാപംകൂടാതെ ജനിച്ചിട്ടുള്ളു" എന്ന വാക്യത്തിനു് രണ്ടർത്ഥമുള്ളതു് വിവേചിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമാത്രം സ്വശക്തിയാൽ പാപം കൂടാതെ ജനിച്ചു. മറിയം ക്രിസ്തുവിന്റെ ശക്തിയാൽ പാപം കൂടാതെ ജനിച്ചു. ഇതാണല്ലോ കത്തോലിക്കരുടെ വിശ്വാസം. "ഹവ്വ പാപമില്ലാതെ ഉണ്ടാക്കപ്പെട്ടു." അതായതു് പാപം മനുഷ്യരിൽ ഉണ്ടാകുന്നതിനുമുൻപു് ഹവ്വ പ്രസാദവരത്തോടുകൂടി സൃഷ്ടിക്കപ്പെട്ടു. "മറിയം പാപത്തിൽ ഉണ്ടാക്കപ്പെട്ടു." അതായതു് പാപം മനുഷ്യവർഗ്ഗത്തിൽ ഉളവായശേഷം മറിയം ഉണ്ടാക്കപ്പെട്ടു. ഈ അർത്ഥമല്ലാതെ മറിയത്തിന്റെ പാപരാഹിത്യത്തിനു ബാധകമായ അർത്ഥം മൂന്നാം ഇന്നസെന്റു മാർപ്പാപ്പ പ്രസ്തുത വാക്കുകൾക്കു വിവക്ഷിച്ചിട്ടുണ്ടെന്നു ഊഹിക്കുവാൻപോലും നിവൃത്തിയില്ല. പിതാക്കന്മാർ സ്പഷ്ടമായിപ്പറയുന്നതും സമ്മതിക്കുന്നതുമായ വിശ്വാസത്തിനു യോജിക്കുന്ന വിധത്തിൽ വേണം അവരുടെ സംശയഗ്രസ്തങ്ങളായ വാക്കുകൾ വ്യാഖ്യാനിക്കാനെന്നുള്ളതു സാമാന്യബുദ്ധി ആവശ്യപ്പെടുന്ന വ്യാഖ്യാനപ്രമാണമാണല്ലോ.

---

## വിരഹം

മലബാർമെയിൽ, സത്യദീപം, പൗരനീതി, ദീനബന്ധു, മലയാളമനോരമ മുതലായ പത്രങ്ങളുടെ ഏജന്റും ലേഖകനുമായ എം. എ. മാത്യു, പെരുമ്പടപ്പ എഴുതുന്നതു്.

എന്റെ പ്രിയപ്പെട്ട പുത്രി രണ്ടരവയസ്സുള്ള ലീനാമ്മ അതിസാരദീനത്താൽ മാതൃഗൃഹമായ കുമ്പളങ്ങി മണ്ണാളി വീട്ടിൽവച്ചു ഈ മാസം 24-ാംനു- തിങ്കളാഴ്ച രാവിലെ എട്ടരമണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഈ ദുഃഖസംഭവത്തിൽ നേരിട്ടു സംബന്ധിച്ചു അനുശോചനം പ്രകടിപ്പിച്ചിട്ടുള്ള ബ: വൈദികരോടും ബന്ധുമിത്രാദികളോടും ഞാൻ ഹൃദയപൂർവ്വം നന്ദിപ്രകാശിപ്പിക്കുന്നതോടുകൂടി എന്റെ ബന്ധത്തിലും പരിചയത്തിലും ഉള്ള പലരേയും ഈ ദുഃഖവാർത്ത യഥാകാലം അറിയിപ്പാൻ സാധിക്കാതെവന്നതിൽ ഖേദിക്കുകയും ഇതുമൂലം അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

കുമ്പളങ്ങി
26—4—1950 } ടി. മാത്യു

# Sathya Deepam

Vol 23 | Ernakulam May 3 1956 | No 34

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം
## XXI

### കൂദാശാഘടകങ്ങൾ

ഏതെങ്കിലുമൊരു പാപം പറഞ്ഞു കുമ്പസാരിക്കുവാൻ ആർക്കെങ്കിലും മടി തോന്നുന്നുള്ള ഒരുപക്ഷെ കുമ്പസാരക്കാരൻ അതു പുറത്തുപറഞ്ഞെങ്കിലോ എന്ന ഭയംകൊണ്ടായിരിക്കാം. എന്നാൽ ഇത്തരം ആശങ്ക കേവലം അടിസ്ഥാനരഹിതമാണ്. കുമ്പസാരരഹസ്യത്തെപ്പോലെ ഭദ്രമായൊരു രഹസ്യം ഭൂമുഖത്തില്ല. അതിന്റെ ഭദ്രത അഭംഗമായി പാലിപ്പാൻ തിരുസഭ ഏർപ്പെടുത്തിട്ടുള്ള ചട്ടങ്ങളും നിയമങ്ങളും അതിവകർശങ്ങളും, വിട്ടുവീഴ്ചയില്ലാത്തവയുമാണ്. അതിനാൽ പ്രായമായി സൂക്ഷിക്കേണ്ട സംഗതികളെക്കുറിച്ചു "കുമ്പസാരരഹസ്യംപോലെ" എന്നു സാധാരണ പറഞ്ഞുവരാറുള്ളതു വെറുതെയല്ല. കുമ്പസാരമെന്ന കൂദാശയുടെ സ്ഥാപനത്തിനുശേഷം ഏതെങ്കിലുമൊരു വൈദികൻ കുമ്പസാരരഹസ്യം പരസ്യമാക്കിയതായി സഭയുടെ സുദീർഘവും സംഭവബഹുലവുമായ ചരിത്രത്തിൽ ഒരിടത്തും കാണുകയില്ല. ഈ വിഷയത്തിലുള്ള ഈശ്വരപരിപാലനയുടെ പ്രവർത്തനം അതിമാത്രം അത്ഭുതാവഹമാണ്.

പാപസങ്കീർത്തനത്തിന്റെ പരിശുദ്ധിയെയും, അതിൽ വിശ്വാസികൾക്കുണ്ടായിരിക്കേണ്ട പരിപൂർണ്ണമായ വിശ്വാസത്തെയും നിരാക്ഷേപമായി പരിപാലിപ്പാൻ ദൈവപരിപാലന ശ്രദ്ധമായിരിക്കുന്നതുപോലെ, തിരുസഭയും പല നിശിതമായ നിഷ്കർഷകളും ചെയ്തിട്ടുണ്ട്. പാരാവിൽ അടയ്ക്കപ്പെടേണ്ടിവന്നാലും, നിഷ്ഠുരപീഡനങ്ങൾ സഹിക്കേണ്ടിവന്നാലും, ക്രൂരമരണം കൈവരിക്കേണ്ടിവന്നാലും, ഒരു പുരോഹിതൻ കുമ്പസാരത്തിൽ കേട്ട കാര്യങ്ങൾ വെളിപ്പെടുത്തുവാൻ ഒരിക്കലും മുതിർന്നിട്ടില്ല; മുതിരുകയുമില്ല. കുമ്പസാരരഹസ്യം പാലിപ്പാൻ വേണ്ടി രക്തസാക്ഷികളായി മരിച്ചിട്ടുള്ളവർ ചുരുക്കമല്ല. വി. യോഹന്നാൻ നപ്പുമുസിന്റെ ചരിത്രം പ്രസിദ്ധമാണല്ലോ.

14-ാം ശതാബ്ദത്തിൽ ബൊഹീമിയായിൽ പ്രേഗ് എന്ന സ്ഥലത്താണ് ഈ വിശുദ്ധൻ ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ ജീവിതപരിശുദ്ധിയെക്കുറിച്ചു കേട്ടറിഞ്ഞ ഭക്തയായ ചക്രവർത്തിനി അദ്ദേഹത്തെ സ്വന്തം കുമ്പസാരക്കാരനായി തിരഞ്ഞെടുത്തു. സഹധർമ്മിണിയെക്കുറിച്ചു ചില സംശയങ്ങളുണ്ടായതിനാൽ ചക്രവർത്തി അവരുടെ കുമ്പസാരരഹസ്യം വെളിപ്പെടുത്തുവാൻ വി. യോഹന്നാനെ നിർബന്ധിച്ചു. ചതുരുപായങ്ങൾ പ്രയോഗിച്ചിട്ടും പുണ്യവാൻ അചഞ്ചലനായിനിന്നതേയുള്ളൂ. ഇതിൽ പരം കുപിതനായ ചക്രവർത്തി വിശുദ്ധനെ നദിയിലെറിഞ്ഞു കൊല്ലുവാൻ കല്പനയായി. ഇങ്ങനെയാണ് വി. യോഹന്നാൻ കുമ്പസാരരഹസ്യത്തിന്റെ രക്തസാക്ഷിയായി തിരുസഭയിൽ വണങ്ങപ്പെടുവാനിടയായത്.

ഇക്കാലത്തുതന്നെ നാസികളുടേയും കമ്മ്യൂണിസ്റ്റുകളുടേയും സഭാമർദ്ദനചരിത്രത്തിൽ ഇതുപോലുള്ള വീരകഥകൾ നിരവധിയാണ്. കുമ്പസാരത്തിൽ കേട്ടപാപങ്ങൾ പരസ്യമാക്കപ്പെടുമെന്നുള്ള ആശങ്കയെയും സംശയത്തെയും പാടെ ദൂരീകരിപ്പാൻ പ്രസ്തുതസംഭവങ്ങൾ ശക്തിയുക്തം സഹായിക്കാതിരിക്കയില്ല.

(പി. കെ.)



തിടനാട്ട് ചെറുപുഷ്പമിഷൻലീഗ് പ്രവർത്തനാംഗങ്ങളും ഡയറക്ടർ റവ. ഫാ. ജോസഫ് പെരുന്നോലിയും.

## On Hatred

It is not uncommon to hear or read this statement made about individuals: "He, (or she) has not spoken to s -and-so for years" The one snubbed may be a brother or a si t r, a former friend or co-worker, or a next door neighbour of the one about whom the remark is made. And the remark reveals one of the most destructive weaknesses that can be charged against the character of a human being.

Not to speak to a person to whom one is bound by some tie or association is a public way of showing that one hates that person. It is a way of making that person suffer, because everybody smarts under contempt. It is a way of trying to hurt that person's reputation, because not speaking to someone is a way of saying to others that he is unworthy of recognition. It is a way, therefore, of taking continuous revenge, of inflicting punishment and enforcing atonement for his misdeeds.

Such hatred is usually defended by those guilty of it on the score that the one hated has so deeply and cruelly wronged them that it would be impossible or irrational to forgive. In reality, however, not speaking to others manifests a childish spiritual immaturity, and a total lack of Christian principles or action.

It is, spiritually speaking, acting like a child, because the worst insult and greatest injury that another can inflict on one should not be permitted to disturb his soul in its quest of salvation. Rather, it should remind him of how much he himself has offended God, and of how greatly he is in need of God's forgiveness. Not to speak to another over a long period of time is like making the foolish statement: "I am absolutely perfect; I need no forgiveness, not even God's; therefore he who wrongs me deserves to be cut off from my consideration for ever." That is nothing but self-destructive pride.

Not speaking to others for weeks or months or years manifests a total lack of Christian principle and virtue. It is as simple as this: Christ clearly and distinctly excluded from His followers and His redemption any human being who will not forgive an enemy. Not to speak to those whom one c nsiders enemies for any reason (unless, of course, they refuse to be spoken to or make every greeting an occasion for a quarrel) is publicly to state that one is no longer a Christian, and that one does not need or want the merits of Christ.

From *The Liguorian*

"ഹിന്ദിശിക്ഷക"

ഇൻഡ്യൻ പാർലിമെന്റ് സ്പീക്കർ ശ്രീ ജി. വി. മൗലങ്കറുടെ അഭിപ്രായം:—

പ്രിയപ്പെട്ട പണ്ഡിററ് ജോസഫ്,

നിങ്ങളുടെ "ഹിന്ദിശിക്ഷക്" എന്ന പുസ്തകം ഞാൻ സശ്രദ്ധം വായിച്ചു. ഹിന്ദിഭാഷയുമായി ജനങ്ങളെ അടുപ്പിക്കുന്നതിനു് അഭിനന്ദനാർഹമായ പരിശ്രമമാണ് നിങ്ങൾ നടത്തിയിട്ടുള്ളതു്. ഹിന്ദി ഇൻഡ്യയുടെ ഔദ്യോഗികഭാഷയാക്കാൻ തീരുമാനിച്ചിട്ടുള്ള ഈ ഘട്ടത്തിൽ നിങ്ങളുടെ ഈ പ്രസിദ്ധീകരണം തികച്ചും അവസരോചിതമായിട്ടുണ്ട്. ഈ ഗ്രന്ഥം സശ്രദ്ധം പഠിക്കുന്ന ഏതൊരാൾക്കും ഹിന്ദിയിൽ ആശയവിനിമയം ചെയ്യുവാൻ സാധിക്കും.

വിജയാശംസകളോടെ

ജി. വി. മൗലങ്കർ.

വില 8 ണ.

"സുന്ദർ കഹാനിയാം"

by Pandit C. V. Joseph

R. B. V. P. H. P.

വില 10 ണ.

ആവശ്യപ്പെടുക.

പണ്ഡിററ് സി. വി. ജോസഫ്

ററീച്ചർ, ഹൈസ്കൂൾ, തേവര.

*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam